
MYTHRI

# കാറൽ മാർക്സ്

# ഗോഥാപരിപാടിയെക്കുറിച്ചുള്ള വിമർശനം





## ഉള്ളടക്കം


[illegible]

[illegible]

[illegible]
[illegible]

അനുബന്ധം – 1
[illegible]

അനുബന്ധം – 2
[illegible]
[illegible]

## ഉള്ളടക്കം

ഫ്രെഡറിക് എംഗൽസിന്റെ ആമുഖം 9

വിൽഹെം ബ്രാക്കെക്കയച്ച കത്ത് 12

ജർമ്മൻ വർക്കേഴ്സ് പാർടിയുടെ
പരിപാടിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ 15

അനുബന്ധം – 1
എംഗൽസ് ബേബലിനെഴുതിയ കത്ത് 43

അനുബന്ധം – 2
ഫ്രെഡറിക് എംഗൽസ് കെ. കൗട്സ്കിക്ക്
എഴുതിയ കത്ത് 54

# ഫ്രെഡറിക് എംഗൽസിന്റെ

## ആമുഖം

ഇവിടെ പ്രസിദ്ധീകരിക്കുന്ന കൈയെഴുത്തു പ്രതി – കരട് പരിപാടിയെക്കുറിച്ചുള്ള വിമർശനത്തോടൊപ്പം വിൽഹെം ബ്രാക്കെക്കെഴുതിയ കവറിങ്ങ് ലെറ്ററും ഗൈബിനും ആവൂറിനും ബേബലിനും ലീബ്ക് നെഹ്റ്റിനും വായിക്കാൻ നൽകിയ ശേഷം തിരികെ മാർക്സിന് എത്തിക്കണമെന്ന നിർദ്ദേശത്തോടുകൂടി ഗോഥാ ഐക്യ കോൺഗ്രസ്സിന് തൊട്ടുമുൻപ് 1875ൽ ബ്രാക്കെയ്ക്ക് അയച്ചതായിരുന്നു. ഹാലെ പാർടി കോൺഗ്രസ് പാർടിയുടെ അജണ്ടയിൽ ഗോഥാ പരിപാടിയെക്കുറിച്ചുള്ള ചർച്ച നടത്താൻ തീരുമാനിച്ചതിനെ തുടർന്ന്, ഈ ചർച്ചയിൽ ഏറെ പ്രസക്തമായ – ഒരുപക്ഷേ,മറ്റെന്തിനെക്കാളും പ്രാധാന്യമുള്ള–ഈ സുപ്രധാന രേഖ പ്രസിദ്ധീകരിക്കാതെ ഇനിയും അധികകാലം തടഞ്ഞുവെയ്ക്കുന്നത് തികച്ചും തെറ്റാണെന്ന് ഞാൻ കരുതുന്നു; അക്കാര്യത്തിൽ എനിക്ക് കുറ്റബോധം തോന്നുന്നു.

എന്നാൽ ഈ കൈയെഴുത്ത് പ്രതിക്ക് അതിലും ഏറെ പ്രാധാന്യമുള്ളതും ദൂരവ്യാപകമായ ഫലങ്ങളുളവാക്കുന്നതുമായ മറ്റൊരു പ്രസക്തിയും കൂടിയുണ്ട്. ഇവിടെ ഇതാദ്യമായി ലസ്സാൽ സ്വീകരിച്ചിരുന്ന നയത്തിനോടുള്ള മാർക്സിന്റെ നിലപാട് സുവ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് അത്. ലസ്സാലിന്റെ സാമ്പത്തിക സിദ്ധാന്തങ്ങളെയും അയാളുടെ അടവുകളെയും സംബന്ധിച്ചെല്ലാമുള്ള–തുടക്കം മുതൽ അയാൾ സ്വീകരിച്ചിരുന്ന നയത്തെ സംബന്ധിച്ച് കരട് സുവ്യക്തമായും സുദൃഢമായും തന്റെ നിലപാട് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

എത്രത്തോളം കർക്കശവും കണിശവും വിട്ടുവീഴ്ചയില്ലാത്ത

വിധത്തിലുമാണ് ഈ കരട് പരിപാടി കിറിമുറിച്ചുള്ള പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. ഈ പരിശോധനാഫലമായി ലഭിച്ച വിവരങ്ങൾ എത്ര നിർദ്ദാക്ഷണ്യമായാണ് അർത്ഥശങ്കയ്ക്കിടയില്ലാതെ പ്രസ്താവിച്ചിട്ടുള്ളത്, കരട് പരിപാടിയിലെ ന്യൂനതകൾ തൊലിപൊളിച്ച് കാട്ടപ്പെട്ടിരിക്കുന്നത് എങ്ങനെയാണ് എന്നിവയെല്ലാം തന്നെ ഇന്ന്, 15 വർഷത്തിനു ശേഷവും പ്രസക്തവും സാധുവുമാണ്. കടുത്ത ലസ്സാൽ പക്ഷക്കാർ ഇപ്പോൾ ഒറ്റപ്പെടുത്തപ്പെട്ടവരായി വിദേശങ്ങളിൽ ചേക്കേറിക്കഴിഞ്ഞിരിക്കുന്നു. ഗോഥാപരിപാടിയെ വേണ്ടത്ര പോര എന്ന നിലയിൽ അതിന്റെ ജനയിതാക്കൾ തന്നെ ഹാലെ കോൺഗ്രസ്സിൽ കൈവെടിയുകയാണ്.

എന്നിരുന്നാലും, രൂക്ഷമായ ചില വ്യക്തിഗത അഭിപ്രായ പ്രകടനങ്ങളും വിലയിരുത്തലുകളും, അവയ്ക്ക് വേണ്ടത്ര പ്രസക്തി ഇല്ലാത്ത ഇടങ്ങളിൽ, ഞാൻ ഒഴിവാക്കിയിട്ടുണ്ട്. അത്തരം സ്ഥലങ്ങളിൽ പകരം കുറേ കുത്തുകൾ ഇട്ടിട്ടുണ്ട്. ഈ കൈയെഴുത്തുപ്രതി മാർക്സ് തന്നെ ഇന്ന് പ്രസിദ്ധീകരിക്കുമായിരുന്നെങ്കിൽ അദ്ദേഹവും ഇങ്ങനെയേ ചെയ്യുമായിരുന്നുള്ളു. ചില ഖണ്ഡികകളിലെ ഭാഷയിലെ കർക്കശത്വം രണ്ട് സാഹചര്യങ്ങളിൽ പ്രകോപനം ഉണ്ടാക്കുന്നതായിരുന്നു. ഒന്നാമതായി മാർക്സും ഞാനും ജർമ്മൻ പ്രസ്ഥാനവുമായി മറ്റാരെക്കാളും ഉറ്റബന്ധം പുലർത്തിയിരുന്നു;ആയതിനാൽ, ഈ കരട് പരിപാടിയിലൂടെ പ്രകടിപ്പിക്കപ്പെട്ട നിസ്സംശയമായും പ്രതിലോമപരമായ നിലപാടുകൾ ഞങ്ങളെ വല്ലാതെ ക്ഷോഭിപ്പിക്കുകയുണ്ടായി. രണ്ടാമതായി, അന്ന് ഇന്റർനാഷണലിന്റെ ഹേഗ് കോൺഗ്രസ് കഴിഞ്ഞ് കഷ്ടിച്ച് രണ്ട് വർഷം തികഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളു;[4] ബക്കുനിനും അയാളുടെ അരാജകവാദികളായ കൂട്ടാളികൾക്കും എതിരായി ഞങ്ങൾ ആ കാലത്ത് രൂക്ഷമായ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു; ജർമ്മനിയിലെ തൊഴിലാളി പ്രസ്ഥാനത്തിൽ സംഭവിച്ചതിനെല്ലാം ഞങ്ങളാണ് ഉത്തരവാദികൾ എന്നായിരുന്നു ബക്കുനിന്റെയും കൂട്ടരുടെയും നിലപാട്. അതു കൊണ്ടുതന്നെ ഈ പരിപാടിയുടെയും രഹസ്യപൈതൃകം ഞങ്ങൾ ഏറ്റെടുക്കേണ്ടതായി വരും എന്നത് ഞങ്ങൾക്ക് ഉറപ്പായിരുന്നു. ഈ സ്ഥിതിവിശേഷം ഇപ്പോൾ നിലവിലില്ല; അതുകൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട ഖണ്ഡികകൾ ഇപ്പോൾ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല.

പത്രനിയമം നിലവിലുള്ള കാരണം ചില വാക്യങ്ങൾ ഒഴിവാക്കാൻ നിർബന്ധിതമായിരിക്കുന്നു; ആ സ്ഥാനങ്ങളിലും പകരം കുത്തുകൾ ഇട്ടിട്ടുണ്ട്. വളരെ ലഘുവായ ചില അഭിപ്രായപ്രകടനങ്ങൾ നടത്തേണ്ടതായി വന്നപ്പോൾ, ഞാൻ അവയെ ചതുര ബ്രാക്കറ്റിനുള്ളിൽ ഒതുക്കിയിട്ടുണ്ട്. ഇത്തരം ചില കാര്യങ്ങളൊഴികെ ബാക്കി പൂർണ്ണമായും മൂലകൃതിയിലെ എല്ലാ വാക്കുകളും ഒരു മാറ്റവും

കൂടാതെ പുനഃപ്രസിദ്ധീകരിക്കുകയാണിവിടെ.

ലണ്ടൻ, 1891 ജനുവരി 6
എംഗൽസ് എഴുതിയത്
1891 ൽ 'ന്യൂയെ സൈറ്റ്' ജേണലിൽ
പ്രസിദ്ധീകരിച്ചത്.

1962 ൽ മോസ്കോയിലെ
വിദേശ ഭാഷാ പ്രസിദ്ധീകരണ
ശാല പ്രസിദ്ധീകരിച്ച
മാർക്സ്–എംഗൽസ്
തെരഞ്ഞെടുത്ത കൃതികൾ
രണ്ടാം വാല്യത്തിൽ നിന്ന്
പരിഭാഷപ്പെടുത്തിയത്.

# കാറൽ മാർക്സ്
# വിൽഹെം ബ്രാക്കെക്കയച്ച കത്ത്

ലണ്ടൻ
1875 മെയ് 5

പ്രിയപ്പെട്ട ബ്രാക്കെ,

ഐക്യ പരിപാടിയെ സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള വിമർശനക്കുറിപ്പുകൾ വായിച്ച ശേഷം അവ ഗൈബ്, ആവുർ, ബേബൽ, ലീബ്ക് നെഹ്റ്റ് എന്നിവർക്ക് എത്തിച്ചു കൊടുക്കാനുള്ള സൗമനസ്യം കാണിക്കണമെന്ന് താൽപര്യപ്പെടുന്നു. അവരത് പരിശോധിക്കട്ടെ. ഞാനിപ്പോൾ വളരെയേറെ ജോലിത്തിരക്കിലാണ്. മാത്രമല്ല, ഡോക്ടർമാർ അനുവദിച്ചു തന്ന പരിധി ഞാനിപ്പോൾ തന്നെ അതിലംഘിച്ചിരിക്കുകയുമാണ്. അതുകൊണ്ട് ഇത്രയേറെ നീണ്ട ഒരു കത്ത് എഴുതുകയെന്നത് തെല്ലും 'സുഖകരമായ' കാര്യമല്ലോ. എങ്കിലും പിന്നീട് ഞാൻ കൈക്കൊള്ളുന്ന നടപടികളെ പാർടിയിലെ നമ്മുടെ സുഹൃത്തുക്കൾ ദുർവ്യാഖ്യാനിക്കാതിരിക്കാൻ അത് അത്യാവശ്യമായിവന്നു. അവരെ ഉദ്ദേശിച്ചാണ് ഇത് എഴുതിയത്.

ഈ താത്വിക പരിപാടിയിൽ നിന്ന് തികച്ചും വിഭിന്നമാണ് ഞങ്ങളുടെ നിലപാടെന്നും ഞങ്ങൾക്ക് ഇതുമായി യാതൊരു ബന്ധവുമില്ലെന്നും വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ചെറിയ പ്രസ്താവന, ഐക്യ കോൺഗ്രസ് കൂടിയതിനു ശേഷം എംഗൽസും ഞാനും ചേർന്ന് പ്രസിദ്ധീകരിക്കുന്നതാണ്.

അത് ഒഴിവാക്കാനാവാത്തതാണ്. കാരണം, ഐസനാക്ക് പാർട്ടി 5 എന്ന് അറിയപ്പെടുന്ന പ്രസ്ഥാനത്തിന് ഞങ്ങൾ ഇവിടെ ഇരുന്നുകൊണ്ട് രഹസ്യമായി മാർഗനിർദ്ദേശം നൽകുകയാണെന്ന തികച്ചും തെറ്റായ ഒരഭിപ്രായം പുറത്താകെ പരന്നിട്ടുണ്ട്. പാർടിയുടെ ശത്രുക്കളാകട്ടെ അതിനെ അതീവ ജാഗ്രതയോടെ പോറ്റി വളർത്തുകയും ചെയ്യുന്നുണ്ട്. ഉദാഹരണത്തിന് ഈയിടെ പ്രസിദ്ധീകരിക്ക

പ്പെട്ട ഒരു റഷ്യൻ പുസ്തകത്തിൽ, ആ പാർടിയുടെ എല്ലാ പരിപാടികളുടെയും ഉത്തരവാദി ഞാനാണെന്ന് ബക്കുനിൻ ചിത്രീകരിച്ചിരിക്കുന്നു; മാത്രമല്ല ലിബ്ക് നെഹ്റ്റ് പീപ്പിൾസ് പാർടി 6 യുമായി സഹകരിക്കാൻ തുടങ്ങിയ കാലം മുതൽ അദ്ദേഹം കൈക്കൊണ്ടിട്ടുള്ള എല്ലാ നടപടികൾക്കും ഞാനാണ് ഉത്തരവാദിയെന്നുംകൂടി ആ പുസ്തകത്തിൽ ബുക്കുനിൻ പറഞ്ഞിരിക്കുന്നു.

മാത്രമല്ല, പാർടിയുടെ വീര്യം കെടുത്തുന്ന തികച്ചും അനുചിതമായ ഒരു പരിപാടിക്ക് നയതന്ത്രപരമായ മൗനത്തിലൂടെ പോലും അംഗീകാരം നൽകാതിരിക്കുന്നത് എന്റെ കടമായാണെന്നും ഞാൻ കരുതുന്നു.

യഥാർത്ഥ പ്രസ്ഥാനത്തിന്റെ ഓരോ ചുവട്‌വെയ്പ്പും ഒരു ഡസൻ പരിപാടികളെക്കാൾ ഏറെ പ്രധാനപ്പെട്ടതാണ്. ആയതിനാൽ, ഐസ്നാക്ക് പരിപാടിക്ക് അപ്പുറത്തേക്ക് കടക്കാൻ സാധ്യമായിരുന്നില്ലെങ്കിൽ–സാഹചര്യങ്ങൾ അതിനനുവദിച്ചില്ലെങ്കിൽ–പൊതു ശത്രുവിനെതിരായ നടപടികൾ സംബന്ധിച്ചുള്ള ഒരു കരാറിൽ എത്തിയാൽ മാത്രം മതിയായിരുന്നു. എന്നാൽ, താത്വികമായ ഒരു പരിപാടിക്ക് രൂപം നൽകുക വഴി (വളരെക്കാലം നീണ്ടുനിൽക്കുന്ന സംയുക്തപ്രവർത്തനത്തിലൂടെ അനുയോജ്യമായ വഴിയൊരുക്കുന്നതു വരെ നീട്ടി വയ്ക്കുന്നതിനു പകരം) പാർടി പ്രസ്ഥാനത്തിന്റെ നിലവാരമളക്കാനുള്ള നാഴികക്കല്ലുകൾ ലോകത്തിന്റെ ആകെ മുന്നിൽ അവതരിപ്പിച്ചിരിക്കുകയാണിപ്പോൾ. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലമാണ് ലസ്സാലിയൻ' നേതാക്കന്മാർ ഇപ്പോൾ വന്നിരിക്കുന്നത്. തത്വങ്ങളെക്കുറിച്ച് വിലപേശൽ നടത്തുന്ന പ്രശ്നമേയില്ലെന്ന് ആദ്യമേതന്നെ അവരോട് പറഞ്ഞിരുന്നെങ്കിൽ ഒരു കർമ്മ പരിപാടിയോ സംയുക്ത നടപടികൾക്കുള്ള സംഘടനാ പദ്ധതികൾ കൊണ്ടോ അവർക്ക് തൃപ്തിപ്പെടേണ്ടിവരുമായിരുന്നു. ഇതിനു പകരം, മാൻഡേറ്റുകളുമായി വരാൻ അവരെ അനുവദിക്കുകയും ആ മാൻഡേറ്റുകളുടെ നിർബന്ധിത സ്വഭാവം അംഗീകരിക്കുകയും ചെയ്യുക വഴി സ്വന്തം നിലനിൽപിനു തന്നെ മറ്റുള്ളവരുടെ സഹായം ആവശ്യമായവരുടെ ദയാദാക്ഷണ്യങ്ങൾക്ക് വഴങ്ങിക്കൊടുക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇതിനെല്ലാം മകുടം ചാർത്തുമാറ്, അവർ *ഒത്തുതീർപ്പ് കോൺഗ്രസ്സിന് മുൻപ്* തന്നെ ഒരു കോൺഗ്രസ് വിളിക്കുകയുമാണ്; സ്വന്തം പാർടിയാകട്ടെ അതിന്റെ കോൺഗ്രസ് ചേരുന്നത് എല്ലാം കഴിഞ്ഞ ശേഷവുമാണ്. എല്ലാ വിമർശനങ്ങളെയും അവഗണിക്കാനും അവനവന്റെ പാർടിക്ക് ആലോചിക്കാനവസരം നൽകാതിരിക്കാനുമുള്ള വ്യഗ്രത തികച്ചും വ്യക്തവുമാണ്. ഐക്യം ഉണ്ടാകുന്നു എന്ന കേവലമായ വസ്തുത തന്നെ തൊഴിലാളികളെ തൃപ്തിപ്പെടുത്തുമെന്ന് ആർക്കാണറിയാത്തത്? എന്നാൽ നൈമിഷികമായ ഈ നേട്ടത്തിനു വേണ്ടി വളരെ വലിയൊരു വില നൽകിയിട്ടില്ലെന്ന് കരു

തുന്നത് തന്നെ പരമ അബദ്ധമാണ്.

ഈ പരിപാടി ലസ്സാലിയൻ വിശ്വാസപ്രമാണങ്ങൾക്ക്[8] പവിത്രത കൽപിച്ചിരിക്കുകയാണെന്നതൊഴിച്ചാൽ, മറ്റെല്ലാ കാര്യങ്ങളെ സംബന്ധിച്ചും അത് തികച്ചും മോശപ്പെട്ട ഒന്നാണെന്നു കൂടി കൂട്ടത്തിൽ പറയട്ടെ.

സമീപ ഭാവിയിൽ തന്നെ ഞാൻ താങ്കൾക്ക് മുലധനത്തിന്റെ ഫ്രഞ്ച് പതിപ്പിന്റെ[9] അവസാന ഭാഗങ്ങൾ എത്തിച്ചു തരുന്നതാണ്. ഫ്രഞ്ച് സർക്കാരിന്റെ നിരോധനം കാരണം, അതിന്റെ അച്ചടിക്ക് വലിയ കാലതാമസം നേരിട്ടു. ഈയാഴ്ച അവസാനത്തോടുകൂടിയോ അടുത്ത ആഴ്ചയുടെ ആരംഭത്തിലോ സംഗതി പൂർത്തിയാകും. മുമ്പത്തെ ആറു ഭാഗങ്ങൾ താങ്കൾക്ക് കിട്ടിക്കഴിഞ്ഞോ? ദയവായി ബേൺ ഹാർഡ് ബെക്കറുടെ മേൽവിലാസം എനിക്ക് അയച്ചുതരണം. അവസാന ഭാഗങ്ങൾ അയാൾക്കും അയച്ചുകൊടുക്കേണ്ടതുണ്ട്.

*വോൾത്സ്റ്റാറ്റിന്റെ* പുസ്തകക്കടയിൽ[10] കാര്യങ്ങൾ നടത്തുന്നത് വളരെ വിചിത്രമായ രീതിയിലാണ്. ഉദാഹരണത്തിന്, ഈ നിമിഷം വരെ കൊളോൺ കമ്യൂണിസ്റ്റ് വിചാരണയുടെ ഒരു കോപ്പി പോലും എനിക്കവർ അയച്ചു തന്നിട്ടില്ല.

ശുഭാശംസകളോടെ<br>
സ്വന്തം<br>
കാറൽ മാർക്സ്

# കാറൽ മാർക്സ്
# ജർമ്മൻ വർക്കേഴ്സ് പാർടിയുടെ പരിപാടിയെക്കുറിച്ചുള്ള അഭിപ്രായക്കുറിപ്പുകൾ

## I

1 "സമസ്ത സമ്പത്തിന്റേയും സമസ്ത സംസ്ക്കാരത്തിന്റേയും ഉറവിടം അധ്വാനമാണ്. പ്രയോജനപ്രദമായ അധ്വാനം സമൂഹത്തിലും സമൂഹം മുഖേനയും മാത്രമേ സാധ്യമാകു എന്നതിനാൽ അധ്വാനഫലം അൽപവും കുറയാതെ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ഒരേ പോലെ അവകാശപ്പെട്ടതാണ്."

ഖണ്ഡികയുടെ ആദ്യഭാഗം: 'സമസ്ത സമ്പത്തിന്റേയും സമസ്ത സംസ്ക്കാരത്തിന്റേയും ഉറവിടം അധ്വാനമാണ്."

അധ്വാനം സമസ്ത സമ്പത്തിന്റേയും ഉറവിടമല്ല. പ്രകൃതിയും അധ്വാനത്തോളം തന്നെ ഉപയോഗമൂല്യങ്ങളുടെ (ഭൗതിക സമ്പത്തിലടങ്ങിയിരിക്കുന്നത് തീർച്ചയായും അവയാണല്ലോ) ഉറവിടമാണ്. അധ്വാനം തന്നെ മനുഷ്യാധ്വാനശക്തി എന്ന പ്രകൃതിശക്തിയുടെ ഒരു പ്രകട ഭാവം മാത്രമാണ്. എല്ലാ ബാലപാഠപുസ്തകങ്ങളിലും കാണാവുന്ന ഒരു വാക്യമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. അനുബന്ധ വസ്തുക്കളും ഉപകരണങ്ങളും കൊണ്ടാണ് അധ്വാനം നടത്തുന്നതെന്ന വസ്തുത അതിൽ വിവക്ഷിച്ചിട്ടുള്ളതിനാൽ അത് ശരിയുമാണ്. എന്നാൽ ഇത്തരം ബൂർഷ്വാ പദപ്രയോഗങ്ങൾക്ക് അർത്ഥം നൽകുന്ന സാഹചര്യങ്ങളെപ്പറ്റി പരാമർശിക്കാതെ മൗനം പാലിക്കാൻ ഒരു സോഷ്യലിസ്റ്റ് പരിപാടിക്കാവില്ല. അധ്വാനത്തിന്റെ എല്ലാ ഉപകരണങ്ങളുടേയും പൊരുളിന്റെയും (Subject) പ്രാഥമിക ഉറവിടമായ

പ്രകൃതിയോട് തുടക്കം തൊട്ടു തന്നെ ഉടമസ്ഥനെന്ന നിലയ്ക്കാ
തന്റെ വകയെന്ന നിലയ്ക്കാണ്, മനുഷ്യൻ പെരുമാറിപ്പോന്നിട്ടുള്ള
ത്. അതിനാൽ അവന്റെ അധ്വാനം ഉപയോഗമൂല്യങ്ങളുടെയും അത്
കൊണ്ടുതന്നെ സമ്പത്തിന്റെയും സ്രോതസ്സായിത്തീരുന്നു. അധ്വാ
ത്തിന് പ്രകൃത്യാതീതമായ സർഗാത്മകശക്തി ഉണ്ടെന്ന് തെറ്റായി
അവകാശപ്പെടുന്നതിന് ബൂർഷ്വാസിക്ക് തക്കതായ കാരണമുണ്ട്.
എന്തെന്നാൽ, അധ്വാനം പ്രകൃതിയെ ആശ്രയിച്ചിരിക്കുന്നതിനാൽ,
തന്റെ അധ്വാനശക്തിയൊഴികെ മറ്റൊന്നും സമസ്ത സാഹചര്യ
ങ്ങളിലും അധ്വാനത്തിന്റെ ഭൗതികോപാധികളുടെ ഉടമകളുടെ
അടിമകളായിരിക്കണമെന്നു വരുന്നു. അവന് ഉടമകളുടെ
അനുവാദത്തോടെ മാത്രമേ പണിയെടുക്കാൻ കഴിയൂ; അതായത്,
അവരുടെ അനുവാദത്തോടെ മാത്രമേ ജീവിക്കാൻ കഴിയൂ
എന്നർത്ഥം.

ആ വാക്യം അങ്ങനെ തന്നെ നിൽക്കട്ടെ; കൃത്യമായി
പറഞ്ഞാൽ മുടന്തി തന്നെ നിൽക്കട്ടെ. അതിൽ നിന്നും പ്രതീക്ഷി
ക്കാവുന്ന നിഗമനം എന്തായിരിക്കും? സ്പഷ്ടമായും അത്
ഇങ്ങനെയായിരിക്കും:

"അധ്വാനം സമസ്ത സമ്പത്തിന്റേയും ഉറവിടമായതുകൊണ്ട്
സമ്പത്തിനെ അധ്വാനത്തിന്റെ ഉൽപന്നമെന്ന നിലയിലല്ലാതെ
സമൂഹത്തിൽ ആരും സ്വായത്തമാക്കിക്കൂട. ആയതിനാൽ സ്വന്തമായി
പണിയെടുക്കാത്ത ഒരാൾ മറ്റുള്ളവരുടെ അധ്വാനം കൊണ്ട്
ജീവിക്കുന്നയാളാണ് എന്നർത്ഥം. മാത്രമല്ല, അയാൾ സംസ്കാരം
ആർജിക്കുന്നതും മറ്റുള്ളവരുടെ അധ്വാനത്തിന്റെ ചെലവിലാണ്
എന്നുവരുന്നു."

ഇതിനുപകരം, "എന്നതുകൊണ്ട്" എന്നൊരു പദപ്രയോഗം
കൂടിനടത്തി മറ്റൊരു പ്രമേയം കൂടി അവതരിപ്പിച്ചിരിക്കുന്നു.
ആദ്യത്തേതിൽ നിന്നല്ലാതെ രണ്ടാമത്തേതിൽ നിന്ന് നിഗമനത്തി
ലെത്തുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്.

ഖണ്ഡികയുടെ രണ്ടാം ഭാഗം : "പ്രയോജനപ്രദമായ അധ്വാനം
സമൂഹത്തിലും സമൂഹം മുഖേനയും മാത്രമേ സാധ്യമാകൂ."

ആദ്യത്തെ പ്രമേയമനുസരിച്ച്, അധ്വാനം സമസ്ത
സമ്പത്തിന്റേയും സമസ്ത സംസ്കാരത്തിന്റേയും ഉറവിടമാണ്.
അതുകൊണ്ടുതന്നെ അധ്വാനം കൂടാതെ ഒരു സമൂഹത്തിനും
നിലനിൽക്കാൻ കഴിയില്ല. നേരെമറിച്ച്, ഇപ്പോഴാവട്ടെ, സമൂഹത്തെ
കൂടാതെ "പ്രയോജനപ്രദമായ" യാതൊരു വിധ അധ്വാനവും
സാധ്യമല്ലെന്നാണ് നമ്മോട് പറയുന്നത്.

സമൂഹത്തിൽ മാത്രമേ പ്രയോജന രഹിതമെന്നു മാത്രമല്ല സമൂഹത്തിനു തന്നെ ദോഷകരവുമായ അധ്വാനത്തിന് ലാഭകരമായ ഒരു തൊഴിലാവാൻ കഴിയൂ എന്നും സമൂഹത്തിൽ മാത്രമേ അലസരായി ജീവിക്കാൻ കഴിയൂ എന്നും മറ്റും ഇതുപോലെ തന്നെ പറയാവുന്നതാണ്. ചുരുക്കത്തിൽ, റൂസ്സോയുടെ വാക്കുകൾ അതേപടി പകർത്തി വയ്ക്കാവുന്നതാണ്.

എന്താണീ "പ്രയോജനപ്രദമായ" അധ്വാനം? പ്രയോജന പ്രദമായ ഉദിഷ്ട ഫലം നൽകുന്ന അധ്വാനമല്ലാതെ മറ്റൊന്നുമല്ല അത്. ഒരു മൃഗത്തെ കല്ലുകൊണ്ട് കൊല്ലുകയും കായ്കനികൾ ശേഖരിക്കുകയും മറ്റും ചെയ്തിരുന്ന കിരാതൻ – ആൾക്കുരങ്ങല്ലാതായതിനു ശേഷം മനുഷ്യൻ കിരാതനായിരുന്നല്ലോ – "പ്രയോജന പ്രദമായ അധ്വാനമാണ് ചെയ്യുന്നത്."

മൂന്നാമത് ഉപസംഹാരം : "പ്രയോജനപ്രദമായ അധ്വാനം സമൂഹത്തിലും സമൂഹം മുഖേനയും മാത്രമേ സാധ്യമാകു എന്നതിനാൽ അധ്വാനഫലം അല്പവും കുറയാതെ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ഒരേ പോലെ അവകാശപ്പെട്ടതാണ്."

ഉപസംഹാരം ഗംഭീരമായി! പ്രയോജനപ്രദമായ അധ്വാനം സമൂഹത്തിലും സമൂഹം മുഖേനയും മാത്രമേ സാധ്യമാകു എങ്കിൽ അധ്വാന ഫലങ്ങൾ സമൂഹത്തിന്റെ തന്നെ വകയാണ്. അധ്വാനത്തിന്റെ "ഉപാധി" യായ സമൂഹത്തെ നിലനിർത്താൻ ആവശ്യമില്ലാത്തതു മാത്രമേ ഒരു തൊഴിലാളിക്ക് ആ അധ്വാന ഫലങ്ങളിൽ നിന്ന് ലഭിക്കൂ.

വാസ്തവത്തിൽ, അതാത് കാലത്ത് നിലനിന്ന് പോന്നിട്ടുള്ള സാമൂഹ്യ വ്യവസ്ഥയുടെ വക്താക്കൾ എക്കാലത്തും ഉപയോഗപ്പെടുത്തിയിട്ടുള്ള ഒരു പ്രമേയമാണിത്. ഒന്നാമത്, ഗവണ്മെന്റിന്റേയും അതുമായി ഒട്ടിനിൽക്കുന്ന എല്ലാത്തിന്റേയും അവകാശവാദങ്ങൾ വരുന്നു. കാരണം, സാമൂഹ്യവ്യവസ്ഥയെ നിലനിർത്താനുള്ള സാമൂഹ്യ സ്ഥാപനം അതാണല്ലോ. അടുത്തത്, നാനാതരം സ്വകാര്യസ്വത്തുക്കളുടെ അവകാശവാദങ്ങൾ വരുന്നു. കാരണം നാനാതരം സ്വകാര്യസ്വത്തുക്കളാണല്ലോ സമൂഹത്തിന്റെ അടിത്തറ. കഴമ്പില്ലാത്ത ഇത്തരം പദപ്രയോഗങ്ങളെ എങ്ങനെ വേണമെങ്കിലും വളച്ചും തിരിച്ചും പ്രയോഗിക്കാമല്ലോ.

ഖണ്ഡികയുടെ ഒന്നും രണ്ടും ഭാഗങ്ങൾക്ക് യുക്തിയുക്തമായ എന്തെങ്കിലും പരസ്പരബന്ധമുണ്ടാകുന്നത് താഴെപ്പറയുന്ന രീതിയിൽ എഴുതുമ്പോൾ മാത്രമാണ് :

"അധ്വാനം സമ്പത്തിന്റേയും സംസ്ക്കാരത്തിന്റേയ ഉറവിടമായിത്തീരുന്നത് സാമൂഹ്യ അധ്വാനം എന്ന-അധ്വ അതുതന്നെ മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "സമൂഹത്തില സമൂഹം മുഖേനയും നടത്തുന്ന" അധ്വാനമെന്ന-നിലയ്ക്ക മാത്രമാണ്.

ഈ പ്രമേയം ശരിയാണെന്ന കാര്യം അവിതർക്കിതമാണ കാരണം, ഒറ്റപ്പെട്ട അധ്വാനത്തിന് (അതിനുള്ള ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ടെങ്കിൽ) ഉപയോഗ മൂല്യങ്ങ സൃഷ്ടിക്കാൻ കഴിയുമെങ്കിലും സമ്പത്തോ സംസ്ക്കാരമോ സൃഷ്ടിക്കാൻ കഴിയുകയില്ല.

ഇതേപോലെതന്നെ തർക്കമറ്റ കാര്യമാണ് ചുവടെ ചേർത്തിട്ടുള്ള പ്രമേയവും :

"അധ്വാനം സാമൂഹ്യ അധ്വാനമായി വികസിക്കുകയും അതുവഴി സമ്പത്തിന്റേയും സംസ്ക്കാരത്തിന്റേയും ഉറവിടമായി തീരുകയും ചെയ്യുന്നതനുസരിച്ച് തൊഴിലാളികൾക്കിടയിൽ ദാരിദ്ര്യവും ദുരിതവും വർദ്ധിക്കുകയും തൊഴിലാളികൾ അല്ലാത്തവർക്കിടയിൽ സമ്പത്തും സംസ്ക്കാരവും വികസിക്കുകയും ചെയ്യുന്നു."

ഇന്നേവരെയുള്ള സമസ്ത ചരിത്രത്തിന്റേയും നിയമമാണിത്. അതുകൊണ്ടുതന്നെ, "അധ്വാന"ത്തേയും "സമൂഹ"ത്തേയും കുറിച്ച് സാമാന്യമായ പദപ്രയോഗങ്ങൾ എഴുതിച്ചേർക്കുന്നതിനു പകരം ഇന്നത്തെ മുതലാളിത്ത സമൂഹത്തിൽ ഈ സമൂഹശാപത്തെ ദൂരീകരിക്കാൻ തൊഴിലാളികളെ പ്രാപ്തരും നിർബന്ധിതരുമാക്കുന്ന ഭൗതികവും മറ്റുമായ സാഹചര്യങ്ങൾ ഒടുവിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെങ്ങനെ എന്ന് മൂർത്തമായി തെളിയിക്കുകയാണ് വേണ്ടത്.

എന്നാൽ, "അല്പവും കുറയാത്ത അധ്വാനഫലം" എന്ന ലസ്സാലിയൻ മുദ്രാവാക്യത്തെ പാർടി പതാകക്കുമേൽ എഴുതിപ്പിടിക്കാൻ വേണ്ടി മാത്രമാണ്, ശൈലിയിലും ഉള്ളടക്കത്തിലും പാടെ കുഴച്ചുമറിച്ചിട്ടുള്ള ഈ ഖണ്ഡികയാകെത്തന്നെ ചേർത്തിട്ടുള്ളത് എന്നതാണ് യാഥാർത്ഥ്യം. "അധ്വാനഫലങ്ങൾ", "ഒരേപോലെ അവകാശപ്പെട്ടത്" തുടങ്ങിയവയെക്കുറിച്ച് ഞാൻ പിന്നീട് വീണ്ടും പരാമർശിക്കുന്നതാണ്. കാരണം, ഏറെക്കുറെ വ്യത്യസ്ത രൂപത്തിൽ, ഇതേ കാര്യംതന്നെ പിന്നെയും ആവർത്തിക്കുന്നുണ്ട്.

2. "ഇന്നത്തെ സമൂഹത്തിൽ, അധ്വാനോപകരണങ്ങൾ

മുതലാളിവർഗത്തിന്റെ കുത്തകയാണ്. തൽഫലമായുളവാകുന്ന തൊഴിലാളിവർഗത്തിന്റെ ആശ്രിതത്വമാണ് എല്ലാ രൂപത്തിലുമുള്ള ദുരിതങ്ങളുടെയും അടിമത്തത്തിന്റേയും കാരണം.

ഇന്റർനാഷണലിന്റെ ചട്ടങ്ങളിൽ നിന്ന് കടമെടുത്ത ഈ വാക്യം ഈ "സംശോധിക്കപ്പെട്ട" രൂപത്തിൽ തെറ്റാണ്.

ഇന്നത്തെ സമൂഹത്തിൽ അധ്വാനോപകരണങ്ങൾ ഭൂഉടമകളുടേയും മുതലാളിമാരുടേയും കുത്തകയാണ്. (മൂലധനത്തിന്റെ കുത്തകയുടെ അടിസ്ഥാനം പോലും ഭൂസ്വത്തിന്മേലുള്ള കുത്തകയാണ്). ഇന്റർനാഷണലിന്റെ ചട്ടങ്ങളിലെ, ബന്ധപ്പെട്ട ഖണ്ഡികയിൽ കുത്തകകളായ ഈ രണ്ട് വർഗങ്ങളെക്കുറിച്ച് ഒന്നും പറയുന്നില്ല. "അധ്വാനോപാധികളുടെ അതായത് ജീവിതത്തിന്റെ ഉറവിടങ്ങളെ കുത്തകയാക്കിവെച്ചിട്ടുള്ളവരെ" പറ്റിയാണ് അവയിൽ പറയുന്നത്. അധ്വാനോപകരണങ്ങളുടെ കൂട്ടത്തിൽ ഭൂമിയെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന്, 'ജീവന്റെ ഉറവിടങ്ങൾ' എന്ന് ഉൾപ്പെടുത്തിയിട്ടുള്ളതിൽ നിന്ന് തന്നെ വേണ്ടത്ര വ്യക്തമാണ്.

മുതലാളിവർഗത്തെ മാത്രമേ ലസ്സാൽ എതിർത്തിരുന്നുള്ളൂ; ഭൂവുടമകളെ എതിർത്തിരുന്നില്ല എന്നതിനാലാണ് ഈയൊരു തിരുത്തൽ വരുത്തിയത്. (ലസ്സാൽ ഈ നിലപാട് സ്വീകരിക്കുന്നതിന്റെ കാരണം ഇപ്പോൾ പരക്കെ അറിയാവുന്നതാണ്). ഇംഗ്ലണ്ടിൽ മിക്കപ്പോഴും മുതലാളി തന്റെ ഫാക്ടറി സ്ഥിതിചെയ്യുന്ന ഭൂമിയുടെ പോലും ഉടമയായിരിക്കില്ല.

3. "അധ്വാനോപകരണങ്ങളെ സമൂഹത്തിന്റെ പൊതുസ്വത്താക്കി ഉയർത്തുകയും ആകെയുള്ള അധ്വാനത്തെ കൂട്ടായി ക്രമീകരിക്കുകയും അധ്വാനഫലത്തെ ന്യായമായി വിതരണം ചെയ്യുകയുമാണ് വേണ്ടത്."

"അധ്വാനോപകരണങ്ങളെ പൊതു സ്വത്താക്കി ഉയർത്തുക" എന്നതിനു പകരം അവയെ "പൊതുസ്വത്താക്കി മാറ്റുക" എന്നാണ് വേണ്ടത്. പക്ഷേ ഇത് സന്ദർഭവശാൽ പറഞ്ഞെന്നേയുള്ളൂ.

എന്താണീ "അധ്വാന ഫലം"? അധ്വാനത്തിന്റെ ഉൽപന്നമോ അതിന്റെ മൂല്യമോ? രണ്ടാമത്തേതാണെങ്കിൽ ഉൽപന്നത്തിന്റെ മൊത്തം മൂല്യമോ അതോ ഉപഭോഗം ചെയ്യപ്പെട്ട ഉൽപാദനോപാധികളുടെ മൂല്യത്തോട് അധ്വാനം പുതുതായി കൂട്ടിച്ചേർത്ത മൂല്യാംശം മാത്രമോ?

ഖണ്ഡിതമായ സാമ്പത്തിക ധാരണകളുടെ സ്ഥാനത്ത് ലസ്സാൽ കൊണ്ടുവന്ന ഒരു അഴകൊഴമ്പൻ സങ്കല്പനമാണ് "അധ്വാ

നഫലം" എന്നത്.

"ന്യായമായ ഫലം" എന്നുവച്ചാൽ എന്താണ്?

ഇന്ന് നിലനിൽക്കുന്ന വിതരണക്രമം 'ന്യായ' മാണെന്നല്ലേ ബൂർഷ്വാസി തറപ്പിച്ച് പറയുന്നത്? യഥാർത്ഥത്തിൽ, ഇന്നത്തെ ഉൽപാദനരീതിയുടെ അടിസ്ഥാനത്തിലുള്ള 'ന്യായമായ' വിതരണം മാത്രമല്ലേ ഇത്? നിയമപരമായ ധാരണകളാണോ സാമ്പത്തിക ബന്ധങ്ങളെ ക്രമീകരിക്കുന്നത്. മറിച്ച് നിയമബന്ധങ്ങൾ സാമ്പത്തിക ബന്ധങ്ങളിൽ നിന്ന് ഉളവാക്കുകയല്ലേ ചെയ്യുന്നത്? മാത്രമല്ല, ന്യായമായ വിതരണത്തെപ്പറ്റി സോഷ്യലിസ്റ്റുകാരായ സെക്ടേറിയന്മാർക്ക് പലതരം സങ്കൽപങ്ങളല്ലേ ഉള്ളത്?

ഒന്നാമത്തെ ഖണ്ഡികയും ഈ ഖണ്ഡികയും ഒന്നിച്ചെടുത്താലേ "ന്യായമായ വിതരണം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് നമുക്ക് മനസ്സിലാകു."അധ്വാനോപകരണങ്ങൾ പൊതുസ്വത്തായിരിക്കുകയും ആകെയുള്ള അധ്വാനത്തെ കൂട്ടായി ക്രമീകരിക്കുകയും" ചെയ്യുന്ന ഒരു സമൂഹത്തെക്കുറിച്ചാണ് മൂന്നാമത്തെ ഖണ്ഡികയിൽ പറയുന്നത്. "അധ്വാന ഫലം അല്പവും കുറയാതെ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ഒരേ പോലെ അവകാശപ്പെട്ടതാണ്"എന്നാണ് ഒന്നാമത്തെ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളത്.

"സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കു"മോ? പണിയെടുക്കാത്തവരും അതിൽ ഉൾപ്പെടുമോ? എങ്കിൽ, "അല്പവും കുറയാത്ത അധ്വാനഫലത്തിൽ പിന്നെ എന്താണ് അവശേഷിക്കുക? അതോ അത് സമൂഹത്തിലെ പണിയെടുക്കുന്ന അംഗങ്ങൾക്ക് മാത്രമാണോ? അങ്ങനെയാണെങ്കിൽ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും "ഒരേ പോലെ അവകാശപ്പെട്ടതാ" ണെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

"സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും" എന്നതും "ഒരേ പോലെ അവകാശപ്പെട്ടത്" എന്നതും വ്യക്തമായും കേവലം പദപ്രയോഗങ്ങൾ മാത്രമാണ്. ഈ കമ്യൂണിസ്റ്റ് സമൂഹത്തിൽ ഓരോ തൊഴിലാളിക്കും ലസ്സാലിയൻ "അധ്വാനഫലം" "അല്പവും കുറയാതെ" ലഭിക്കണമെന്നതിലാണ് ഇതിന്റെയാകെ അന്തഃസത്ത അടങ്ങിയിരിക്കുന്നത്.

ആദ്യമേതന്നെ അധ്വാനത്തിന്റെ ഉൽപന്നമെന്ന അർത്ഥം കൽപിച്ചുകൊണ്ട് "അധ്വാനഫലം" എന്ന പ്രയോഗം പരിശോധിക്കാം. അധ്വാനത്തിന്റെ കൂട്ടായ ഫലമായിരിക്കണം മൊത്തം സാമൂഹ്യ ഉൽപാദനം.

ഇതിൽ നിന്ന് ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങൾ കുറയ്ക്കണം.

ഒന്നാമത്, ഉപയോഗിക്കപ്പെട്ടു കഴിഞ്ഞ ഉൽപാദന ഉപാധികൾക്ക് പകരം വെയ്ക്കാൻ വേണ്ടത്.

രണ്ടാമത്, ഉൽപാദനത്തിന്റെ വിപുലീകരണത്തിനു വേണ്ടി അധികമായി കൂട്ടിച്ചേർക്കേണ്ട ഭാഗം.

മൂന്നാമത്, അപകടങ്ങളും പ്രകൃതിക്ഷോഭങ്ങളും മറ്റുമുണ്ടായാൽ വേണ്ടിവരുന്ന കരുതൽ നിധി അഥവാ ഇൻഷ്വറൻസ് ഫണ്ട്.

"അൽപവും കുറയാത്ത അധ്വാനഫലത്തിൽ" നിന്നുള്ള ഈ കുറയ്ക്കലുകൾ സാമ്പത്തികമായ ഒരു അനിവാര്യതയാണ്. ലഭ്യമായ ഉപാധികളും ശക്തികളും അനുസരിച്ചും ഭാഗികമായി സംഭാവ്യതകളെക്കുറിച്ചുള്ള കണക്കുകൂട്ടലുകളനുസരിച്ചുമാണ് അവയുടെ വലിപ്പം നിശ്ചയിക്കേണ്ടത്. എന്നാൽ, തുല്യതയുടെ അടിസ്ഥാനത്തിൽ ഒരു തരത്തിലും അവയെ പരിഗണിക്കാനാവില്ല.

ആകെയുള്ള ഉൽപന്നത്തിൽ നിന്ന് ഇനി അവശേഷിക്കുന്നത് ഉപഭോഗ ഉപാധികൾക്ക് വേണ്ടിവരുന്ന ഭാഗമാണ്.

വ്യക്തികൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നതിന് മുൻപ് ഇതിൽ നിന്ന് വീണ്ടും ചിലതെല്ലാം കുറയ്ക്കേണ്ടതുണ്ട്:

ഒന്നാമത്, ഉൽപാദനവുമായി നേരിട്ട് ബന്ധമില്ലാത്ത പൊതുഭരണ നിർവഹണ ചെലവുകൾ.

തുടക്കം മുതൽ തന്നെ ഈ ഭാഗം ഇന്നത്തെ സമൂഹത്തിലേതിനെ അപേക്ഷിച്ച് ഗണ്യമായി വെട്ടിച്ചുരുക്കപ്പെട്ടിരിക്കും; പുതിയ സമൂഹം വികസിക്കുന്നതിനനുസരിച്ച് അത് കുറഞ്ഞുകുറഞ്ഞ് വരുന്നതാണ്.

രണ്ടാമത്, സ്ക്കൂളുകൾ, ആരോഗ്യ രക്ഷാസ്ഥാപനങ്ങൾ തുടങ്ങിയ ആവശ്യങ്ങൾ പൊതുവായി തൃപ്തിപ്പെടുത്താൻ നീക്കിവെച്ചിട്ടുള്ളത്.

തുടക്കം മുതൽ തന്നെ ഈ ഭാഗം ഇന്നത്തെ സമൂഹത്തിലേതിനെ അപേക്ഷിച്ച് ഗണ്യമായി കൂടുതലായിരിക്കും. പുതിയ സമൂഹം വികസിക്കുന്നതിനനുസരിച്ച് അത് വർദ്ധിച്ചുകൊണ്ടേയിരിക്കും.

മൂന്നാമത്, പ്രവർത്തനശേഷി ഇല്ലാത്തവർക്കും മറ്റും വേണ്ടിയുള്ള- ചുരുക്കത്തിൽ ഇന്ന് ഔദ്യോഗികമായി സാധുജനസഹായമെന്ന് പറയപ്പെടുന്ന വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യ

ങ്ങൾക്കുവേണ്ടിയുള്ള ഫണ്ടുകൾ.

ഇപ്പോൾ മാത്രമാണ് ലസ്സാലിയൻ സ്വാധീനത്താൽ പരിപാടിയിൽ സങ്കുചിതമായ രീതിയിൽ വിഭാവനം ചെയ്തിരിക്കുന്ന "വിതരണ" ത്തിലേക്ക്, അതായത് കൂട്ടായ്മയിലെ ഒറ്റയ്ക്കൊറ്റയ്ക്കുള്ള ഉൽപാദകർക്കിടയിൽ പങ്കുവയ്ക്കപ്പെടുന്ന ഉപഭോഗ ഉപാധികളുടെ ഭാഗത്തിലേയ്ക്ക് നാം കടക്കുന്നത്.

"അല്പവും കുറയാത്ത അധ്വാനഫലങ്ങൾ" അഗോചരമായി ഇതിനകം തന്നെ"കുറവ് വന്ന"ഫലങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും ഒരു സ്വകാര്യവ്യക്തി എന്ന നിലയ്ക്ക് ഉൽപാദകന് കിട്ടാതെ പോയത് സമൂഹത്തിലെ അംഗമെന്ന നിലയ്ക്ക് അയാൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ പ്രയോജനപ്പെടുന്നുണ്ട്.

"അല്പവും കുറയാത്ത അധ്വാന ഫലം" എന്ന പ്രയോഗം അപ്രത്യക്ഷമായതു പോലെതന്നെ ഇപ്പോൾ "അധ്വാനഫലം" എന്ന പ്രയോഗവും പാടെ അപ്രത്യക്ഷമാകുന്നു.

കൂട്ടായ്മ എന്ന തത്വത്തിൽ, ഉൽപാദനോപാധികളുടെ പൊതു ഉടമസ്ഥതയിൽ അധിഷ്ഠിതമായ സമുഹത്തിൽ ഉൽപാദകർ തങ്ങളുടെ ഉൽപന്നങ്ങൾ വിനിമയം ചെയ്യുന്നില്ല. അതുപോലെതന്നെ, ഉൽപന്നങ്ങളുടെ നിർമാണത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്ന അധ്വാനം ഇവിടെ ആ ഉൽപന്നങ്ങളുടെ മൂല്യം എന്ന നിലയ്ക്ക്, അവ സ്വായത്തമാക്കിയിട്ടുള്ള പദാർത്ഥപരമായ ഒരു ഗുണം എന്ന നിലയ്ക്ക്, വളരെക്കുറച്ച് മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളു. കാരണം മുതലാളിത്ത സമൂഹത്തിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ വ്യക്തിഗത അധ്വാനം പരോക്ഷമായി നിലനിൽക്കുന്നില്ല. മൊത്തം അധ്വാനത്തിന്റെ ഒരു ഘടകഭാഗം (component part) എന്ന നിലയ്ക്ക് പ്രത്യക്ഷമായി മാത്രമാണ് അത് നിലനിൽക്കുന്നത്. അങ്ങനെ ഇന്നുതന്നെ അതിന്റെ അവ്യക്തതമൂലം അസ്വീകാര്യമായ "അധ്വാനഫലം" എന്ന പ്രയോഗത്തിന് യാതൊരു അർത്ഥവുമില്ലാതായിത്തീരുന്നു.

നമുക്കിവിടെ കൈകാര്യം ചെയ്യേണ്ടതായി വരുന്നത് സ്വന്തം അടിത്തറയിന്മേൽ വികസിച്ചു വന്നിട്ടുള്ള ഒരു കമ്യൂണിസ്റ്റ് സമൂഹത്തെയല്ല; നേരെമറിച്ച്, മുതലാളിത്ത സമൂഹത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന കമ്യൂണിസ്റ്റ് സമൂഹത്തെയാണ്. തന്മൂലം എല്ലാ വിധത്തിലും-സാമ്പത്തികമായും ധാർമ്മികമായും ബുദ്ധിപരമായും-അതിന്റെ മേൽ ഇപ്പോഴും അതിനു ജന്മം നൽകിയ പഴയ സമൂഹത്തിന്റെ മറുകുകളുണ്ട്. അതുകൊണ്ട് ഓരോ ഉൽപാദകനും സമൂഹത്തിന് അങ്ങോട്ട് എത്ര കൊടുക്കുന്നുണ്ടോ, കൃത്യമായും അത്രതന്നെയാണ്-കിഴിവുകൾ കഴിച്ച്-അതിൽ നിന്ന് തിരിച്ച് ഇങ്ങോട്ട് കിട്ടുന്നത്.

ആവർ സമൂഹത്തിന് നൽകിയിട്ടുള്ളത് തന്റെ വ്യക്തിഗത അധ്വാന ത്തിന്റെ ഓഹരിയാണ്. ഉദാഹരണത്തിന്, ഒരു സാമൂഹ്യ തൊഴിൽ ദിനത്തിൽ അടങ്ങിയിട്ടുള്ളത് വ്യക്തിഗത തൊഴിൽ മണിക്കൂറുകളുടെ ആകെത്തുകയാണ്. ഒറ്റക്കൊറ്റയ്ക്കുള്ള ഓരോ ഉൽപാദകന്റേയും വ്യക്തിഗത തൊഴിൽ സമയം സാമൂഹ്യ തൊഴിൽ ദിനത്തിന് അയാൾ നൽകുന്ന വിഹിതമാണ്; അതിലെ അയാളുടെ ഓഹരിയാണ്. അയാൾ അധ്വാനത്തിന്റെ ഇത്ര അളവ് (പൊതു ഫണ്ടുകളിലേക്കുള്ള അയാളുടെ അധ്വാനം കിഴിച്ചതിനുശേഷം) നൽകിയിരിക്കുന്നുവെന്ന തിനുള്ള ഒരു സർട്ടിഫിക്കറ്റ് അയാൾക്ക് സമൂഹത്തിൽ നിന്ന് ലഭി ക്കുന്നു. ആ സർട്ടിഫിക്കറ്റ് വെച്ച് അയാൾക്ക് ഉപഭോഗോപാധികളുടെ സാമൂഹ്യ കലവറയിൽനിന്ന് അധ്വാനത്തിന്റെ അതേ അളവ് ചെലവ ഴിച്ചിട്ടുള്ള സാധനങ്ങൾ ലഭിക്കുന്നു. അയാൾ ഒരു രൂപത്തിൽ സമൂ ഹത്തിന് അങ്ങോട്ട് കൊടുത്ത അത്രതന്നെ അധ്വാനം മറ്റൊരു രുപ ത്തിൽ അയാൾക്ക് തിരികെ കിട്ടുന്നു.

ചരക്കുകളുടെ വിനിമയത്തെ ക്രമീകരിക്കുന്ന അതേ തത്വം തന്നെയാണ് ഇവിടെയും പ്രാവർത്തികമാകുന്നത്.കാരണം,ആ വിനി മയവും തുല്യമൂല്യങ്ങളുടെ വിനിമയമാണല്ലോ. ഇവിടെ ഉള്ളടക്കവും രൂപവും മാറിയിരിക്കുന്നു. കാരണം, മാറിയ സാഹചര്യങ്ങളിൽ സ്വന്തം അധ്വാനം ഒഴികെ മറ്റൊന്നും തന്നെ നൽകാൻ ആർക്കും സാധ്യമല്ല. മറുവശത്ത്, വ്യക്തിഗത ഉപഭോഗ ഉപാധികളല്ലാതെ മറ്റൊന്നും തന്നെ വ്യക്തികളുടെ ഉടമസ്ഥതയിലേക്ക് മാറ്റാനും സാധ്യമല്ല. വ്യക്തിക ളായ ഉൽപാദകർക്കിടയിൽ ഉപഭോഗോപാധികൾ വിതരണം ചെയ്യു ന്നതിനെ സംബന്ധിച്ചാവട്ടെ, സമമൂല്യമുള്ള ചരക്കുകളുടെ വിനിമ യത്തിലെ അതേ തത്വം തന്നെയാണ് ഇവിടെയും പ്രവർത്തിക്കുന്ന ത്. ഒരു രൂപത്തിലുള്ള അധ്വാനത്തിന്റെ നിശ്ചിത അളവ് മറ്റൊരു രുപ ത്തിലുള്ള അധ്വാനത്തിന്റെ അതേ അളവുമായി വിനിമയം ചെയ്യ പ്പെടുന്നു.

ആയതിനാൽ, ഇവിടെ തുല്യാവകാശം എന്നത് ഇപ്പോഴും തത്വ ത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്-ഒരു ബൂർഷ്വാ അവകാ ശം. എങ്കിലും ഇവിടെ തത്വവും പ്രയോഗവും പരസ്പര വിരുദ്ധമല്ല; ചരക്കുകളുടെ വിനിമയത്തിലാകട്ടെ, സമമൂല്യങ്ങളുടെ വിനിമയം നില നിൽക്കുന്നത് ശരാശരി രൂപത്തിൽ മാത്രമാണ്; ഓരോ പ്രത്യേക ചര ക്കിന്റേയും കാര്യത്തിലല്ല.

ഇതൊരു പുരോഗതിയാണെങ്കിലും ബൂർഷ്വാ പരിമിത തുല്യാ വകാശത്തെ ഇപ്പോഴും സദാ കളങ്കപ്പെടുത്തുന്നുണ്ട്. ഉൽപാദകരുടെ അവകാശം അവർ നൽകുന്ന അധ്വാനത്തിന് ആനുപാതികമാണ്. തുല്യമാനദണ്ഡമായ അധ്വാനത്താൽ അളക്കപ്പെടുന്നു എന്നതിലാണ് തുല്യത അടങ്ങിയിരിക്കുന്നത്.

എന്നാൽ, ഒരാൾ മറ്റൊരാളെക്കാൾ കായികമായോ മാനസി
മായോ കൂടുതൽ മികച്ചവനായിരിക്കും; അല്ലെങ്കിൽ കൂടുതൽ സമയം
അധ്വാനിക്കാൻ കഴിവുള്ളവനായിരിക്കും. അധ്വാനം ഒരു മാനദണ്ഡ
മാവണമെങ്കിൽ അതിന് നിശ്ചിത ദൈർഘ്യമോ തീവ്രതയോ ഉണ്ടാ
യിരിക്കണം. അല്ലാത്ത പക്ഷം അതൊരു മാനദണ്ഡമാവില്ല. തുല്യ
മായ ഈ അവകാശം തുല്യമല്ലാത്ത അധ്വാനത്തെ സംബന്ധിച്ചിട
ത്തോളം തുല്യമല്ല. അത് വർഗ വ്യത്യാസങ്ങളെ അംഗീകരിക്കുന്നി
ല്ല. കാരണം ഓരോരുത്തരും മറ്റേതൊരാളെയും പോലെ തൊഴിലാളി
മാത്രമാണ്. എങ്കിലും അത് തുല്യമല്ലാത്ത വ്യക്തിഗത സിദ്ധികളേയും
തദ്വാരതുല്യമല്ലാത്ത ഉൽപാദനശേഷിയേയും പ്രകൃതി സിദ്ധമായ
വിശേഷ അവകാശങ്ങൾ എന്ന നിലയ്ക്ക് നിശ്ശബ്ദമായി അംഗീകരി
ക്കുന്നുണ്ട്. ആയതിനാൽ, ഉള്ളടക്കത്തിൽ അത് മറ്റേതൊരു അവകാ
ശത്തേയും പോലെ അസമത്വത്തിന്റെ അവകാശമാണ്.
പ്രകൃത്യാതന്നെ അവകാശം അടങ്ങിയിരിക്കുന്നത് തുല്യമാനദണ്ഡം
പ്രയോഗിക്കുന്നതിൽ മാത്രമാണ്. എന്നാൽ, ഒരൊറ്റ വീക്ഷണകോ
ണിലൂടെ നോക്കുമ്പോൾ, ഖണ്ഡിതമായ ഒരൊറ്റ വശം മാത്രം എടു
ക്കുമ്പോൾ മാത്രമേ തുല്യരല്ലാത്ത വ്യക്തികളെ (വ്യക്തികൾ തുല്യ
രല്ലാത്തവരല്ലായിരുന്നെങ്കിൽ അവർ വ്യത്യസ്ത വ്യക്തികളാകുമാ
യിരുന്നില്ല.) തുല്യമായ മാനദണ്ഡം ഉപയോഗിച്ച് അളക്കാൻ കഴിയൂ.
ഉദാഹരണത്തിന്, ഇവിടെ അവരെ തൊഴിലാളികളായി മാത്രമേ പരി
ഗണിക്കുന്നുള്ളു. അതിൽ കൂടുതലായി ഒന്നും അവരിൽ കാണുന്നി
ല്ല. മറ്റെല്ലാം അവഗണിക്കുന്നു. മാത്രമല്ല, ഒരു തൊഴിലാളി വിവാഹി
തനും മറ്റൊരാൾ അവിവാഹിതനുമായിരിക്കും. ഒരാൾക്ക് മറ്റൊരാ
ളേക്കാൾ കൂടുതൽ മക്കൾ ഉണ്ടായിരിക്കാം; അങ്ങനെ ഒരേപോലെ
അധ്വാനിക്കുകയും സാമൂഹ്യ ഉപഭോഗനിധിയിലേക്ക് തുല്യമായി
ഓഹരി നൽകുകയും ചെയ്യുമ്പോൾ തന്നെ ഒരാൾക്ക് ഫലത്തിൽ
മറ്റൊരാളേക്കാൾ കൂടുതൽ കിട്ടുന്നു; ഒരാൾ അപരനെക്കാൾ ധനിക
നാണെന്ന് വരുന്നു. ഈ ന്യൂനതകളെല്ലാം ഒഴിവാക്കണമെങ്കിൽ അവ
കാശം തുല്യമാവുന്നതിനു പകരം തുല്യം ആവാതിരിക്കണം.

എന്നാൽ, കമ്യൂണിസ്റ്റ് സമൂഹത്തിന്റെ ആദ്യഘട്ടത്തിൽ-നീണ്ട
പേറ്റു നോവുകൾക്ക് ശേഷം അത് മുതലാളിത്ത സമൂഹത്തിൽ നിന്ന്
പുറത്തു വന്നിട്ടേ ഉള്ളുവെന്നിരിക്കുമ്പോൾ – ഈ ന്യൂനതകൾ അനി
വാര്യമാണ്. അവകാശം ഒരിക്കലും സമൂഹത്തിന്റെ സാമ്പത്തികഘ
ടനയെക്കാളും അതിനാൽ നിബദ്ധമായ (conditioned) സാംസ്കാ
രിക വികാസത്തെക്കാളും ഉയർന്നതാവാൻ പറ്റില്ല.

കമ്യൂണിസ്റ്റ് സമൂഹത്തിന്റെ കൂടുതൽ ഉയർന്ന ഘട്ടത്തിൽ -
വ്യക്തിയെ തൊഴിൽ വിഭജനത്തിന്റെ അടിമയാക്കുന്ന തരത്തിൽ
അതിനോടുള്ള അയാളുടെ വിധേയത്വവും അതോടൊപ്പം മാനസി
കാധ്വാനവും കായികാധ്വാനവും തമ്മിലുള്ള വൈപരീത്യവും അപ്ര

ത്യക്ഷമാകുമ്പോൾ, അധ്വാനം ഒരു ജീവിതോപാധി എന്നതിനുപു റമെ ജീവിതത്തിന്റെ പ്രാഥമികമായ ആവശ്യം കൂടി ആയിത്തീരു മ്പോൾ വ്യക്തിയുടെ സർവതോമുഖമായ വികാസത്തോടൊപ്പം ഉൽപാദനശക്തികളും വർദ്ധിക്കുകയും സാമൂഹ്യ സമ്പത്തിന്റെ എല്ലാ ഉറവകളും കൂടുതൽ സമൃദ്ധമായി പ്രവഹിക്കുകയും ചെയ്യുമ്പോൾ മാത്രമേ, ബൂർഷ്വാ അവകാശത്തിന്റെ സങ്കുചിതമായ ചക്രവാളത്തെ പൂർണമായും മുറിച്ചുകടക്കാനും സമൂഹത്തിന് അതിന്റെ കൊടിക്കൂ റയിൽ "ഓരോരുത്തർക്കും അവരവരുടെ ആവശ്യമനുസരിച്ച്" എന്ന് കുറിക്കാനും കഴിയൂ.

ഒരു വശത്ത്, ഒരുകാലത്ത് കുറച്ചൊക്കെ അർത്ഥമുണ്ടായിരു ന്നതും എന്നാൽ ഇപ്പോൾ കാലഹരണപ്പെട്ട് വെറും ചപ്പുചവറുക ളായി മാറിയിട്ടുള്ളതുമായ ചില ആശയങ്ങളെ മാമൂൽ പ്രമാണങ്ങൾ എന്ന നിലയിൽ നമ്മുടെ പാർടിയുടെ മേൽ വീണ്ടും അടിച്ചേൽപ്പി ക്കാൻ ശ്രമിക്കുകയാണ്. മറുവശത്ത്, പാർടിക്കുള്ളിൽ കുത്തിവെ യ്ക്കാൻ വളരെയേറെ പണിപ്പെടേണ്ടതായി വന്നെങ്കിലും, ഇപ്പോൾ അതിൽ വേരൂന്നിക്കഴിഞ്ഞിരിക്കുന്ന യാഥാർത്ഥ്യബോധത്തോടുകൂ ടിയ വീക്ഷണത്തെ, അവകാശത്തെക്കുറിച്ചുള്ള ആശയപരമായി അർത്ഥശൂന്യമായ ഉല്പന്നങ്ങൾ കൊണ്ടും ജനാധിപത്യവാദികളു ടേയും ഫ്രഞ്ച് സോഷ്യലിസ്റ്റുകളുടേയും ഇടയിൽ സർവസാധാരണ മായ മറ്റ് അസംബന്ധങ്ങൾകൊണ്ടും വീണ്ടും വളച്ചൊടിക്കാൻ നോക്കുന്നു. അതുകൊണ്ടാണ്, ഒരു ഭാഗത്ത് "അല്പവും കുറയാത്ത അധ്വാനഫല" ത്തേയും മറുഭാഗത്ത് "തുല്യാവകാശം, ന്യായമായ വിതരണം എന്നിവയേയും"കുറിച്ച് ഞാൻ കുടുതൽ പ്രതിപാദിച്ചത്.

ഇതുവരെ നടത്തിയ അപഗ്രഥനത്തിനു പുറമേ, ഒരു കാര്യം കൂടി പറയേണ്ടതായിരിക്കുന്നു. വിതരണം എന്ന് പറയുന്നതിനെക്കു റിച്ച് ഇത്രയേറെ ഒച്ചപ്പാടുണ്ടാക്കുകയും അതിൽ മുഖ്യമായും ഊന്നു കയും ചെയ്തത് പൊതുവിൽ തെറ്റായിരുന്നു.

ഉപഭോഗ ഉപാധികളുടെ ഏതുതരം വിതരണവും ഉൽപാദന ഉപാധികളുടെ തന്നെ വിതരണത്തിന്റെ അനന്തരഫലം മാത്രമാണ്. രണ്ടാമത് പറഞ്ഞ വിതരണം ആവട്ടെ, ഉൽപാദനരീതിയുടെ തന്നെ ഒരു ലക്ഷണവുമാണ്. ഉദാഹരണത്തിന്, പദാർത്ഥരൂപത്തിലുള്ള ഉൽപാദന ഉപാധികൾ മൂലധനത്തിന്റേയും ഭൂമിയുടേയും ഉടമസ്ഥ തയുടെ രൂപത്തിൽ തൊഴിലാളികളല്ലാത്തവരുടെ കൈകളിലിരിക്കു കയും ബഹുജനങ്ങൾ വ്യക്തിപരമായ ഉൽപാദന ഉപാധിയായ അധ്വാ നശക്തിയുടെ മാത്രം ഉടമകളായിരിക്കുകകയും ചെയ്യുന്നു എന്ന വസ്തുതയിൽ അധിഷ്ഠിതമാണ് മുതലാളിത്ത ഉൽപാദന രീതി. ഉൽപാദനത്തിന്റെ ഘടകങ്ങളെ ഇത്തരത്തിൽ വിതരണം ചെയ്തി ട്ടുള്ള സ്ഥിതിക്ക് അതിൽ നിന്ന് സ്വയമേവ ഉളവാകുന്ന ഫലമാണ്

ഉപഭോഗ ഉപാധികളുടെ ഇന്ന് നിലവിലുള്ള വിതരണം. എന്നാൽ പദാർത്ഥ രൂപത്തിലുള്ള ഉൽപാദന ഉപാധികൾ തൊഴിലാളികളുടെ തന്നെ കൂട്ടുടമസ്ഥതയിലാണെങ്കിൽ, അതിൽ നിന്നുളവാകുന്ന ഉപഭോഗ ഉപാധികളുടെ വിതരണം ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഗ്രാമ്യ സോഷ്യലിസം (Vulgar Socialism) അതിൽ നിന്ന് ജനാധിപത്യത്തിന്റെ ഒരു വിഭാഗവും വിതരണത്തെ ഉൽപാദനരീതിയിൽ നിന്ന് സ്വതന്ത്രമായ എന്തോ ഒന്നായി വീക്ഷിക്കുകയും പരിഗണിക്കുകയും ചെയ്യുക എന്ന നിലപാട് ബുർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞരിൽ നിന്ന് ഏറ്റുവാങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് അവർ സോഷ്യലിസത്തെ മുഖ്യമായും വിതരണത്തെ ആശ്രയിച്ചുനിൽക്കുന്ന ഒന്നായി ചിത്രീകരിക്കുന്നത്. യഥാർത്ഥത്തിലുള്ള ബന്ധം വളരെ മുൻപുതന്നെ വ്യക്തമായിരിക്കുമ്പോൾ എന്തിന് വീണ്ടും പുറകിലേക്ക് പോകണം?

4. "അധ്വാനത്തിന്റെ മോചനം തൊഴിലാളിവർഗത്തിന്റെ ജോലിയായിരിക്കണം. തൊഴിലാളിവർഗത്തെ അപേക്ഷിച്ച് മറ്റെല്ലാ വർഗങ്ങളും ഒരൊറ്റ പിന്തിരിപ്പൻ ഗണം മാത്രമാണ്."

ഇതിലെ ആദ്യത്തെ വാചകം എടുത്തിട്ടുള്ളത് ഇന്റർനാഷണലിന്റെ ചട്ടങ്ങളുടെ ആമുഖത്തിൽ നിന്നാണ്. അതിന് ഒന്ന് പരിഷ്ക്കരിച്ചിട്ടുണ്ടെന്ന് മാത്രം. ചട്ടങ്ങളിൽ പറയുന്നത് ഇങ്ങനെയാണ്: "തൊഴിലാളി വർഗത്തിന്റെ മോചനം തൊഴിലാളികളുടെതന്നെ ജോലിയായിരിക്കണം." നേരെമറിച്ച്, ഇവിടെ "തൊഴിലാളിവർഗ" മാണ് മോചിപ്പിക്കേണ്ടത് .എന്തിനെ? "അധ്വാന" ത്തെ .ഇതിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിയുന്നവർ മനസ്സിലാക്കട്ടെ.

മറുവശത്ത്, ഒരു പ്രതിവിധി എന്നപോലെ, കൊടുത്തിട്ടുള്ള വാചകം കറകളഞ്ഞ ലസ്സാലിയൻ ഉദ്ധരണിയാണ്: "തൊഴിലാളി വർഗത്തെ അപേക്ഷിച്ച് മറ്റെല്ലാ വർഗങ്ങളും ഒരൊറ്റ പിന്തിരിപ്പൻ ഗണം മാത്രമാണ്."

"കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ" യിൽ പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്:" ഇന്ന് ബൂർഷ്വാസിക്കു നേർക്ക് നേർക്കുനേരെ നിൽക്കുന്ന എല്ലാവർഗങ്ങളിലും വച്ചു യഥാർത്ഥത്തിൽ വിപ്ലവകാരിയായ ഒരേയൊരു വർഗം തൊഴിലാളിവർഗമാണ്. ആധുനിക വ്യവസായത്തിന്റെ മുൻപിൽ മറ്റുവർഗങ്ങളെല്ലാം ക്ഷയിക്കുകയും ഒടുവിൽ തിരോഭവിക്കുകയും ചെയ്യുന്നു. തൊഴിലാളിവർഗമാണ് അതിന്റെ സവിശേഷവും സാരവത്തുമായ ഉൽപ്പന്നം."

കാലഹരണപ്പെട്ട ഉൽപാദനരീതികളുടെ സൃഷ്ടിയായ എല്ലാ

സാമൂഹ്യ പദവികളും നിലനിർത്താൻ ആഗ്രഹിക്കുന്ന ഫ്യൂഡൽ പ്രഭുക്കളെയും ഇടത്തരക്കാരെയും അപേക്ഷിച്ച് ബൂർഷ്വാസിയെ വൻകിടവ്യവസായത്തിന്റെ വാഹകരെന്ന നിലയിൽ ഒരു വിപ്ലവ വർഗമായിട്ടാണ് ഇവിടെ വീക്ഷിച്ചിരിക്കുന്നത്. അതുകൊണ്ട് പ്രസ്തുത വർഗങ്ങളും ബൂർഷ്വാസിയുംചേർന്ന് ഒരൊറ്റ പിന്തിരിപ്പൻ ഗണമാകുന്നില്ല.

മറുവശത്ത്, ബൂർഷ്വാസിയെ അപേക്ഷിച്ച് തൊഴിലാളിവർഗം വിപ്ലവകാരിയാണ്. കാരണം, സ്വയം വൻകിട വ്യവസായത്തിന്റെ അടിസ്ഥാനത്തിൽ വളർന്നുവന്നിട്ടുള്ള അത് ബൂർഷ്വാസി സ്ഥിരപ്രതിഷ്ഠ നൽകാൻ ശ്രമിക്കുന്ന മുതലാളിത്ത സ്വഭാവത്തെ ഉൽപാദനത്തിൽ നിന്ന് എടുത്ത് കളയാൻ യത്നിക്കുന്നു. എന്നാൽ, "താമസിയാതെ തൊഴിലാളിവർഗത്തിലേക്ക് മാറും" എന്നതിനാൽ "ഇടത്തരക്കാർ" വിപ്ലവസ്വഭാവം ആർജിച്ചുകൊണ്ടിരിക്കുകയാണെന്ന് "കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ"യിൽ കൂട്ടിച്ചേർത്തിട്ടുണ്ട്.

ആയതിനാൽ, ഈ കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ, അവർ ബൂർഷ്വാസിയുമായി ഒന്നിച്ചെന്നുമാത്രമല്ല, ഫ്യൂഡൽ പ്രഭുക്കളും ഒന്നിച്ചും തൊഴിലാളിവർഗത്തെ അപേക്ഷിച്ച് "ഒരൊറ്റ പിന്തിരിപ്പൻ ഗണം മാത്ര"മാണെന്ന് പറയുന്നത് അസംബന്ധമാണ്.

"ഞങ്ങളെ അപേക്ഷിച്ച് നിങ്ങൾ ബൂർഷ്വാസിയും ഫ്യുഡൽ പ്രഭുക്കളുമൊന്നിച്ച് ഒരൊറ്റ പിന്തിരിപ്പൻ ഗണം മാത്രമാണ്" എന്ന് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കൈവേലക്കാർ, ചെറുകിട വ്യവസായികൾ മുതലായവരോടും കർഷകരോടും പ്രഖ്യാപിക്കുകയുണ്ടായോ?

ലസ്സാൽ എഴുതിയ സുവിശേഷങ്ങൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർക്ക് മനഃപാഠമാണെന്നതു പോലെതന്നെ അദ്ദേഹത്തിന് "കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ" യും ഹൃദിസ്ഥമാണ്. എന്നിട്ടും അദ്ദേഹം അതിനെ ഇത്ര നഗ്നമായി വളച്ചൊടിച്ചിട്ടുണ്ടെങ്കിൽ അത് ബൂർഷ്വാസിക്കെതിരായി ഏകാധിപത്യവാദികളുമായും ഫ്യൂഡലിസ്റ്റുകളായ എതിരാളികളുമായും അദ്ദേഹം കൂട്ടുകെട്ടുണ്ടാക്കിയതിനെ ന്യായീകരിക്കാൻ വേണ്ടി മാത്രമാണ്.

സർവോപരി, മേൽപറഞ്ഞ ഖണ്ഡികയിൽ ഇന്റർനാഷണലിന്റെ ചട്ടങ്ങളിൽ നിന്നുള്ള വളച്ചൊടിച്ച ഉദ്ധരണിയുമായി യാതൊരു ബന്ധവുമില്ലാതെ ബലാൽക്കാരമായിട്ടാണ് ലസ്സാലിന്റെ അരുളപ്പാടുകൾ വലിച്ചിഴച്ചുകൊണ്ട് വന്നിരിക്കുന്നത്. ആയതിനാൽ ഇവിടെ അത് തനി ധിക്കാരമാണ്. ബിസ്മാർക്കിന് അത് ഇഷ്ടപ്പെടാതിരിക്കില്ല. എന്നുമാത്രമല്ല, ബർലിനിലെ മരാറ്റ് എഴുതിവിടുന്ന തരത്തിലുള്ള വില കുറഞ്ഞ ഔദ്ധത്യ പ്രകടനങ്ങളിൽ ഒന്നുമാത്രമാണ് അത്.

5. "എല്ലാ പരിഷ്കൃതരാജ്യങ്ങളിലെയും തൊഴിലാളികൾക്ക്

പൊതുവായിട്ടുള്ള സ്വപരിശ്രമങ്ങളുടെ അവശ്യഫലം ജനസമൂഹങ്ങ
ളുടെ സാർവദേശീയ സാഹോദര്യമായിരിക്കുമെന്ന ബോധത്തോടെ
തൊഴിലാളിവർഗം ഒന്നാമതായി ഇന്ന് നിലവിലുള്ള ദേശീയ സ്റ്റേറ്റിന്റെ
ചട്ടക്കൂട്ടിനുള്ളിൽ സ്വന്തം മോചനത്തിനായി പരിശ്രമിക്കുന്നു."

"കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ" യ്ക്കും എല്ലാ മുൻകാല സോഷ്യ
ലിസത്തിനും വിപരീതമായി ഏറ്റവും സങ്കുചിതമായ ദേശീയ കാഴ്ച
പ്പാടിലൂടെയാണ് ലസ്സാൽ തൊഴിലാളി പ്രസ്ഥാനത്തെ വീക്ഷിച്ചത്.
ഇക്കാര്യത്തിൽ ഇവിടെ അദ്ദേഹത്തെ പിന്തുടരുകയാണ് ചെയ്തിരി
ക്കുന്നത്; അതും ഇന്റർനാഷണലിന്റെ പ്രവർത്തനം നടന്ന ശേഷം!

പൊരുതാനുള്ള കഴിവുണ്ടാവണമെങ്കിൽ തൊഴിലാളിവർഗം
സ്വന്തം രാജ്യത്ത് ഒരു വർഗമെന്ന നിലയ്ക്ക് സംഘടിക്കണമെന്നും
സ്വരാജ്യമാണ് അതിന്റെ സമരത്തിന്റെ ഉടനടിയുള്ള കളരിയെന്നും
തികച്ചും സ്വയം വ്യക്തമാണ്. അത്രത്തോളം അതിന്റെ വർഗസമരം
-സാരാംശത്തിലല്ല, "കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ" യിൽ പറയുന്നത്
പോലെ, "രൂപത്തിൽ"-ദേശീയമാണ്. എന്നാൽ, "ഇന്ന് നിലവിലുള്ള
ദേശീയ സ്റ്റേറ്റിന്റെ ചട്ടക്കൂട്" തന്നെ, ഉദാഹരണത്തിന് ജർമ്മൻ സാമ്രാ
ജ്യം, അതിന്റെ മുറയ്ക്ക് സാമ്പത്തികമായി ലോകവിപണിയുടെ "ചട്ട
ക്കൂടിനുള്ളിലും" രാഷ്ട്രീയമായി രാഷ്ട്രസമുച്ചയത്തിന്റെ "ചട്ടക്കൂ
ടിനുള്ളിലു" മാണ് നിലക്കൊള്ളുന്നത്. ജർമ്മൻ വ്യാപാരം അതേ
സമയം തന്നെ വിദേശ വ്യാപാരം കൂടിയാണെന്ന് ഏതൊരു ബിസ്സി
നസ്സുകാരനും അറിയാം. ബിസ്മാർക്കിന്റെ മാഹാത്മ്യം
അടങ്ങിയിരിക്കുന്നത് അദ്ദേഹം ഒരു തരം സാർവദേശീയ നയം അനു
വർത്തിക്കുന്നു എന്നതിലല്ലാതെ മറ്റൊന്നിലും അല്ലെന്ന് തീർച്ചയാ
ണ്.

ജർമ്മൻ വർക്കേഴ്സ് പാർടി അതിന്റെ സാർവദേശീയതയെ
എന്തിലേക്കാണ് ചുരുക്കുന്നത്? അതിന്റെ പ്രയത്നഫലം "ജനസമൂ
ഹങ്ങളുടെ സാർവദേശീയ സാഹോദര്യം" ആയിരിക്കുമെന്ന ബോധ
ത്തിലേക്ക്. "സമാധാനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള
ലീഗ്" എന്ന ബൂർഷ്വാ സംഘടനയിൽ നിന്ന് കടമെടുത്തിട്ടുള്ള ഈ
പദപ്രയോഗം ഭരണാധികാരി വർഗങ്ങൾക്കും അവയുടെ ഗവണ്മെന്റു
കൾക്കും എതിരായ സംയുക്ത സമരത്തിൽ തൊഴിലാളിവർഗം പ്രദർ
ടിപ്പിക്കേണ്ട സാർവദേശീയ സാഹോദര്യത്തിന് സമമാണെന്ന മട്ടിൽ
അവതരിപ്പിച്ചിരിക്കുകയാണ്. ആയതിനാൽ ജർമ്മൻ തൊഴിലാളി വർഗ
ത്തിന്റെ സാർവദേശീയ ധർമ്മങ്ങളെക്കുറിച്ച് ഒരു വാക്ക് പോലും പറ
യുന്നില്ല. ഇങ്ങനെയാണ് അവർ തങ്ങൾക്കെതിരായി മറ്റെല്ലാ രാജ്യ
ങ്ങളിലെയും ബൂർഷ്വാസിയുമായി ഇതിനകം തന്നെ
സാഹോദര്യബന്ധം സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ള സ്വന്തം ബൂർഷ്വാസി
യേയും ബിസ്മാർക്കിന്റെ അന്താരാഷ്ട്ര ഗൂഢാലോചനാ നയ

ത്തേയും വെല്ലുവിളിക്കേണ്ടത്!

വാസ്തവത്തിൽ, ഈ പരിപാടിയിലെ സാർവദേശീയത സ്വതന്ത്ര വ്യാപാര പാർടിയുടെ സാർവദേശീയതയെ അപേക്ഷിച്ചു പോലും എത്രയോ താഴെയാണ് നിൽക്കുന്നത്. സ്വന്തം പരിശ്രമങ്ങളുടെ ഫലം "ജനസമൂഹങ്ങളുടെ സാർവദേശീയ സാഹോദര്യം" ആയിരിക്കുമെന്ന് ആ പാർടിയും അവകാശപ്പെടുന്നുണ്ട്. പക്ഷേ, അത് വ്യാപാരത്തെ സാർവദേശീയമാക്കുന്നതിനുവേണ്ടി ചിലതൊക്കെ ചെയ്യുന്നുണ്ട്. എല്ലാ ജനസമൂഹങ്ങളും അവരവരുടെ രാജ്യത്ത് വ്യാപാരം നടത്തുന്നുവെന്ന ബോധംകൊണ്ട് അത് അൽപം പോലും തൃപ്തിപ്പെടുന്നില്ല.

തൊഴിലാളിവർഗത്തിന്റെ സാർവദേശീയ പ്രവർത്തനം ഇന്റർനാഷണൽ വർക്കിംഗ് മെൻസ് അസോസിയേഷന്റെ നിലനിൽപിനെ ഒരു തരത്തിലും ആശ്രയിച്ചു നിൽക്കുന്നില്ല. ആ പ്രവർത്തനത്തിനു വേണ്ടി ഒരു കേന്ദ്ര സംഘടന സ്ഥാപിക്കാനുള്ള ആദ്യത്തെ ഉദ്യമം മാത്രമായിരുന്നു അത്. അത് നൽകിയ ഉത്തേജനം മൂലം ആ ഉദ്യമം ഒരിക്കലും മായ്ച്ചുകളയാനാവാത്ത വിജയം നേടിയെങ്കിലും, പാരീസ് കമ്യൂണിന്റെ പതനത്തിന് ശേഷം അതിനെ ചരിത്രപരമായ അതിന്റെ ആദ്യരൂപത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധ്യമായിരുന്നില്ല.

ജർമ്മൻ വർക്കേഴ്സ് പാർടി അതിന്റെ പുതിയ പരിപാടിയിൽ സാർവദേശീയത കളഞ്ഞ്കുളിച്ചിരിക്കുന്നുവെന്ന് ബിസ്മാർക്കിന്റെ "നോർദ് ഡോയ്ച്ചെ" അതിന്റെ യജമാനന് സംതൃപ്തിയരുളുന്ന വിധത്തിൽ പ്രഖ്യാപിച്ചത് തികച്ചും ശരിയായിരുന്നു.[12]

# II

"ഈ അടിസ്ഥാന തത്വങ്ങളെ ആധാരമാക്കിക്കൊണ്ട് ജർമ്മൻ
വർക്കേഴ്സ് പാർടി എല്ലാ നിയമവിധേയമാർഗങ്ങളിലൂടെയും താഴെ
പ്പറയുന്ന ലക്ഷ്യങ്ങൾക്കുവേണ്ടി യത്നിക്കുന്നതാണ്: സ്വതന്ത്രഭരണ
കൂടവും സോഷ്യലിസ്റ്റ് സമൂഹവും; കൂലിയെ സംബന്ധിച്ച ഉരുക്ക്
നിയമത്തോടൊപ്പം കൂലി വ്യവസ്ഥയുടേയും എല്ലാ രൂപത്തിലുമുള്ള
ചൂഷണത്തിന്റേയും ഉച്ചാടനം; സാമൂഹ്യവും രാഷ്ട്രീയവുമായ സർവ
വിധ അസമത്വങ്ങളുടേയും നിർമാർജനം."

"സ്വതന്ത്ര" ഭരണകൂടത്തെപ്പറ്റി ഞാൻ പിന്നീട് പറയാം.
അപ്പോൾ മേലിൽ ജർമ്മൻ വർക്കേഴ്സ് പാർടി ലസ്സാലിന്റെ "കൂലിയെ
സംബന്ധിച്ച ഉരുക്ക് നിയമ" ത്തിൽ വിശ്വസിച്ചേ പറ്റൂ! ഇത് നഷ്ട
പ്പെടരുതെന്ന് കരുതി, "കൂലിയെ സംബന്ധിച്ച ഉരുക്ക് നിയമത്തോ
ടൊപ്പം കൂലിവ്യവസ്ഥ" യും (ഇത് ഇങ്ങനെയാണ് ശരിയായി വായി
ക്കേണ്ടത്: കൂലിവേല വ്യവസ്ഥ) "നിർമാർജനം" ചെയ്യണമെന്ന് പ
ഞ്ഞുകൊണ്ടാണ് ഈ അസംബന്ധം എഴുന്നള്ളിക്കുന്നത്. ഞാ
കൂലിവേല നിർമാർജനം ചെയ്യുമെങ്കിൽ സ്വാഭാവികമായും അ
സംബന്ധിച്ച നിയമങ്ങളും നിർമാർജനം ചെയ്യും. ആ നിയമങ്ങൾ
ഉണ്ടാക്കപ്പെട്ടിട്ടുള്ളത് "ഉരുക്ക്" കൊണ്ടാണോ സ്പോഞ്
കൊണ്ടാണോ എന്നത് പ്രശ്നമല്ല. എന്നാൽ കൂലിവേലയുടെ
നേർക്കുള്ള ലസ്സാലിന്റെ ആക്രമണം ഏതാണ്ട് പൂർണമായും ചു
ത്തിരിയുന്നത് ഈ പേരിൽ അറിയപ്പെടുന്ന നിയമത്തിന് ചുറ്റുമാണ്.
അതിനാൽ, ലസ്സാലിന്റെ പക്ഷക്കാർ ജയിച്ചിരിക്കുന്നുവെന്ന് തെളി
യിക്കാൻ "കൂലിവ്യവസ്ഥ" യെ നിർമാർജനം ചെയ്യുന്നത് "കൂലിയെ
സംബന്ധിച്ച ഉരുക്ക് നിയമത്തോടൊപ്പം ആയിരിക്കണം, അതിനെ
മാറ്റി നിർത്തിക്കൊണ്ടല്ല.

ഗൊയ്ഥെയുടെ "മഹത്തരവും സനാതനവുമായ ഉരുക്ക് നിയ
മങ്ങ" ളിൽ നിന്ന് കടം വാങ്ങിയ "ഉരുക്ക്" എന്ന വാക്ക് ഒഴികെ

"കൂലിയെ സംബന്ധിച്ച ഉരുക്ക് നിയമ" ത്തിൽ ലസ്സാലിന്റെ വകയായിട്ടൊന്നുമില്ലെന്ന് പരക്കെ അറിയാവുന്നതാണ്. യഥാർത്ഥ വിശ്വാസികൾ പരസ്പരം തിരിച്ചറിയാൻ ഉപയോഗിക്കുന്ന ലേബലാണ് "ഉരുക്ക്" എന്ന വാക്ക്. എന്നാൽ ലസ്സാലിന്റെ മുദ്രയോടുകൂടിയും തദ്വാരാ അദ്ദേഹം കൽപിക്കുന്ന അർത്ഥത്തിലും ഞാൻ ആ നിയമത്തെ സ്വീകരിച്ചാൽ, അതിന് അദ്ദേഹം നൽകുന്ന സാധൂകരണം കൂടി ഞാൻ സ്വീകരിച്ചേ പറ്റു. എന്താണത്? ലസ്സാലിന്റെ മരണശേഷം അധികം താമസ്സിയാതെ ലാങെ ചൂണ്ടിക്കാണിച്ചതു പോലെ, (ലാങെ തന്നെ പ്രചരിപ്പിച്ച) മാൽത്തൂസിന്റെ ജനസംഖ്യാ സിദ്ധാന്ത[13]മാണത്. എന്നാൽ ആ സിദ്ധാന്തം ശരിയാണെങ്കിൽ, കൂലിവേലയെ നൂറു തവണ നിർമാർജനം ചെയ്താൽ പോലും ആ നിയമത്തെ നിർമാർജനം ചെയ്യാൻ എനിക്ക് പറ്റില്ല. കാരണം, അപ്പോൾ കൂലി വേലയ്ക്ക് മാത്രമല്ല, എല്ലാത്തരം സാമൂഹ്യ വ്യവസ്ഥയ്ക്കും ബാധകമായ ഒരു നിയമമായിരിക്കും അത്. നേരിട്ട് അതിനെ അടിസ്ഥാനപ്പെടുത്തി കഴിഞ്ഞ അമ്പതിലേറെ വർഷങ്ങളായി സാമ്പത്തിക ശാസ്ത്രജ്ഞർ തെളിയിച്ചുകൊണ്ടിരിക്കുന്നത്, ദാരിദ്ര്യം പ്രകൃത്യാധിഷ്ഠിതമാണെന്നും സോഷ്യലിസത്തിന് അതിനെ നിർമാർജനം ചെയ്യാനാവില്ലെന്നും അതിനെ സാർവത്രികമാക്കാൻ – സമൂഹത്തിന്റെ മുകൾപ്പരപ്പിലാകെ ഒരേപോലെ വിതരണം ചെയ്യാൻ – മാത്രമേ സോഷ്യലിസത്തിന് കഴിയൂ എന്നുമാണ്!

പക്ഷേ, ഇതൊന്നുമല്ല പ്രധാനകാര്യം. ആ നിയമത്തെക്കുറിച്ചുള്ള ലസ്സാലിന്റെ ധാരണതന്നെ തെറ്റാണെന്ന വസ്തുത മാറ്റി നിർത്തിയാൽത്തന്നെ, യഥാർത്ഥത്തിൽ അവഹേളനപരമായ പുറകോട്ട് പോക്ക് അടങ്ങിയിരിക്കുന്നത് താഴെപ്പറയുന്ന സംഗതിയിലാണ്:

പുറമേയ്ക്ക് തോന്നുന്നതുപോലെ, കൂലി എന്ന് പറയുന്നത് അധ്വാനത്തിന്റെ മൂല്യം അഥവാ വില അല്ലെന്നും അത് അധ്വാനശക്തിയുടെ മൂല്യത്തിന്റെ അഥവാ വിലയുടെ ഒരു പ്രച്ഛന്ന രൂപം മാത്രമാണെന്നുമുള്ള ശാസ്ത്രീയ ധാരണ ലസ്സാലിന്റെ മരണശേഷം നമ്മുടെ പാർടിയിലും ഉയർന്നു വന്നിട്ടുണ്ട്. അങ്ങനെ കൂലിയെ സംബന്ധിച്ച് ഇന്നേ വരെയുള്ള ബൂർഷ്വാ സങ്കൽപനത്തെ ആകപ്പാടെയും ആ സങ്കല്പനത്തിനെതിരായ എല്ലാവിധ വിമർശനങ്ങളെയും എന്നെന്നേയ്ക്കുമായി തൂത്തെറിഞ്ഞിരിക്കുകയാണ്. മുതലാളിക്കു വേണ്ടി (തദ്വാരാ മുതലാളിയോടൊപ്പം മിച്ചമൂല്യം വെട്ടിവിഴുങ്ങുന്ന മറ്റുള്ളവർക്കുവേണ്ടിയും) സൗജന്യമായി കുറേസമയം പണിയെടുത്താൽ മാത്രമേ കൂലിവേലക്കാരന് സ്വന്തം ഉപജീവനത്തിന് വേണ്ടി പണിയെടുക്കാനുള്ള, അതായത് ജീവിക്കാനുള്ള, അനുവാദം കിട്ടൂ എന്നും തൊഴിൽദിനത്തിന്റെ ദൈർഘ്യം കൂട്ടുകയോ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയോ അതായത്, അധ്വാനശക്തിയുടെ തീവ്രത വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയോ ചെയ്തുകൊണ്ട് ഈ

സൗജന്യ അധ്വാനം വർദ്ധിപ്പിക്കുന്നതിനെ ആശ്രയിച്ചാണ് മുതലാളിത്തപരമായ ഉൽപാദനരീതിയാകെത്തന്നെ നിലകൊള്ളുന്നതെന്നും ആയതിനാൽ കൂലിവേല വ്യവസ്ഥ ഒരു അടിമത്ത വ്യവസ്ഥയാണെന്നും തൊഴിലാളിക്ക് കിട്ടുന്ന വേതനം ഭേദപ്പെട്ടതായാലും മോശപ്പെട്ടതായാലും അധ്വാനത്തിന്റെ സാമൂഹ്യ ഉൽപാദനശക്തികൾ വികസിക്കുന്നതിനനുസരിച്ച് കാഠിന്യമേറുന്ന അടിമത്തമാണ് അതെന്നും വ്യക്തമാക്കപ്പെട്ടു. ഈ സങ്കൽപനം നമ്മുടെ പാർടിക്കുള്ളിൽ കൂടുതൽ കൂടുതൽ വേരൂന്നിയശേഷം ഇപ്പോൾ ഇതാ ലസ്സാലിന്റെ വരട്ടുവാദങ്ങളിലേക്ക് നാം തിരിച്ചു പോകുന്നു! കൂലിയെന്നാലെന്താണെന്ന് ലസ്സാലിന് അറിഞ്ഞുകൂടായിരുന്നുവെന്നും ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ ചുവട് പിടിച്ച് പുറമേയ്ക്ക് തോന്നുന്നതിനെ കാര്യത്തിന്റെ കാതലായി കുരുതുകയാണ് അദ്ദേഹം ചെയ്തതെന്നും മനസ്സിലാക്കേണ്ടതായിരുന്നു.

അടിമകൾ തങ്ങളുടെ അടിമത്തത്തിന്റെ രഹസ്യമെന്താണെന്ന് അവസാനം മനസ്സിലാക്കി കലാപം നടത്തുകയും എന്നാൽ ഇപ്പോഴും പഴഞ്ചൻ സങ്കൽപനങ്ങളുടെ അടിമയായി തുടരുന്ന അവരിലൊരാൾ, "അടിമത്ത വ്യവസ്ഥയിൽ അടിമകൾക്ക് കിട്ടുന്ന ഭക്ഷണം വളമാത്താണ ഒരു പരമാവധി പരിധിക്കപ്പുറം പോകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അടിമത്തം അവസാനിപ്പിക്കണം" എന്ന് കലാപത്തിന്റെ പരിപാടിയിൽ എഴുതിവെയ്ക്കുകയും ചെയ്യുന്നത് പോലെയാണിത്.

നമ്മുടെ പാർടിയിലെ അംഗങ്ങൾക്കിടയിൽ വ്യാപകമായി പടർന്നിട്ടുള്ള ധാരണയ്ക്കെതിരായി ഇത്ര ഭയങ്കരമായ ഒരാക്രമണം നടത്താൻ നമ്മുടെ പാർടിയുടെ പ്രതിനിധികൾക്ക് കഴിഞ്ഞുവെന്ന വസ്തുതതന്നെ തെളിയിക്കുന്നത്, എത്ര കുറ്റകരമായ ലാഘവബുദ്ധിയോടെയും മനഃസ്സാക്ഷിയില്ലാതെയുമാണ് അവർ ഈ അനുരഞ്ജന പരിപാടി തയ്യാറാക്കുന്നതിൽ ഏർപ്പെട്ടത് എന്നല്ലേ?

ഖണ്ഡികയുടെ അവസാനഭാഗത്ത് കൊടുത്തിരിക്കുന്ന "സാമൂഹ്യവും രാഷ്ട്രീയവുമായ സർവവിധ അസമത്വങ്ങളുടേയും നിർമാർജനം" എന്ന സന്ദിഗ്ദ്ധമായ വാക്കുകൾക്ക് പകരം വർഗവൈജാത്യങ്ങളുടെ ഉന്മൂലനത്തോടെ അവയിൽ നിന്ന് ഉദ്ഭൂതമാകുന്ന സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാവിധ അസമത്വങ്ങളും സ്വയം അപ്രത്യക്ഷമാകുമെന്നാണ് പറയേണ്ടത്.

## III

"സാമൂഹ്യപ്രശ്നം പരിഹരിക്കുന്നതിനുള്ള വഴിയൊരുക്കാനായി ഭരണകൂടത്തിന്റെ സഹായത്തോടെയും അധ്വാനിക്കുന്ന ജനങ്ങളുടെ ജനാധിപത്യപരമായ നിയന്ത്രണത്തിൻ കീഴിലും ഉൽപാദകസഹകരണ സംഘങ്ങൾ സ്ഥാപിക്കണമെന്ന് ജർമ്മൻ വർക്കേഴ്സ് പാർടി ആവശ്യപ്പെടുന്നു. വ്യവസായത്തിലും കൃഷിയിലും ഉൽപാദക സഹകരണ സംഘങ്ങൾ പ്രാവർത്തികമാക്കുന്നത്, മൊത്തം അധ്വാനത്തിന്റെ സോഷ്യലിസ്റ്റ് സംഘാടനം അവയിൽ നിന്ന് ഉളവാകുന്ന തോതിലായിരിക്കണം"

ലസ്സാലിന്റെ "കൂലിയെ സംബന്ധിച്ച ഉരുക്ക് നിയമ" ത്തിന് ശേഷമുള്ളത് പ്രവാചകന്റെ ചികിത്സയാണ്. അതിലേക്ക് വഴി "തെളിക്കുന്നത്" യുക്തമായ ശൈലിയിലാണ്. നിലവിലുള്ള വർഗസമരത്തിനു പകരം പത്രലേഖകന്റെ ശൈലിയിലുള്ള "സാമൂഹ്യപ്രശ്നം" എന്ന പ്രയോഗമാണുള്ളത്. അതിന് "പരിഹാരം" കാണുന്നതിനാണ് "വഴി തെളിക്കുന്നത്." സമൂഹത്തിന്റെ വിപ്ലവകരമായ രൂപാന്തരണ പ്രക്രിയയ്ക്ക് പകരമുള്ളത് ഉൽപാദക സഹകരണ സംഘങ്ങൾക്കുള്ള "ഭരണകൂടത്തിന്റെ സഹായ" ത്തിൽ നിന്ന് "ഉളവാകുന്ന" "മൊത്തം അധ്വാനത്തിന്റെ സോഷ്യലിസ്റ്റ് സംഘാടനം" ആണ്. ഈ സംഘങ്ങളെ "പ്രാവർത്തികമാക്കുന്നത്" തൊഴിലാളിയല്ല, ഭരണകൂടമാണ്. പുതിയൊരു റെയിൽവെയെപ്പോലെ പുതിയൊരു സമൂഹത്തെ ഭരണകൂടത്തിൽ നിന്നുള്ള വായ്പകൾ കൊണ്ട് കെട്ടിപ്പടുക്കാൻ കഴിയുമെന്നത് ലസ്സാലിന്റെ ഭാവനാ വിലാസത്തിനുമാത്രം ചേർന്നതാണ്.

ലജ്ജാബോധം തെല്ലെങ്കിലും അവശേഷിക്കുന്നതുകൊണ്ട്, "ഭരണകൂടത്തിന്റെ സഹായം," "അധ്വാനിക്കുന്ന ജനങ്ങളുടെ" ജനാധിപത്യപരമായ നിയന്ത്രണത്തിൻ കീഴിലാക്കിയിരിക്കുന്നു.

ഒന്നാമത്, "ജർമ്മനിയിലെ അധ്വാനിക്കുന്ന ജനങ്ങളുടെ" ഭൂപ

രിപക്ഷവും കർഷകരാണ്, തൊഴിലാളികളല്ല.

രണ്ടാമത്, "ജനാധിപത്യപരം" എന്ന വാക്കിന് അർത്ഥം "ജനങ്ങളുടെ വാഴ്ചകൊണ്ട്" എന്നാണ്. "അധ്വാനിക്കുന്ന ജനങ്ങൾ, ജനങ്ങളുടെ വാഴ്ച കൊണ്ട് ചെലുത്തുന്ന നിയന്ത്രണം" എന്നു വെച്ചാൽ എന്താണർത്ഥം? വിശേഷിച്ച് ഈ ആവശ്യങ്ങൾ സ്റ്റേറ്റിന്റെ മുൻപാകെ ഉന്നയിക്കുന്നതിലൂടെ തങ്ങൾ ഭരണം നടത്തുന്നവരോ ഭരണം നടത്താനുള്ള പക്വതയാർജിച്ചവരോ അല്ലെന്നുള്ള പൂർണ ബോധം പ്രകടിപ്പിക്കുന്ന അധ്വാനിക്കുന്ന ജനങ്ങളുടെ കാര്യത്തിൽ അതിന് എന്ത് അർത്ഥമാണുള്ളത്?

ലുയി ഫിലിപ്പിന്റെ ഭരണത്തിൻ കീഴിൽ ഫ്രഞ്ച് സോഷ്യലിസ്റ്റുകളെ എതിർത്തുകൊണ്ട് ബ്യൂഷെ തയ്യാറാക്കിയതും "അറ്റ്ല്യേറി"ലെ" പിന്തിരിപ്പൻ തൊഴിലാളികൾ അംഗീകരിച്ചതുമായ കുറിപ്പടിയെ ഇവിടെ വിമർശിക്കുന്നത് അധികപ്പറ്റായിരിക്കും. സവിശേഷമായ ഈ ഒറ്റമൂലി, പരിപാടിയിൽ കുറിച്ചിട്ടുവെന്നതിലല്ല, പിന്നെയോ വർഗപരമായ ഒരു പ്രസ്ഥാനത്തിന്റെ നിലപാടിൽ നിന്ന് വിഭാഗീയമായ ഒരു പ്രസ്ഥാനത്തിന്റെ നിലപാടിലേക്ക് പൊതുവിൽ പിറകോട്ട് പോയി എന്നതിലാണ് പ്രധാനദോഷം കുടികൊള്ളുന്നത്.

അവരവരുടെ രാജ്യത്ത് മുഴുവൻ സമൂഹത്തിന്റേയും തോതിലും, സർവോപരി ദേശീയമായ തോതിലും, കൂട്ടായ ഉൽപാദനത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ തൊഴിലാളികൾ ആഗ്രഹിക്കുമ്പോൾ, ഇന്നത്തെ ഉൽപാദന സാഹചര്യങ്ങളിൽ വിപ്ലവകരമായ മാറ്റം വരുത്താൻ അവർ യത്നിക്കുന്നുവെന്നേ അർത്ഥമുള്ളു. ഭരണകൂടത്തിന്റെ സഹായത്തോടെ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതുമായി അതിന് യാതൊരു ബന്ധവുമില്ല. ഇന്ന് നിലവിലുള്ള സഹകരണ സംഘങ്ങളെ സംബന്ധിച്ചാണെങ്കിൽ, അവ ഗവണ്മെന്റുകളുടെയോ ബൂർഷ്വാസിയുടെയോ സംരക്ഷണയിൽ അല്ലാത്തവയും തൊഴിലാളികളുടെ തന്നെ സ്വതന്ത്ര സൃഷ്ടികളുമാണെങ്കിൽ മാത്രമേ അവയ്ക്ക് എന്തെങ്കിലും വിലയുള്ളു.

## IV

അടുത്തതായി ഞാൻ ജനാധിപത്യത്തെ സംബന്ധിച്ച വകുപ്പിലേക്ക് കടക്കുകയാണ്.

### എ. ഭരണകൂടത്തിന്റെ സ്വതന്ത്രമായ അടിസ്ഥാനം

ഒന്നാമത്തെകാര്യം, ജർമ്മൻ വർക്കേഴ്സ് പാർടി ഒരു "സ്വതന്ത്ര ഭരണകൂട" ത്തിനുവേണ്ടി യത്നിക്കുന്നുവെന്നാണ് രണ്ടാം വകുപ്പിൽ പറയുന്നത്.

സ്വതന്ത്രഭരണകൂടം–എന്താണിത്?

ഭരണകൂടത്തെ "സ്വതന്ത്ര" മാക്കുക എന്നത് എളിയവരായ പ്രജകളുടെ സങ്കുചിതമനഃസ്ഥിതി വർജിച്ചുകഴിഞ്ഞ തൊഴിലാളികളുടെ ലക്ഷ്യമേയല്ല. ജർമ്മൻ സാമ്രാജ്യത്തിലെ "ഭരണകൂടം" ഏകദേശം റഷ്യയിൽ ഉള്ളതുപോലെ അത്രതന്നെ "സ്വതന്ത്ര" മാണ്. ഭരണകൂടത്തെ സമൂഹത്തിന്റെ മുകളിൽ നിൽക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ നിന്ന് അതിന് പൂർണമായും വിധേയമായ ഒരു സ്ഥാപനമാക്കി മാറ്റുന്നതിലാണ് സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്. ഇന്നും ഭരണകൂട രൂപങ്ങൾ "ഭരണകൂടത്തിന്റെ സ്വാതന്ത്ര്യ" ത്തെ എത്രത്തോളം പരിമിതപ്പെടുത്തുന്നുവെന്നതനുസരിച്ചാണ് അവ കൂടുതൽ സ്വതന്ത്രമോ കുറച്ച് സ്വതന്ത്രമോ എന്ന് നിശ്ചയിക്കാൻ കഴിയുന്നത്.

ജർമ്മൻ വർക്കേഴ്സ് പാർടിയുടെ സോഷ്യലിസ്റ്റ് ആശയങ്ങൾ തൊലിപ്പുറത്ത് മാത്രമേ ഉള്ളൂവെന്നാണ് ആ പാർടി–ചുരുങ്ങിയ പക്ഷം അത് ഈ പരിപാടി അംഗീകരിക്കുകയാണെങ്കിൽ, അതോടുകൂടി–തെളിയിക്കുന്നത്. എന്തുകൊണ്ടെന്നാൽ, നിലവിലുള്ള സമൂഹത്തെ (ഭാവിയിലെ ഏത് സമൂഹത്തിനും ഇത് ബാധകമാണ്) നിലവിലുള്ള ഭരണകൂടത്തിന്റെ (ഭാവിസമൂഹത്തെ സംബന്ധിച്ചാണെങ്കിൽ ഭാവി ഭരണകൂടത്തിന്റെ) അടിസ്ഥാനമായിട്ടെടുക്കുന്നതിനു പകരം

അത് ഭരണകൂടത്തെ ധൈഷണികവും ധാർമികവും സ്വാതന്ത്ര്യപൂർണവുമായ സ്വന്തം അടിത്തറകളുള്ള ഒരു സ്വതന്ത്ര അസ്തിത്വമായിട്ടാണ് കരുതുന്നത്.

“ഇന്നത്തെ ഭരണകുടം,” “ഇന്നത്തെ സമൂഹം” എന്നീ പദങ്ങളെ എത്ര ഭീകരമായാണ് പരിപാടിയിൽ ദുരുപയോഗപ്പെടുത്തിയിരിക്കുന്നത്! അത് എന്തിന്റെ മുന്നിലാണോ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുള്ളത്, ആ ഭരണകുടത്തെക്കുറിച്ചുള്ള അതിന്റെ അബദ്ധധാരണ അതിലേറെ ഭയങ്കരമാണ്.

മധ്യകാലഘട്ടത്തിലെ കലർപ്പിൽ നിന്ന് ഏറിയോ കുറഞ്ഞോ സ്വതന്ത്രവും ഓരോ രാജ്യത്തിന്റെയും സവിശേഷ ചരിത്ര വികാസത്താൽ ഏറിയോ കുറഞ്ഞോ മാറ്റങ്ങൾ വരുത്തപ്പെട്ടതും ഏറെയോ കുറച്ചോ വികസിതവുമായ രൂപത്തിൽ എല്ലാ പരിഷ്കൃത രാജ്യങ്ങളിലും നിലവിലുള്ള മുതലാളിത്ത സമുഹമാണ് “ഇന്നത്തെ സമൂഹം.” നേരെമറിച്ച്, “ഇന്നത്തെ ഭരണകുടം” ഓരോ രാജ്യത്തിന്റെയും അതിർത്തിയനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. റഷ്യൻ-ജർമ്മൻ സാമ്രാജ്യത്തിലെ ഭരണകുടം സ്വിറ്റ്സർലണ്ടിലേതിൽ നിന്ന് വ്യത്യസ്തമാണ്. ഇംഗ്ലണ്ടിലെ ഭരണകുടം അമേരിക്കയുടേതിൽ നിന്ന് വ്യത്യസ്തമാണ്. അതുകൊണ്ട് “ഇന്നത്തെ ഭരണകുടം” എന്ന് പറയുന്നത് ഒരു കടങ്കഥയാണ്.

എന്നിരുന്നാലും ഓരോരോ പരിഷ്കൃത രാജ്യത്തിലെയും ഓരോരോ ഭരണകൂടവും തമ്മിൽ രുപത്തിൽ എന്തെല്ലാം വൈവിദ്ധ്യമുണ്ടെങ്കിലും അവയ്ക്കെല്ലാം പൊതുവായി ഒന്നുണ്ട്. അവയുടെ എല്ലാം അടിസ്ഥാനം ആധുനിക ബുർഷ്വാ സമൂഹമാണ്. അവയുടെ മുതലാളിത്ത വികാസ നിലവാരം ഏറിയോ കുറഞ്ഞോ ആയിരിക്കുമെന്നുമാത്രം. ആയതിനാൽ അവയ്ക്ക് കാതലായ ചില പൊതു സവിശേഷതകൾ ഉണ്ട്. ഈ അർത്ഥത്തിൽ, ഭരണകൂടത്തിന്റെ ഇന്നത്തെ തായ്‌വേരായ ബുർഷ്വാസമൂഹം മൺമറയുമ്പോൾ മാത്രമേ ഭാവി ഭരണകൂടത്തിനു വിപരീതമായി “ഇന്നത്തെ ഭരണകുട” ത്തെപ്പറ്റി പറയാൻ കഴിയൂ.

അപ്പോൾ ഇങ്ങനെ ഒരു ചോദ്യം ഉദിക്കുന്നു. കമ്യൂണിസ്റ്റ് സമൂഹത്തിൽ ഭരണകൂടത്തിന് എന്ത് രുപപരിവർത്തനം ആയിരിക്കും സംഭവിക്കുക? അതായത്, ഇന്നത്തെ ഭരണകൂടത്തിന്റെ ധർമ്മങ്ങൾക്ക് സദൃശമായ എന്തെല്ലാം സാമൂഹ്യധർമ്മങ്ങളായിരിക്കും അന്ന് അവശേഷിക്കുന്നത്? ഈ ചോദ്യത്തിന് ശാസ്ത്രീയമായി മാത്രമേ മറുപടി പറയാനാകൂ. “ജനങ്ങൾ” എന്ന വാക്കിനെ “ഭരണകൂടം”എന്ന വാക്കുമായി ഒരായിരം വിധത്തിൽ കുട്ടിച്ചേർത്താലും അത് പ്രശ്നപരിഹാരത്തിന്റെ അടുത്തൊന്നും അല്പം പോലും

എത്തില്ല.

മുതലാളിത്ത സമൂഹത്തിനും കമ്യൂണിസ്റ്റ് സമൂഹത്തിനുമിടയ്ക്ക് ഒന്നിൽ നിന്ന് മറ്റേതിലേക്കുള്ള വിപ്ലവകരമായ രൂപാന്തരപ്പെടലിന്റെ ഒരു കാലഘട്ടമുണ്ട്. അതിനനുസൃതമായി രാഷ്ട്രീയപരിവർത്തനത്തിന്റെ ഒരു കാലഘട്ടവും കൂടിയുണ്ട്. ആ കാലഘട്ടത്തിൽ ഭരണകൂടത്തിന് തൊഴിലാളി വർഗത്തിന്റെ വിപ്ലവകരമായ സർവാധിപത്യം അല്ലാതെ മറ്റൊന്നുമാവാൻ സാധ്യമല്ല.

ഇതേക്കുറിച്ചോ കമ്യൂണിസ്റ്റ് സമൂഹത്തിലെ ഭാവി ഭരണകൂടത്തെക്കുറിച്ചോ പരിപാടിയിൽ ഒന്നും പറയുന്നില്ല.

സാർവത്രിക വോട്ടവകാശം, നേരിട്ടുള്ള നിയമനിർമാണം ജനങ്ങളുടെ അവകാശങ്ങൾ, ജനകീയ മിലിഷ്യ എന്നിങ്ങനെയുള്ള ഏവർക്കും സുപരിചിതമായിട്ടുള്ള പഴയ ജനാധിപത്യപല്ലവികളല്ലാതെ മറ്റൊന്നും ഈ പരിപാടിയിലെ രാഷ്ട്രീയ ആവശ്യങ്ങളിൽ ഉൾപ്പെടുന്നില്ല. ബൂർഷ്വാ "പീപ്പിൾസ് പാർടി" യുടേയും "സമാധാനത്തിനും സ്വാതന്ത്ര്യത്തിനുമായുള്ള ലീഗി" ന്റെയും വെറും മാറ്റൊലികളാണവ. അതികാൽപനികമായ രൂപത്തിൽ ഊതിപ്പെരുപ്പിക്കാതിരുന്നാൽ ഇതിനകം തന്നെ നടപ്പിലായിക്കഴിഞ്ഞവയാണ് ഈ ആവശ്യങ്ങൾ എല്ലാം. അവ നടപ്പിലാക്കിയ ഭരണകൂടം ജർമ്മൻ സാമ്രാജ്യത്തിന്റെ അതിർത്തികൾക്കുള്ളിലല്ലെന്നുമാത്രം; സ്വിറ്റ്സർലണ്ടിലും അമേരിക്കിയിലും മറ്റുമാണ് അവ നിലവിൽ വന്നുകഴിഞ്ഞത് എന്നേയുള്ളു. ഇത്തരം "ഭാവി ഭരണകൂടം" ഇന്നത്തെ ഭരണകൂടം തന്നെയാണ്. അത് ജർമ്മൻ സാമ്രാജ്യത്തിന്റെ "ചട്ടക്കൂടി" ന് വെളിയിലാണ് നിലനിൽക്കുന്നതെന്ന് മാത്രം.

എന്നാൽ, ഒരു കാര്യം വിസ്മരിച്ചിരിക്കുന്നു. "ഇന്നത്തെ ദേശീയ ഭരണകൂട" ത്തിന്റെ, അതായത് തങ്ങളുടെതന്നെ സ്വന്തംഭരണകൂടത്തിന്റെ, പ്രഷ്യൻ-ജർമ്മൻ സാമ്രാജ്യത്തിന്റെ പരിധിക്കുള്ളിലാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്ന് ജർമ്മൻ വർക്കേഴ്സ് പാർടി ഖണ്ഡിതമായി പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. (അല്ലെങ്കിൽ അത് ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വലിയ അർത്ഥമൊന്നും ഉണ്ടാവില്ല. കാരണം, ഇതേവരെ കിട്ടിയിട്ടില്ലാത്ത കാര്യങ്ങളാണല്ലോ ആവശ്യപ്പെടാറുള്ളത്.) ആ സ്ഥിതിക്ക് പ്രധാന സംഗതി-അതായത്, ജനങ്ങളുടെ പരമാധികാരമെന്ന് പറയപ്പെടുന്നതിന്റെ അംഗീകരണത്തിലാണ് ഇമ്പമുള്ള സാധനങ്ങളെല്ലാം സ്ഥിതിചെയ്യുന്നതെന്നും ആയതിനാൽ ഒരു ജനാധിപത്യ റിപ്പബ്ലിക്കിൽ മാത്രമാണ് അവ ഉചിതമായിട്ടുള്ളതെന്നുമുള്ള സംഗതി പാർടി വിസ്മരിക്കാൻ പാടില്ലായിരുന്നു.

ലൂയി ഫിലിപ്പിന്റേയും ലൂയി നെപ്പോളിയന്റേയും ഭരണകാലത്ത് ഫ്രാൻസിലെ തൊഴിലാളികളുടെ പരിപാടികളിൽ ചെയ്തതുപോലെ

റിപ്പബ്ലിക് വേണമെന്ന് ആവശ്യപ്പെടാനുള്ള ധൈര്യ ജനാധിപത്യ റിപ്പബ്ലിക് വേണമെന്ന് ആവശ്യപ്പെടാനുള്ള ധൈര്യമില്ലാത്ത സ്ഥിതിക്ക് (അത് ബുദ്ധിപൂർവമാണ് താനും; കാരണം, ജാഗ്രതപുലർത്തണമെന്നാണ് സാഹചര്യങ്ങൾ ആവശ്യപ്പെടുന്നത്) ഒരു ജനാധിപത്യ റിപ്പബ്ലിക്കിൽ മാത്രം അർത്ഥമുള്ള കാര്യങ്ങൾ ഇതു പോലൊരു ഭരണകൂടത്തിൽ നിന്ന്–പാർലമെന്ററി രൂപങ്ങളുടെ പുറംപൂച്ചും ഫ്യൂഡൽ അനുബന്ധങ്ങളുടെ ചേരുവയുമുള്ള, ഇതിനകം തന്നെ ബൂർഷ്വാസിയുടെ സ്വാധീനത്തിന് വിധേയവും ഉദ്യോഗസ്ഥമേധാവിത്വപരമായ രീതിയിൽ തട്ടിക്കൂട്ടിയെടുത്തതുമായ, ഒരു പോലീസ് സംരക്ഷിത സൈനിക സ്വേച്ഛാധിപത്യം മാത്രമായ ഒരു ഭരണകൂടത്തിൽ നിന്ന്–ആവശ്യപ്പെടുകയും എന്നിട്ട് ഇതുപോലുള്ള കാര്യങ്ങൾ അതിൽ നിന്ന് "നിയമവിധേയമാർഗങ്ങളിലൂടെ" നേടിയെടുക്കാൻ കഴിയുമെന്നാണ് തങ്ങളുടെ വിശ്വാസമെന്ന് ആ ഭരണകൂടത്തിന് ഉറപ്പ് നൽകുകയും ചെയ്യുകയെന്ന ഈ സൂത്രം പ്രയോഗിക്കാൻ പാടില്ലായിരുന്നു. അത് "സത്യസന്ധ" മോ അന്തസ്സുള്ളതോ ആയ കാര്യമല്ല.

ജനാധിപത്യ റിപ്പബ്ലിക്കിനെ ഭൂമിയിലെ സ്വർഗരാജ്യമായി കാണുകയും കണിശമായും ബൂർഷ്വാസമൂഹത്തിലെ ഭരണകൂടത്തിന്റെ ഈ അവസാന രൂപത്തിലാണ് വർഗസമരത്തെ അതിന്റെ പരിസമാപ്തിയിൽ എത്തിക്കേണ്ടതെന്ന് തെല്ലും സംശയം ഇല്ലാതിരിക്കുകയും ചെയ്യുന്ന ഗ്രാമ്യ ജനാധിപത്യം (Vulgar Democracy) പോലും, പൊലീസ് അനുവദിക്കുന്നതും യുക്തിബോധം അനുവദിക്കാത്തതുമായ അതിരുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്ന ഇത്തരം ജനാധിപത്യ വാദത്തെക്കാൾ എത്രയോ കൂടുതൽ ഉയർന്നാണ് നിൽക്കുന്നത്.

"ഭരണകൂടം" എന്ന വാക്ക് കൊണ്ട് വാസ്തവത്തിൽ ഉദ്ദേശിക്കുന്നത് സർക്കാരിന്റെ ഭരണയന്ത്രം എന്നാണ്; അഥവാ തൊഴിൽ വിഭജനം മുഖേന സമൂഹത്തിൽ നിന്ന് വേർതിരിക്കപ്പെട്ട ഒരു പ്രത്യേക ജൈവഘടന എന്ന നിലയ്ക്കുള്ള ഭരണകൂടം എന്നാണ്. "ഭരണകൂടത്തിന്റെ സാമ്പത്തികാടിത്തറ എന്ന നിലയ്ക്ക് ക്രമപ്രവൃദ്ധമായ ഒരൊറ്റ ആദായ നികുതി ഏർപ്പെടുത്തണമെന്ന് ജർമ്മൻ വർക്കേഴ്സ് പാർടി ആവശ്യപ്പെടുന്നു" എന്നിങ്ങനെയുള്ള വാക്യങ്ങളിൽ നിന്ന് ഇത് വ്യക്തമാണ്. സർക്കാരിന്റെ ഭരണയന്ത്രത്തിന്റെയല്ലാതെ മറ്റൊന്നിന്റേയും സാമ്പത്തികാടിത്തറയല്ല നികുതികൾ. സ്വിറ്റ്സർലണ്ടിൽ ഇന്ന് നിലവിലുള്ള ഭാവിഭരണകൂടത്തിൽ ഈ ആവശ്യം ഏറെക്കുറെ നിറവേറ്റിക്കഴിഞ്ഞിട്ടുണ്ട്. പല സാമൂഹ്യ വർഗങ്ങളുടെയും അതായത് മുതലാളിത്ത സമൂഹത്തിന്റെതന്നെ വരുമാനത്തിന്റെ പലപല സ്രോതസ്സുകളെയാണ് ആദായനികുതി വിവക്ഷിക്കുന്നത്. ആയതിനാൽ, ലിവർ പൂളിലെ ധനകാര്യപരിഷ്ക്കരണ പക്ഷക്കാർ–ഗ്ലാഡ്സ്റ്റണിന്റെ സഹോദരന്റെ നേതൃത്വത്തിലുള്ള ബൂർഷ്വാസി – ഈ പരിപാടിയിൽ

പറഞ്ഞിട്ടുള്ള അതേ ആവശ്യം തന്നെ മുന്നോട്ടു വച്ചിട്ടുള്ളതിൽ അത്ഭുതമില്ല.

"ബി." ഭരണകൂടത്തിന്റെ ധൈഷണികവും ധാർമ്മികവുമായ അടിത്തറയെന്ന നിലയ്ക്ക് ജർമ്മൻ വർക്കേഴ്സ് പാർടി ആവശ്യപ്പെടുന്നു:

"1. സർക്കാരിന്റെ ചുമതലയിൽ സാർവത്രികവും തുല്യനിലയിലുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസം.

സ്ക്കൂളിൽ പോകണമെന്നത് നിർബന്ധിതവും സാർവത്രികവുമാക്കുക. സൗജന്യമായി പഠിപ്പിക്കുക"

തുല്യനിലയിലുള്ള പ്രാഥമിക വിദ്യാഭ്യാസമോ? ഈ വാക്കുകളുടെ പിന്നിലുള്ള ആശയമെന്താണ്? ഇന്നത്തെ സമൂഹത്തിൽ (അതേക്കുറിച്ച് മാത്രമാണല്ലോ പരാമർശിക്കുന്നത്.വിദ്യാഭ്യാസം എല്ലാ വർഗങ്ങൾക്കും തുല്യനിലയിലുള്ളതാക്കാൻ കഴിയുമെന്നാണോ കരുതുന്നത്? അതോ കൂലിവേലക്കാരുടെ മാത്രമല്ല കർഷകരുടേയും സാമ്പത്തിക സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന ഒരേയൊരു വിദ്യാഭ്യാസ തലമായ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ തലത്തിലേക്ക് ഉപരിവർഗങ്ങളേയും കൂടി നിർബന്ധമായി തരംതാഴ്ത്തണം എന്നാണോ ആവശ്യപ്പെടുന്നത്?

"സ്ക്കൂളിൽ പോകണമെന്നത് നിർബന്ധിതമാക്കുക. സൗജന്യമായി പഠിപ്പിക്കുക." ഇതിൽ ആദ്യത്തേത് ജർമ്മനിയിൽ പോലും നിലവിലുണ്ട്. രണ്ടാമത്തേതാകട്ടെ, പ്രാഥമിക വിദ്യാലയങ്ങളുടെ കാര്യത്തിൽ സ്വിറ്റ്സർലണ്ടിലും അമേരിക്കയിലും നിലവിലുണ്ട്. അമേരിക്കയിലെ ചില സ്റ്റേറ്റുകളിൽ ഉപരിവിദ്യാഭ്യാസ സ്ഥാപനങ്ങളും "സൗജന്യ" മാണെന്ന് പറഞ്ഞാൽ അതിനർത്ഥം ഉപരിവർഗങ്ങളുടെ വിദ്യാഭ്യാസ ചെലവ് പൊതു ഖജനാവിൽ നിന്ന് നിർവഹിക്കുന്നുവെന്നേയുള്ളു. എ 5–ാം ഖണ്ഡികയിൽ ആവശ്യപ്പെട്ടിരിക്കുന്ന "സൗജന്യമായ നീതിനിർവഹണ" ത്തെ സംബന്ധിച്ചും ഇതാണ് അവസ്ഥ എന്ന് കൂട്ടത്തിൽ പറയട്ടെ. ക്രിമിനൽ നീതിനിർവഹണം എല്ലായിടത്തും സൗജന്യമാക്കേണ്ടതാണ്. എന്നാൽ സിവിൽ നീതി നിർവഹണം ഏകദേശം പൂർണമായും സ്വത്ത് സംബന്ധമായ തർക്കങ്ങളായതുകൊണ്ട് അത് പ്രധാനമായും സ്വത്തുടമാ വർഗങ്ങളെ മാത്രമേ ബാധിക്കുന്നുള്ളു എന്ന് പറയാനാവുന്നതാണ്. അത് പൊതു ഖജനാവിൽ നിന്ന് പണമെടുത്ത് അവരുടെ വ്യവഹാരം നടത്തണമെന്നാണോ പറയുന്നത്?

സ്ക്കൂളുകളെ സംബന്ധിച്ചുള്ള ഖണ്ഡികയിൽ പ്രാഥമിക സ്ക്കൂളുകളോടൊപ്പം ടെക്നിക്കൽ സ്ക്കൂളുകൾ (സൈദ്ധാന്തികവും

(പ്രായോഗികവും) വേണമെന്നെങ്കിലും ആവശ്യപ്പെടേണ്ടതായിരുന്നു.

"സർക്കാരിന്റെ ചുമതലയിൽ പ്രാഥമിക വിദ്യാഭ്യാസം" എന്നത് തികച്ചും അസ്വീകാര്യമാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ചെലവ്, അദ്ധ്യാപകരുടെ യോഗ്യതകൾ ബോധനശാഖകൾ തുടങ്ങിയ കാര്യങ്ങൾ ഒരു പൊതു നിയമം വഴി നിർവഹിക്കുകയും അമേരിക്കയിൽ ചെയ്യുന്നതു പോലെ സ്റ്റേറ്റ് ഇൻസ്പെക്ടർമാർ നിയമത്തിന്റെ നിബന്ധനകളുടെ നിർവഹണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത് ഒരു കാര്യം. എന്നാൽ സർക്കാരിനെ ജനങ്ങളുടെ ബോധകൻ (Educator) എന്ന നിലയിൽ നിയോഗിക്കുന്നത് തികച്ചും മറ്റൊരു കാര്യമാണ്! സ്കൂളിന്റെ മേൽ സ്വാധീനം ചെലുത്തുന്നതിൽ നിന്ന് സർക്കാരിനെയും പള്ളിയെയും ഒരേപോലെ ഒഴിച്ചുനിർത്തുകയാണ് വേണ്ടത്. അതേസമയം, പ്രഷ്യൻ-ജർമ്മൻ സാമ്രാജ്യത്തിലാകട്ടെ, (ഭാവി ഭരണകൂടത്തിന്റെ കാര്യമാണ് പറയുന്നതെന്ന അർത്ഥശൂന്യമായ ഒഴികഴിവിൽ അഭയം തേടിയിട്ട് കാര്യമില്ല; ഇത് സംബന്ധിച്ച കാര്യങ്ങളുടെ കിടപ്പെങ്ങനെയാണെന്ന് നാം കണ്ടതാണല്ലോ) ജനങ്ങൾ സർക്കാരിന് അങ്ങേയറ്റം കർശനമായ ബോധനം നൽകേണ്ടതാണ് ആവശ്യമായിരിക്കുന്നത്.

ഈ ജനാധിപത്യ ജൽപനങ്ങൾ എല്ലാമുണ്ടെങ്കിലും പരിപാടിയിലുടനീളം ഭരണകൂടത്തിനോടുള്ള ലസ്സാലിയൻ വിഭാഗക്കാരുടെ ദാസ്യ മനോഭാവത്തിന്റെ അഥവാ അതിലല്പം പോലും മെച്ചമല്ലാത്ത, അത്ഭുത സംഭവങ്ങളിലുള്ള ജനാധിപത്യ വിശ്വാസത്തിന്റെ കറ പുരണ്ടിട്ടുണ്ട്. കൃത്യമായി പറഞ്ഞാൽ, അത്ഭുത സംഭവങ്ങളിലുള്ള വിശ്വാസത്തിന്റെ രണ്ട് വകഭേദങ്ങൾ തമ്മിലുള്ള ഒരു ഒത്തുതീർപ്പാണത്; അതേ പോലെതന്നെ, സോഷ്യലിസത്തിൽ നിന്ന് അകന്നു നിൽക്കുന്നതുമാണത്.

"*ശാസ്ത്രത്തിന്റെ സ്വാതന്ത്ര്യം*" പ്രഷ്യൻ ഭരണഘടനയുടെ ഒരു ഖണ്ഡികയിൽ പറയുന്നുണ്ട്. ഇവിടെപ്പിന്നെ എന്തിനാണത്?

"*മനഃസ്സാക്ഷിയുടെ സ്വാതന്ത്ര്യം*" കുൾത്തൂർക്കാംപ്ഫിന്റെ" (സാംസ്കാരത്തിനായുള്ള സമരം) ഇക്കാലത്ത് ലിബറലിസത്തെ അതിന്റെ പഴയ മുദ്രാവാക്യങ്ങൾ ഓർമിപ്പിക്കണമെന്നുണ്ടെങ്കിൽ തീർച്ചയായും അത് ചെയ്യാൻ കഴിയുമായിരുന്നത് താഴെപ്പറയുന്ന രൂപത്തിൽ മാത്രമാണ്:

പൊലീസിന്റെ ഇടപെടലുകൾ കൂടാതെ അവരവരുടെ മതപരവും ശാരീരികവുമായ ആവശ്യങ്ങൾ നിറവേറ്റാൻ എല്ലാപേർക്കും കഴിയണം. എന്തുതന്നെയായാലും ഇതോടനുബന്ധിച്ച് വർക്കേഴ്സ് പാർടി ഒരു കാര്യം പ്രസ്താവിക്കേണ്ടതായിരുന്നു. ബൂർഷ്വാ "മനഃസാക്ഷിയുടെ സ്വാതന്ത്ര്യം" എന്നാൽ എല്ലാ വിധത്തിലും പെട്ട മത



*പരമായ മനഃസാക്ഷിയുടെ സ്വാതന്ത്ര്യ*ത്തെ വച്ചുപൊറുപ്പിക്കലല്ലാതെ മറ്റൊന്നുമല്ലെന്ന കാര്യം തങ്ങൾക്കറിയാമെന്നും എന്നാൽ മതത്തിന്റെ കൂടോത്രത്തിൽ നിന്ന് മനഃസാക്ഷിയെ മോചിപ്പിക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്നും അത് പറയണമായിരുന്നു. പക്ഷേ, "ബൂർഷ്വാ" നിലവാരത്തെ അതിലംഘിക്കാൻ പാടില്ലെന്നാണല്ലോ തീരുമാനിച്ചിരിക്കുന്നത്!

ഞാനവസാനിപ്പിക്കുകയാണ്! കാരണം പരിപാടിയിൽ തുടർന്നുള്ള അനുബന്ധം അതിന്റെ കാതലായ ഒരു ഭാഗമല്ല. അതിനാൽ അതിനെക്കുറിച്ച് ചുരുക്കിപ്പറയാം.

*2. "ക്രമപ്രകാരമുള്ള തൊഴിൽ ദിനം"*

മറ്റൊരു രാജ്യത്തും തൊഴിലാളികളുടെ ഒരു പാർടിയും അനിശ്ചിതമായ ഒരു ആവശ്യത്തിൽ സ്വയം ഒതുങ്ങി നിന്നിട്ടില്ല. നിർദ്ദിഷ്ട സാഹചര്യങ്ങളിൽ ക്രമപ്രകാരമെന്ന് അത് കരുതുന്ന തൊഴിൽ ദിനത്തിന്റെ ദൈർഘ്യം പാർടി എപ്പോഴും കൃത്യമായി പറയാറുണ്ട്.

3. "സ്ത്രീകളുടെ അധ്വാനം പരിമിതപ്പെടുത്തുകയും ബാലവേല നിരോധിക്കുകയും ചെയ്യുക"

തൊഴിൽ ദിനത്തിന്റെ ദൈർഘ്യം, ഇടവേളകൾ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീകളുടെ അധ്വാനത്തെ പരിമിതപ്പെടുത്തിയിരിക്കുന്നുവെന്ന സംഗതി തൊഴിൽ ദിനത്തിന്റെ ക്രമീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കണം. അല്ലെങ്കിൽ, വിശേഷിച്ചും സ്ത്രീകളുടെ ശരീരത്തിന് ഹാനികരമോ സ്ത്രീകളെ സംബന്ധിച്ചിടത്തോളം സാന്മാർഗികമായി ആക്ഷേപാർഹമോ (Objectionable Morally for Female Sex) ആയ വ്യവസായ ശാഖകളിൽ അവരെക്കൊണ്ട് പണിയെടുപ്പിക്കരുതെന്ന് മാത്രമേ അർത്ഥം വരൂ. അതാണ് ഉദ്ദേശിക്കുന്നതെങ്കിൽ, ആ കാര്യം വ്യക്തമായി പറയേണ്ടതായിരുന്നു.

"ബാലവേല നിരോധിക്കുക" ഇവിടെ പ്രായപരിധി കൃത്യമായും പറയേണ്ടത് എത്രയും ആവശ്യമായിരുന്നു.

ബാലവേല *പൊതുവിൽ നിരോധിക്കുക* എന്നത് വൻകിട വ്യവസായവുമായി പൊരുത്തപ്പെടുന്ന കാര്യമല്ല. അതിനാൽ അത് കഴമ്പില്ലാത്ത ആഗ്രഹചിന്ത മാത്രമാണ്. അതിന്റെ സാക്ഷാൽക്കരണം സാധ്യമായാൽ തന്നെ, അത് പിന്തിരിപ്പനായിരിക്കും. കാരണം വിവിധ പ്രായക്കാർക്കുള്ള തൊഴിൽ സമയം കർശനമായി ക്രമീകരിക്കുകയും കുട്ടികളുടെ സംരക്ഷണത്തിന് മറ്റ് കരുതൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതോടൊപ്പം ഉൽപാദനക്ഷമമായ അധ്വാനത്തെ വിദ്യാഭ്യാസവുമായി കാലേക്കൂട്ടിത്തന്നെ സംയോജിപ്പിക്കൽ

ഇന്നത്തെ സമൂഹത്തെ രൂപാന്തരപ്പെടുത്താനുള്ള ഏറ്റവും ശക്തമായ മാർഗങ്ങളിലൊന്നാണ്.

4. "ഫാക്ടറി-കൈത്തൊഴിൽ-കുടിൽ വ്യവസായങ്ങളുടെ കാര്യത്തിൽ സർക്കാർ മേൽനോട്ടം വഹിക്കണം.

ഒരു നീതിന്യായ കോടതി മാത്രമേ, ഇൻസ്പെക്ടർമാരെ നീക്കം ചെയ്യാൻ പാടുള്ളുവെന്നും കൃത്യവിലോപത്തിന് അവരെ കോടതിയിൽ കയറ്റാൻ ഏതൊരു തൊഴിലാളിക്കും കഴിയണമെന്നും അവർ മെഡിക്കൽ വിദ്യാഭ്യാസമുള്ളവരായിരിക്കണമെന്നും പ്രഷ്യൻ-ജർമ്മൻ ഭരണകൂടത്തിനെ മുന്നിൽ കണ്ടുകൊണ്ട് ഖണ്ഡിതമായി ആവശ്യപ്പെടേണ്ടതായിരുന്നു.

5. "തടവുകാരുടെ അധ്വാനം ക്രമീകരിക്കൽ"

പൊതുവായ ഒരു തൊഴിലാളി പരിപാടിയിൽ ഇതൊരു നിസ്സാരമായ ആവശ്യമാണ്. എന്തായാലും, മത്സരം ഭയന്ന് സാധാരണ ക്രിമിനൽ പുള്ളികളോട് മൃഗങ്ങളോടെന്നപോലെ പെരുമാറാനുദ്ദേശമില്ലെന്നും പ്രത്യേകിച്ച് അവരെ നന്നാക്കാനുള്ള ഒരേയൊരു മാർഗമായ ഉൽപാദനക്ഷമമായ അധ്വാനം അവർക്ക് നിഷേധിക്കുവാൻ ആഗ്രഹിക്കുന്നില്ലെന്നും വ്യക്തമായി പറയേണ്ടതായിരുന്നു. സോഷ്യലിസ്റ്റുകളിൽ നിന്ന് ഏറ്റവും ചുരുങ്ങിയത് ഇതെങ്കിലും എല്ലാപേരും പ്രതീക്ഷിക്കും.

6. "ഫലപ്രദമായ ഒരു ബാധ്യതാനിയമം"

"ഫലപ്രദമായ" ബാധ്യതാനിയമം എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതായിരുന്നു. ക്രമപ്രകാരമുള്ള തൊഴിൽദിനത്തെപ്പറ്റിപ്പറയുമ്പോൾ, ആരോഗ്യപരിരക്ഷ, നടപടികളേയും അപകടനിവാരണ നടപടികളേയും മറ്റും പരാമർശിക്കുന്ന ഫാക്ടറി നിയമത്തിന്റെ ഭാഗം അവഗണിച്ചിരിക്കുന്നുവെന്ന് കൂട്ടത്തിൽ പറയട്ടെ. ഈ നിബന്ധനകൾ ലംഘിക്കപ്പെടുമ്പോൾ മാത്രമാണ് ബാധ്യതാനിയമം പ്രാവർത്തികമാകുന്നത്.

ചുരുക്കത്തിൽ, അശ്രദ്ധമായ എഡിറ്റിംഗ് ഈ അനുബന്ധത്തിന്റേയും സവിശേഷതയാണ്.

"എനിക്ക് പറയാനുള്ളത് പറഞ്ഞു കഴിഞ്ഞു, എന്റെ ആത്മാവിനെ രക്ഷിച്ചു"

1875 ഏപ്രിൽ-മെയ് മാസങ്ങളിൽ എഴുതിയത്.

# അനുബന്ധം 1
# എംഗൽസ് ബേബലിനെഴുതിയ കത്ത്

ലണ്ടൻ 1875 മാർച്ച് 18–28

പ്രിയപ്പെട്ട ബേബൽ,

ഫെബ്രുവരി 23ന് താങ്കളയച്ച കത്ത് കിട്ടി. താങ്കളുടെ ആരോഗ്യസ്ഥിതി മെച്ചമാണെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

ഏകീകരണ ബിസിനസിനെക്കുറിച്ച് ഞങ്ങളെന്താണ് ചിന്തിക്കുന്നത് എന്നാണ് താങ്കൾ ചോദിക്കുന്നത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഞങ്ങളുടെ സ്ഥിതിയും താങ്കളെപ്പോലെ തന്നെയാണ്. ലീബ്ക്നെഹ്റ്റോ മറ്റാരെങ്കിലുമോ ഇതേവരെ ഞങ്ങൾക്ക് ഒരു വിവരവും എത്തിച്ചു തന്നിട്ടില്ല. ആയതിനാൽ പത്രങ്ങളിൽ കണ്ടകാര്യങ്ങൾ മാത്രമേ ഞങ്ങൾക്കുമറിയാവൂ. ഒരാഴ്ച മുമ്പ് കരടു പരിപാടി പ്രത്യക്ഷപ്പെടുന്നതുവരെ പത്രങ്ങളിലും ഒന്നുമുണ്ടായിരുന്നില്ല. ഈ കരട് പരിപാടി ഞങ്ങളെ കുറച്ചൊന്നുമല്ല അത്ഭുതപ്പെടുത്തിയത്.

ലസ്സാലിയൻമാരുടെ മുന്നിൽ നമ്മുടെ പാർടി അനുരഞ്ജന വാഗ്ദാനങ്ങൾ അഥവാ കുറഞ്ഞ പക്ഷം സഹകരണ വാഗ്ദാനങ്ങളെങ്കിലും അടിക്കടി മുന്നോട്ടു വച്ചിരുന്നു. എന്നാൽ ഹാസൻക്ലെവർമാരും ഹാസൽമാന്മാരും ടോൾക്കെമാരും ആ നീക്കങ്ങളെയെല്ലാം അവജ്ഞയോടെ സദാ നിരസിക്കുകയാണുണ്ടായത്. അതിൽ നിന്ന് ഇത്തരമൊരു നിഗമനത്തിൽ മാത്രമേ ഇപ്പോൾ ഒരു കൊച്ചുകുട്ടിയ്ക്കുപോലും എത്തിച്ചേരാനാകൂ. ഈ മാന്യന്മാർ ഇപ്പോൾ സ്വയം മുന്നോട്ടു വന്ന് അനുരഞ്ജനനിർദ്ദേശം അവതരിപ്പിക്കുന്നത് അവർ വല്ലാത്ത വിഷമസന്ധിയിൽ അകപ്പെട്ടതിനാലായിരിക്കണം. പക്ഷേ, ഈ കൂട്ടരുടെ പ്രസിദ്ധമായ സ്വഭാവം പരിഗ

ണിക്കുമ്പോൾ അവരുടെ ഈ വിഷമസന്ധിയെ പ്രയോജനപ്പെടുത്തേണ്ടതും അത് ഉപയോഗിച്ച് അവരിൽ നിന്ന് എല്ലാവിധ ഉറപ്പുകളും നേടിയെടുക്കേണ്ടതും നമ്മുടെ കടമയാണ്. അങ്ങനെ തൊഴിലാളികളുടെ പൊതു അഭിപ്രായഗതിയിൽ അവർക്കുണ്ടായിരുന്ന മേൽക്കൈ തകർന്നു പോയത് നമ്മുടെ പാർടിയുടെ ചെലവിൽ അവർ പുനഃസ്ഥാപിക്കുന്നത് തടയാനാകും. അവരെ സ്വീകരിക്കേണ്ടത് തണുപ്പൻ മനോഭാവത്തോടെയും അവിശ്വാസത്തോടെയുമായിരിക്കണം. തങ്ങളുടെ വിഭാഗീയ മുദ്രാവാക്യങ്ങൾ അവർ ഏതു പരിധി വരെ കൈയൊഴിയാൻ സന്നദ്ധരാകും, സർക്കാർ സഹായം ഒഴിവാക്കാൻ അവർ തയ്യാറാകുമോ, 1869 ലെ ഐസനാക്ക് പരിപാടിയോ ഇതിനകം കാലോചിതമായി പുതുക്കപ്പെട്ട അതിന്റെ പുതിയ പതിപ്പോ അതിന്റെ സാരാംശത്തിൽ അംഗീകരിക്കാൻ അവർ തയ്യാറാകുമോ എന്നതിനെയെല്ലാം ആശ്രയിച്ചാണ് ഐക്യം ഉണ്ടാകുന്നത്. സൈദ്ധാന്തിക മണ്ഡലത്തിൽ ലസ്സാലിയന്മാരിൽ നിന്ന് നമ്മുടെ പാർടിക്ക് കേവലമായി ഒന്നും തന്നെ പാലിക്കാനില്ല. ആയതിനാൽ, അവരുടെ പരിപാടിയുടെ നിർണായകമായ ഭാഗങ്ങളിൽ ഒന്നും തന്നെ നമുക്ക് സ്വീകാര്യവുമല്ല. എന്നാൽ നിശ്ചയമായും നമ്മുടെ പാർടിയിൽ നിന്ന് ലസ്സാലിയന്മാർക്ക് പലതും പഠിക്കാനുണ്ട്. ഐക്യം ഉണ്ടാക്കുന്നതിന്റെ ഒന്നാമത്തെ വ്യവസ്ഥ അവർ വിഭാഗീയത അവസാനിപ്പിക്കണമെന്നതാണ്. സർവോപരി സാർവത്രികമായ സിദ്ധൗഷധമായി സർക്കാർ സഹായത്തെ കണക്കാക്കുന്ന ലസ്സാലിയന്മാർ പൂർണമായും അത് കൈവെടിഞ്ഞില്ലെങ്കിൽ പോലും പരിവർത്തനഘട്ടത്തിലെ അപ്രധാന നടപടിയെന്ന നിലയിൽ–മറ്റൊട്ടേറെ നടപടിക്കിടയിലും അവയ്ക്കൊപ്പവും ഒന്നെന്ന നിലയിൽ – മാത്രം അതിനെ അംഗീകരിക്കണമെന്നതാണ്. ലസ്സാലിയൻ നേതാക്കന്മാരെക്കാൾ സൈദ്ധാന്തികമായി നൂറ് മടങ്ങ് മേന്മയുള്ളവരാണ് നമ്മുടെ നേതാക്കന്മാർ എന്നും അതേസമയം രാഷ്ട്രീയ സൂത്രശാലിത്വത്തിന്റെ കാര്യത്തിൽ നമ്മുടെ നേതാക്കന്മാർ ലസ്സാലിയന്മാരെക്കാൾ താഴ്ന്ന നിലവാരത്തിലാണെന്നും കരട് പരിപാടി നമുക്ക് കാണിച്ച് തരുന്നു. വീണ്ടും സത്യസന്ധതയില്ലാത്തവർ സത്യസന്ധന്മാരെ ഏറെ ക്രൂരമായി പീഡിപ്പിക്കുകയാണ്.

ആദ്യമേതന്നെ, ഗംഭീരമെന്ന തോന്നലുളവാക്കുന്നതും ചരിത്രപരമായി തെറ്റായതുമായ ലസ്സാലിയൻ പദപ്രയോഗം സ്വീകരിക്കപ്പെട്ടിരിക്കുന്നു: തൊഴിലാളിവർഗവുമായി താരതമ്യപ്പെടുത്തിയാൽ മറ്റെല്ലാ വർഗങ്ങളും ഒരു പിന്തിരിപ്പൻ ഗണം മാത്രമാണ്. അപൂർവം ചില സന്ദർഭങ്ങളിൽ മാത്രമാണ് ഈ പ്രസ്താവന ശരിയാവുന്നത്: ഉദാഹരണത്തിന്, കമ്യൂണിനെപ്പോലെയുള്ള തൊഴിലാളിവർഗത്തിന്റെ ഒരു വിപ്ലവത്തിൽ അഥവാ ബൂർഷ്വാസി സ്വന്തംപ്രതിച്ഛായയിൽ ഭരണകൂടത്തെയും സമൂഹത്തെയും കരുപ്പിടിപ്പിച്ചതിനോടൊപ്പം ജനാധിപത്യ



വാദികളായ പെറ്റി ബൂർഷ്വാസിയുംകൂടി ഉണർന്നെണീറ്റ് ഈ കരുപ്പിടിപ്പിക്കലിൽ പങ്ക് ചേർന്ന് അതിന്റെ അന്തിമഫലങ്ങൾ കൈവരിച്ചുകഴിഞ്ഞ ഒരു രാജ്യത്ത് മാത്രം. ഉദാഹരണത്തിന്, ജർമ്മനിയിൽ ജനാധിപത്യവാദികളായ പെറ്റി ബൂർഷ്വാസി ഈ പിന്തിരിപ്പൻ ഗണത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ, സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർടിക്ക് വർഷങ്ങളായി ആ വിഭാഗവുമായി–പീപ്പിൾസ് പാർടിയുമായി–കൈകോർത്ത് പോകാൻ കഴിയുന്നത് എങ്ങനെയാണ്? എങ്ങനെയാണ് *വോൾക്ക്സ്റ്റാറ്റിന്* അതിന്റെ മുഴുവൻ രാഷ്ട്രീയ ഉള്ളടക്കവും പെറ്റിബൂർഷ്വ ജനാധിപത്യവാദികളുടെ *ഫ്രാങ്ക്ഫർടർ സൈത്തുങ്ങിൽ* നിന്നും സ്വീകരിക്കാൻ കഴിയുന്നത്? പീപ്പിൾസ് പാർടിയുടേയും പെറ്റിബൂർഷ്വാ ജനാധിപത്യത്തിന്റേയും പരിപാടിയുമായി പ്രത്യക്ഷത്തിലും അക്ഷരാർത്ഥത്തിലും ഒത്തുപോകുന്ന തരത്തിലുള്ള ഏഴ് ഡിമാൻഡുകളെങ്കിലും പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്തിനാണ്? ഒന്നു മുതൽ അഞ്ച് വരെയും ഒന്നു മുതൽ രണ്ട് വരെയുമുള്ള ഏഴ് രാഷ്ട്രീയ ഡിമാൻഡുകളിൽ *ബൂർഷ്വാ ഡെമോക്രാറ്റിക്* അല്ലാത്ത ഒരെണ്ണം പോലും ഇല്ലെന്നാണ് ഞാൻ അർത്ഥമാക്കുന്നത്."

രണ്ടാമതായി, എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളുടെയും കാര്യത്തിൽ തൊഴിലാളിപ്രസ്ഥാനം ഒരു സാർവദേശീയ പ്രസ്ഥാനമാണെന്ന തത്വത്തെ ഇന്ന് പരിപൂർണമായും നിരാകരിച്ചിരിക്കുകയാണ്; ഏറ്റവും വിഷമകരമായ സാഹചര്യങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷക്കാലമാകെ അത്യുജ്വലമായി ഈ തത്വം ഉയർത്തിപ്പിടിച്ച അതേ ആളുകൾതന്നെയാണ് ഇപ്പോൾ ഇങ്ങനെ ചെയ്യുന്നത്. യൂറോപ്യൻ പ്രസ്ഥാനത്തിന്റെ അമരത്ത് ജർമ്മൻ തൊഴിലാളികൾക്ക് ഇന്ന് ലഭിച്ചിരിക്കുന്ന സ്ഥാനത്തിന് *മുഖ്യമായ* കാരണം യുദ്ധകാലത്ത് അവർ സ്വീകരിച്ച തികച്ചും കലർപ്പറ്റ സാർവദേശീയ നിലപാടായിരുന്നു. മറ്റൊരിടത്തേയും തൊഴിലാളിവർഗം ഇത്രയേറെ നന്നായി പെരുമാറിയിട്ടുണ്ടാവില്ല. ഏതെങ്കിലും സംഘടനയിൽ അണിനിരന്ന് തൊഴിലാളിവർഗം ഈ സാർവദേശീയ നിലപാട് പ്രകടിപ്പിക്കാൻ നടത്തുന്ന നീക്കങ്ങളെയെല്ലാം അടിച്ചമർത്താൻ എല്ലായിടത്തേയും ഗവണ്മെന്റുകൾ നടത്തുന്ന ശ്രമങ്ങളെ അതേ ഊക്കോടെ ചെറുക്കുന്നതിന് വിദേശങ്ങളിലെല്ലാമുള്ള തൊഴിലാളികൾ ഈ തത്വം ഉയർത്തിപ്പിടിക്കുമ്പോഴാണ് ജർമ്മനിയിലുള്ളവർ ഈ സാർവദേശീയ തത്വത്തെ നിരാകരിക്കുന്നത്. അപ്പോൾ തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ സാർവദേശീയതയിൽ എന്താണ് ഇനി ബാക്കിയുള്ളത്? ബൂർഷ്വാസിയുടെ സമാധാനത്തിനായുള്ള ലീഗിന്റെ "യൂറോപ്യൻ ഐക്യനാടുകൾ" എന്നതിനുവേണ്ടിയുള്ള "ജനവിഭാഗങ്ങളുടെ അന്താരാഷ്ട്ര സാഹോദര്യം" എന്ന ഭാവിയ യൂറോപ്യൻ തൊഴിലാളികളുടെ മോചനത്തിനായുള്ള തൊഴിലാളികളില്ലാതെ തങ്ങളുടെ ഭാവി സഹകരണത്തിനുവേണ്ടിയുള്ള ദുർബലമായ ഒരു സാധ്യ

തപോലും ഇല്ലാതായിരിക്കുകയാണ്!

അങ്ങനെ ഇന്റർനാഷണലിനെക്കുറിച്ചുള്ള സംസാരം തന്നെ അനാവശ്യമായിരിക്കുന്നുവെന്ന് ഉറപ്പായിരിക്കുന്നു.എന്നാൽ നിശ്ചയമായും ചുരുങ്ങിയ പക്ഷം 1869 ലെ പരിപാടിയിൽ നിന്ന് പിന്മാറാതെയെങ്കിലുമിരിക്കണം; അതോടൊപ്പം ചുവടെ പറയുന്ന വിധത്തിൽ പറയുകയെങ്കിലും വേണം: *ഒന്നാമതായും* ജർമ്മൻവർക്കേഴ്സ് പാർടി അതിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന രാഷ്ട്രാതിർത്തികൾക്കകത്താണ് പ്രവർത്തിക്കുക *എന്നിരിക്കിലും* (അതിന് യൂറോപ്യൻ തൊഴിലാളിവർഗത്തിന്റെ പേരിൽ സംസാരിക്കാനോ, വിശിഷ്യ തെറ്റായിട്ട് എന്തെങ്കിലും പറയാനോ, യാതൊരു അവകാശവും ഇല്ല.)അത് എല്ലാ രാജ്യങ്ങളിലെയും തൊഴിലാളികൾ തമ്മിലുള്ള അതിന്റെ ഐക്യദാർഢ്യത്തെക്കുറിച്ച് ബോധ്യമുള്ളതും ഇതേവരെ എന്നതുപോലെ തന്നെ തുടർന്നും ഈ ഐക്യദാർഢ്യം അവരുടെ മേൽ നിക്ഷിപ്തമാക്കുന്ന ചുമതലകൾ നിർവഹിക്കാൻ സന്നദ്ധത ഉള്ളതുമായ ഒന്നാണ്. ഇന്റർനാഷണലിന്റെ ഭാഗമാണെന്ന് നേരിട്ട് സ്വയം പ്രഖ്യാപിക്കുകയോ അങ്ങനെ കരുതുകയോ പോലും ചെയ്യാതെ തന്നെ നിലനിൽക്കുന്നതാണ് അത്തരം ബാധ്യസ്ഥതകൾ–ഉദാഹരണത്തിന്, പണിമുടക്കുകളെ സഹായിക്കുക, കരിങ്കാലിപ്പണി ചെയ്യാതിരിക്കുക; വിദേശങ്ങളിലുള്ള പ്രസ്ഥാനങ്ങളെക്കുറിച്ച് പാർടി മുഖപത്രങ്ങളിലൂടെ ജർമ്മൻ തൊഴിലാളികളെ അറിയിക്കാൻ ശ്രദ്ധ ചെലുത്തുക; മന്ത്രിസഭാ തലത്തിൽ സൃഷ്ടിക്കപ്പെടുന്ന യുദ്ധ ഭീഷണികൾക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുക; 1870 ലെയും 1871 ലെയും മാതൃകയിൽ അത്തരം യുദ്ധങ്ങൾക്കെതിരെയുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ ബാധ്യസ്ഥതകൾ.

മൂന്നാമതായി, നമ്മുടെ ആളുകൾ ലസ്സാലിയൻമാരുടെ "കൂലിയെ സംബന്ധിച്ച ഉരുക്ക് നിയമം" സ്വയം ഏറ്റെടുക്കാൻ സന്നദ്ധരായിരിക്കുകയാണ്. അറുപഴഞ്ചൻ സാമ്പത്തിക വീക്ഷണത്തെ ആധാരമാക്കിയുള്ളതാണ് ആ നിയമം; അതായത്, മാൽത്തൂസിന്റെ ജനസംഖ്യാസിദ്ധാന്തപ്രകാരം എല്ലാ കാലത്തും തൊഴിലാളികളുടെ എണ്ണം അധികമായിരിക്കുമെന്നതിനാൽ തൊഴിലാളിക്ക് ശരാശരി കൂലിയെന്ന നിലയിൽ ലഭിക്കുന്നത് കൂലിയുടെ *മിനിമം* മാത്രമായിരിക്കും. (ഇതായിരുന്നു ലസ്സാലിന്റെ വാദഗതി). കൂലിയെ ക്രമീകരിക്കുന്ന നിയമങ്ങൾ വളരെയേറെ സങ്കീർണമാണെന്നും അതിൽ ചിലപ്പോൾ ഒന്നും മറ്റു ചിലപ്പോൾ മറ്റൊന്നും സാഹചര്യങ്ങൾക്കനുസരിച്ച് ആധിപത്യം ചെലുത്തുമെന്നും ആയതിനാൽതന്നെ അത് ഒരു തരത്തിലും ഉരുക്ക് സ്വഭാവമുള്ളതായിരിക്കില്ലെന്നും മറിച്ച് അത് തികച്ചും ഇലാസ്തിക സ്വഭാവമുള്ളതായിരിക്കുമെന്നും ലസ്സാൽ സങ്കൽപിക്കുന്നതുപോലെ ഏതാനും ചില വാക്കുകളിലായി അതിനെ



വിശദീകരിച്ച് തള്ളിക്കളയാനാവില്ലെന്നും ഇപ്പോൾ മാർക്സ് "*മൂലധന*"ത്തിൽ വിശദമായി തെളിയിച്ചിരിക്കുകയുമാണ്. ഈ നിയമത്തെ പിന്തുണയ്ക്കുന്ന മാൽത്തൂസിയൻ വാദഗതി മാൽത്തൂസിൽ നിന്നും റിക്കാർഡോയിൽ നിന്നും ലസ്സാൽ കോപ്പിയടിക്കുകയാണുണ്ടായത് (റിക്കാർഡോ അതിൽ വരുത്തിയ വളച്ചൊടിക്കൽ സഹിതം). ഉദാഹരണത്തിന് *വർക്കേഴ്സ് റീഡർ* പേജ് 5 ൽ ലസ്സാലിന്റെ തന്നെ മറ്റൊരു ലഘുലേഖയിൽനിന്ന് ഉദ്ധരിച്ചിട്ടുള്ളതിനെ "മൂലധന സഞ്ചയം" എന്ന ഭാഗത്ത് മാർക്സ് വളരെ വിശദമായിതന്നെ നിരാകരിച്ചിരിക്കുകയാണ്. അങ്ങനെ, ലസ്സാലിന്റെ "ഉരുക്ക് നിയമം" സ്വീകരിക്കുന്നതുവഴി നാം ഒരു തെറ്റായ സിദ്ധാന്തത്തെ അതിന്റെ തെറ്റായ സമർത്ഥിക്കൽ സഹിതം സ്വായത്തമാക്കിയിരിക്കുകയാണ്.

നാലാമതായി, ഈ പരിപാടി *ഒരേയൊരു സാമൂഹ്യ ആവശ്യ*മായി മുന്നോട്ടു വെച്ചിരിക്കുന്നത്, ബുച്ചെസിൽ നിന്ന് ലസ്സാൽ കട്ടെടുത്ത്, അതേ രൂപത്തിൽ തന്നെ നഗ്നമായി അദ്ദേഹം അവതരിപ്പിക്കുന്നത് സർക്കാർ സഹായത്തെയാണ്–അതാണെങ്കിലോ, ഈ ഡിമാൻഡിന്റെ ഫലശൂന്യതയെ സംബന്ധിച്ച് വളരെ ഫലപ്രദമായി ബ്രാക്കെ തുറന്നു കാണിച്ചതിനു ശേഷവും" നമ്മുടെ പാർടി പ്രാസംഗികർ ലസ്സാലിയൻമാർക്കെതിരെ ഈ " സർക്കാർ സഹായ" ത്തിന്റെ പേരിൽ അവരെ എതിർക്കാർ ബാധ്യസ്ഥരായിരിക്കുകയും എല്ലാ പേരും അല്ലെങ്കിലും കുറേയേറെപ്പേർ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതിനു ശേഷവുമാണിത്. ഇതിനെക്കാൾ തരംതാഴ്ന്ന നിലയിൽ നമ്മുടെ പാർടിക്ക് സ്വയം അവഹേളിക്കപ്പെടാനാവില്ല. സാർവദേശീയതയെ അമാൻഡ് ഗോഗിന്റെ നിലവാരത്തിലേക്കും സോഷ്യലിസത്തെ ബൂർഷ്വാ റിപ്പബ്ലിക്കനായ ബുച്ചെസിന്റെ നിലവാരത്തിലേക്കും താഴ്ത്തിക്കെട്ടിയിരിക്കുകയാണ്. ബുച്ചെസ്സാകട്ടെ ഈ ഡിമാൻഡ് മുന്നോട്ടുവെച്ചത് *സോഷ്യലിസ്റ്റുകൾക്ക് എതിരായിട്ടാ*യിരുന്നു; അവരെ ഒതുക്കാൻ വേണ്ടി!

എന്നാൽ, സൈദ്ധാന്തികമായി *പരിഹരിക്കപ്പെടാത്ത* ഒരു സാമൂഹ്യ *പ്രശ്നം* നമ്മെ സംബന്ധിച്ചിടത്തോളം ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്ന മട്ടിൽ, "സാമൂഹ്യപ്രശ്നം പരിഹരിക്കാനുള്ള വഴിയൊരുക്കാനായി" എന്ന മുടന്തൻ ന്യായം ഉന്നയിച്ചുകൊണ്ട്, അത് നേടുക എന്ന ലക്ഷ്യപ്രാപ്തിക്കായി അവതരിപ്പിക്കുന്ന മറ്റു പല നടപടികളുടെ കൂട്ടത്തിൽ ഒന്നുമാത്രമാണ് ലസ്സാലിയൻ അർത്ഥത്തിലുള്ള "സർക്കാർ സഹായം." അപ്പോൾ, വ്യവസായത്തിലും കൃഷിയിലും സഹകരണ ഉൽപാദനം സ്ഥാപിച്ചുകൊണ്ട്, കൂലിവേലയെ നിർമാർജനം ചെയ്യാനും അതോടൊപ്പം സമസ്ത വർഗ വ്യത്യാസങ്ങളെയും നിർമാർജനം ചെയ്യാനും ജർമ്മൻ വർക്കേഴ്സ് പാർടി ശ്രമിക്കുന്നുവെന്നും ഈ ലക്ഷ്യം നേടാൻ അനുയോജ്യമായതരത്തി

ലുള്ള എല്ലാവിധ നടപടികളെയും പിന്താങ്ങുന്നുവെന്നും ആരെങ്കിലുമൊരാൾ പറയുകയാണെങ്കിൽ ഒരു ലസ്സാലിയനും അതിനെ എതിർക്കാനാവില്ല.

അഞ്ചാമതായി, തൊഴിലാളിവർഗത്തെ ഒരു വർഗം എന്ന നിലയിൽ ട്രേഡ് യൂണിയനുകളിലൂടെ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരു വാക്കുപോലും ഇതിലില്ല. വളരെ കാതലായ ഒരു പോയിന്റാണത്; കാരണം, അതാണ് തൊഴിലാളിവർഗത്തിന്റെ യഥാർത്ഥ വർഗ സംഘടന; അതിലൂടെയാണ് അത് മൂലധനവുമായി നിത്യേന ഏറ്റുമുട്ടേണ്ടത്; അതിലൂടെയാണ് അത് സ്വയം പരിശീലനം നേടുന്നത്; ഇക്കാലത്ത് ഏറ്റവും കടുത്ത പിന്തിരിപ്പത്തത്തിനിടയിൽ പോലും (ഇപ്പോൾ പാരിസിൽ എന്നപോലെ) അതിനെ തകർത്തെറിയാൻ സാധ്യമാവില്ല. ജർമ്മനിയിലും ഈ സംഘടന കൈവരിച്ചിരിക്കുന്ന പ്രാധാന്യം പരിഗണിക്കുമ്പോൾ, അതിനെക്കുറിച്ച് പരിപാടിയിൽ പരാമർശിക്കേണ്ടത് തികച്ചും അനുപേക്ഷണീയമാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം; കഴിയുമെങ്കിൽ പാർടി സംഘടനയ്ക്കകത്ത് പോലും അതിനായി ഒരു സ്ഥാനം ഒഴിച്ചിടേണ്ടതാണ്.

നമ്മുടെ ആളുകൾ ഇതെല്ലാം ചെയ്തതാകട്ടെ, ലസ്സാലിയന്മാരെ പ്രീണിപ്പിക്കാനുമാണ്. അതേസമയം മറുവിഭാഗം നടത്തിയ വിട്ടുവീഴ്ചകളോ? *തികച്ചും ജനാധിപത്യപരം മാത്രമായ ഡിമാൻഡുകളുടെ ആശയക്കുഴപ്പം* നിറഞ്ഞ ഒരു കുമ്പാരത്തെ തന്നെ പാർടിപരിപാടിയിൽ ഉൾപ്പെടുത്താൻ അനുവദിച്ചുവെന്നത് മാത്രം! അവയിൽ പലതും കേവലം ശൈലിയുടെ കാര്യത്തിൽ മാത്രവും. ഉദാഹരണത്തിന്, "ജനങ്ങൾ തന്നെ നിയമനിർമ്മാണം നടത്തൽ." അത് സ്വിറ്റ്സർലണ്ടിൽ നിലവിലുള്ളതാണ്. അത് എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ ദോഷം മാത്രമായിരിക്കും. *ജനങ്ങളുടെ ഭരണം* എന്നായിരുന്നുവെങ്കിൽ, അതിൽ എന്തെങ്കിലും കഴമ്പ് ഉണ്ടാകുമായിരുന്നു. അതേ പോലെതന്നെ ഉൾപ്പെടുത്താതിരിക്കുന്ന കാര്യമാണ് സർവസ്വാതന്ത്ര്യങ്ങളുടെയും ഒന്നാമത്തെ വ്യവസ്ഥ തന്നെയാണ്–എല്ലാ ഉദ്യോഗസ്ഥന്മാരും അവരുടെ ഔദ്യോഗിക നടപടികൾക്ക് എല്ലാ സാധാരണ കോടതികൾക്ക് മുന്നിലും പൗരന്മാരോട് സാധാരണ നിയമം (Common law) അനുസരിച്ച് ഉത്തരം പറയാൻ ബാധ്യസ്ഥമായിരിക്കുമെന്ന കാര്യം. ശാസ്ത്രത്തിന്റെ സ്വാതന്ത്ര്യം, മനസ്സാക്ഷി സ്വാതന്ത്ര്യം എന്നിത്യാദി ഡിമാൻഡുകൾ എല്ലാ ബൂർഷ്വാ ലിബറൽ പരിപാടികളിലും കാണാവുന്നതാണ്. അവ ഇതിലും കടന്നുകൂടിയിരിക്കുന്നുവെന്നതാണ് വിചിത്രം! ഇതിൽ കൂടുതലായി ഞാൻ മറ്റൊന്നും പറയുന്നില്ല!

സ്വതന്ത്ര ജനകീയ ഭരണകൂടം എന്നതിനെ സ്വതന്ത്രഭരണ



കൂടം എന്നാക്കി മാറ്റിയിരിക്കുന്നു. വ്യാകരണാർത്ഥത്തിൽ എടുത്താൽ, സ്വതന്ത്രഭരണകൂടം എന്നതിന് അർത്ഥം ജനങ്ങളിൽ നിന്ന് സ്വതന്ത്രമായ ഭരണകൂടം എന്നാണ്; അതായത്, സ്വേച്ഛാധിപത്യ സ്വഭാവമുള്ള ഭരണകൂടം എന്നാണ്. ഭരണകൂടത്തെക്കുറിച്ചുള്ള എല്ലാ വർത്തമാനങ്ങളും ഉപേക്ഷിക്കേണ്ടതായിരുന്നു, വിശിഷ്യാ കമ്യൂണിനുശേഷം; അതാകട്ടെ, ആ വാക്കിന്റെ കൃത്യമായ അർത്ഥത്തിലുള്ള ഒരു ഭരണകൂടം ആയിരുന്നില്ല. "ജനകീയ ഭരണകൂടം" എന്ന പദം നമുക്ക് നേരെ ഏറെക്കുറേ അറപ്പുളവാക്കുന്ന വിധം വലിച്ചെറിഞ്ഞു തന്നത് അരാജകവാദികളായിരുന്നു. അതിനകം തന്നെ പ്രൂദോനെതിരായ മാർക്സിന്റെ പുസ്തകത്തിലും[*] പിന്നീട് *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*യിലും സമൂഹത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥ നിലവിൽ വരുന്നതോടെ ഭരണകൂടം സ്വയം പിരിച്ചുവിടപ്പെടുമെന്നും അത് അപ്രത്യക്ഷമാകുമെന്നും സ്പഷ്ടമായി പ്രഖ്യാപിച്ചതിന് ശേഷവും അരാജകവാദികൾ ഇത് തുടർന്നു. ആയതിനാൽ, പോരാട്ടത്തിൽ ഉപയോഗപ്പെടുന്ന പരിവർത്തന ഘട്ടത്തിലെ ഒരു സ്ഥാപനം മാത്രമാണ് ഭരണകൂടം; വിപ്ലവത്തിൽ എതിരാളികളെ ബലം പ്രയോഗിച്ച് കീഴ്പ്പെടുത്താൻ സ്വതന്ത്ര ജനകീയ ഭരണകൂടത്തെക്കുറിച്ച് പറയുന്നത് ശുദ്ധ അസംബന്ധമാണ്: തൊഴിലാളിവർഗം തുടർന്നും ഭരണകൂടത്തെ *ഉപയോഗപ്പെടുത്തുന്നി*ടത്തോളം, അത് അങ്ങനെ ചെയ്യുന്നത് കേവലം സ്വാതന്ത്ര്യത്തിന്റെ താൽപര്യങ്ങൾക്ക് വേണ്ടിയല്ല; മറിച്ച് തങ്ങളുടെ എതിരാളികളെ കീഴ്പ്പെടുത്തുന്നതിന് വേണ്ടിയാണത്. സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കാൻ സാധ്യമാകുന്ന അവസ്ഥ സംജാതമാകുന്നതോടെ, ഭരണകൂടം തന്നെ ആ അർത്ഥത്തിൽ നിലനിൽക്കാതാകുന്നു. ആയതിനാൽ, ഭരണകൂടം എന്ന പദത്തിന് പകരം "സമൂഹം" (Community ഗെമെയ്ൻ വെസൻ) എന്ന പദം ഉപയോഗിക്കണമെന്നാണ് ഞങ്ങൾ നിർദ്ദേശിക്കുന്നത്. ആ പഴയ നല്ല ജർമ്മൻ പദത്തിന് (ഗെമെയ്ൻ വെസൻ) വളരെ ഭംഗിയായി "കമ്യൂൺ" എന്ന ഫ്രഞ്ച് വാക്കിന്റെ അർത്ഥം സൂചിപ്പിക്കാൻ കഴിയും.

"സർവവർഗവ്യത്യാസങ്ങളും ഇല്ലാതാക്കും" എന്നതിനു പകരം "സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാ അസമത്വവും നിർമാർജനം ചെയ്യുക" എന്ന പ്രയോഗവും ചോദ്യം ചെയ്യപ്പെടേണ്ടത് തന്നെയാണ്. ചില ജീവിത സാഹചര്യങ്ങളിൽ ഒരു രാജ്യവും മറ്റൊരു രാജ്യവും തമ്മിൽ, ഒരു പ്രവിശ്യയും മറ്റൊന്നും തമ്മിൽ ഒരു പ്രദേശവും വെറൊരു പ്രദേശവും തമ്മിൽ എല്ലാം നിയതമായ ചില അസമത്വങ്ങൾ എല്ലായ്പ്പോഴും നിലനിൽക്കും. പരമാവധി സാധ്യമാക്കാവുന്നത്, അവയെ ഏറ്റവും കുറഞ്ഞ അളവിൽ എത്തിക്കുക എന്നതാണ്; എന്നാൽ, പരിപൂർണമായി ഇല്ലാതാക്കുക സാധ്യമേയല്ല. ആൽപ്സ് പർവതപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ജീവിത സാഹചര്യങ്ങൾ സമതലങ്ങളിൽ താമസിക്കുന്നവരുടേതിൽനിന്ന് വ്യത്യസ്ത

മായിരിക്കും. സോഷ്യലിസ്റ്റ് സമൂഹം സമത്വത്തിന്റേതായ ഭരണമണ്ഡലം ആയിരിക്കുമെന്ന ആശയം, "സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം" എന്ന പഴയ ആശയത്തെ ആധാരമാക്കിയുള്ള ഏകപക്ഷീയമായ ഒരു ഫ്രഞ്ച് ആശയമാണ്, ഈ ആശയത്തെ അതിന്റേതായ സ്ഥല-കാലങ്ങളിലുള്ള *വികാസത്തിന്റെ ഒരു ദശ* എന്ന നിലയിൽ ന്യായീകരിക്കാവുന്നതാണ്; പക്ഷേ, എല്ലാ മുൻകാല സോഷ്യലിസ്റ്റ് ധാരകളുടേയും ഏകപക്ഷീയമായ ആശയങ്ങളെയും പോലെ അതും ഇപ്പോൾ മറികടക്കപ്പെടേണ്ട ഒന്നായിരിക്കുന്നു. അത് ജനങ്ങളുടെ മനസ്സിൽ ആശയക്കുഴപ്പം ജനിപ്പിക്കാൻ മാത്രമേ സഹായകമാകൂ. ഈ വിഷയം ഇപ്പോൾ കൂടുതൽ കൃത്യതയോടെ അവതരിപ്പിക്കാനുള്ള അവതരണശൈലികൾ കണ്ടെത്തപ്പെട്ടതിനു ശേഷം പ്രത്യേകിച്ചും.

ഈ പരിപാടിയിലെ മിക്കവാറും എല്ലാ വാക്കുകളും വിമർശിക്കപ്പെടേണ്ടവ തന്നെയാണെങ്കിലും, വിശിഷ്യാ, അത് രചിക്കപ്പെട്ടിരിക്കുന്നത് നിർഗുണവും നിർജ്ജീവവുമായ ശൈലിയിലുമായിരിക്കെ, ഞാൻ ഇനിയും ഏറെയൊന്നും പറയാതെ അവസാനിപ്പിക്കുകയാണ്. ഈ പരിപാടി ഇതേപടി അംഗീകരിക്കപ്പെടുകയാണെങ്കിൽ, ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെടുന്ന *പുതിയ* പാർടിയുമായി ഒത്തുപോകാൻ മാർക്സിനും എനിക്കും *ഒരിക്കലും* കഴിയാത്ത വിധത്തിലുള്ളതാണ് ഈ പരിപാടിയുടെ സ്വഭാവം. ആ പരിപാടിയോട് എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത് എന്ന കാര്യം ഞങ്ങൾ അപ്പോൾ ഗൗരവപൂർവം പരിഗണിക്കും, പരസ്യമായിപ്പോലും. ജർമ്മൻ സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് പാർടിയുടെ ഓരോ നടപടിക്കും പറയുന്ന ഓരോ വാക്കിനും *ഞങ്ങളാണ്* ഉത്തരവാദികൾ എന്ന വിദേശത്തുള്ളവരുടെ ധാരണയെക്കുറിച്ച് താങ്കൾക്ക് ഓർമ്മയുണ്ടായിരിക്കുമല്ലോ. *ഡെമോക്രാറ്റിസ്ച്ചെസ് വോച്ചെൻബ്ലാറ്റ്* തുടങ്ങിയതിനുശേഷം" ലീബ്ക് നെഹ്റ്റ് പറയുകയോ എഴുതുകയോ ചെയ്ത ചിന്താശൂന്യമായ ഓരോ വാക്കിനും ഞങ്ങളാണ് ഉത്തരം പറയേണ്ടതെന്ന് *ഭരണകൂടവും അരാജകത്വവും* എന്ന തന്റെ കൃതിയിൽ ബക്കുനിൻ ആവശ്യപ്പെടുകയുണ്ടായി. ഇവിടെ നിന്ന് ഞങ്ങളാണ് കാര്യങ്ങളാകെ നിയന്ത്രിക്കുന്നത് എന്ന് സങ്കൽപിക്കാനാണ് പല ആളുകളും ഇഷ്ടപ്പെടുന്നത്. എന്നാൽ ഞങ്ങൾ ഒരിക്കലും ഒരുതരത്തിലും പാർടിയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെട്ടിട്ടില്ലെന്ന്, അഥവാ ഞങ്ങൾക്ക് എപ്പോഴെങ്കിലും അങ്ങനെ ഇടപെടേണ്ടതായി വന്നിട്ടുണ്ടെങ്കിൽ, അവർ കാണിച്ച മണ്ടത്തരങ്ങൾ കൊണ്ട് വന്നുപെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി മാത്രമായിരുന്നുവെന്നും അതും *സൈദ്ധാന്തികമായ* മണ്ടത്തരങ്ങളുടെ കാര്യത്തിൽ മാത്രമേ ഞങ്ങൾ ഇടപെട്ടിട്ടുള്ളുവെന്നും അതുപോലും ഞങ്ങളുടെ അഭിപ്രായത്തിൽ അവ പ്രവൃത്തിയിലായിക്കഴിഞ്ഞപ്പോൾ മാത്രമാണെന്നും



എന്നെപ്പോലെ തന്നെ താങ്കൾക്കും അറിയാവുന്നതാണല്ലോ. പക്ഷേ, ഈ പരിപാടി ഒരു വഴിത്തിരിവിനെ അടയാളപ്പെടുത്തുന്നതാണെന്ന് താങ്കൾക്കുതന്നെ ബോധ്യമാകും. ഒരുപക്ഷേ, ഈ പരിപാടി അംഗീകരിക്കുന്ന പാർടിയുടെ കാര്യത്തിലുള്ള സർവവിധ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിവാകാൻ അത് ഞങ്ങളെ അനായാസം നിർബന്ധിതമാകും. പൊതുവിൽ, ഒരു പാർടി എന്താണ് ചെയ്യുന്നത് എന്നതിനെക്കാൾ കുറഞ്ഞ പ്രാധാന്യം മാത്രമേ ആ പാർടിയുടെ ഔദ്യോഗിക പരിപാടിക്ക് ഉണ്ടായിരിക്കൂ. എന്നാൽ ഒരു പുതിയ പരിപാടി എന്നത് സർവോപരി പരസ്യമായി ഉയർത്തിപ്പിടിക്കുന്ന ഒരു കൊടിക്കൂറയാണ്. ബാഹ്യലോകം പാർടിയെ വിലയിരുത്തുന്നത് അതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ആയതിനാൽ, അത് ഒരു കാരണവശാലും ഒരിക്കലും പിന്നോട്ടുള്ള ഒരു കാൽവെയ്പായിക്കൂടാ. ഐസ്നാക്ക് പരിപാടിയുമായി താരതമ്യപ്പെടുത്തുമ്പോൾ അതുപോലെയെങ്കിലും ആയിരിക്കണം ഇത്. മറ്റു രാജ്യങ്ങളിലെ തൊഴിലാളികൾ ഈ പരിപാടിയെക്കുറിച്ച് എന്ത് പറയും എന്നതും കണക്കിലെടുക്കേണ്ടതുണ്ട്; ജർമ്മൻ സോഷ്യലിസ്റ്റ് തൊഴിലാളിവർഗം ഒന്നടങ്കം ലസ്സാലിയെനിസത്തിനുമുമ്പിൽ മുട്ടുമടക്കി എന്ന പൊതുധാരണയാകും സൃഷ്ടിക്കപ്പെടുന്നത്.

അതേ സമയം തന്നെ, ഈ അടിസ്ഥാനത്തിലുള്ള ഒരു ഐക്യം ഒരു വർഷം പോലും നിലനിൽക്കില്ല എന്ന് എനിക്ക് ഉറപ്പുണ്ട്. ലസ്സാലിയൻ സങ്കൽപനങ്ങളായ കൂലിയെ സംബന്ധിച്ച ഉരുക്ക് നിയമവും സർക്കാർ സഹായവും പോലുള്ള കാര്യങ്ങൾ വെറുതേ മനഃപാഠം പഠിച്ചതിനുശേഷം ഉരുവിട്ട് നടക്കേണ്ട വല്ല ആവശ്യവും നമ്മുടെ പാർടിയിലെ ഏറ്റവും മികച്ച തലച്ചോറുകൾക്കുണ്ടോ? ഉദാഹരണത്തിന്, താങ്കൾ അങ്ങനെ ചെയ്യുന്നത് കാണാൻ എനിക്ക് ആഗ്രഹമുണ്ട്. അവർ അതുപോലെയെങ്ങാനും ചെയ്യുകയാണെന്നുണ്ടെങ്കിൽ അവരെ അവരുടെ സദസ്യർതന്നെ കൂവിയിരുത്തും. കൊള്ളപ്പലിശക്കാരനായ ഷൈലോക്ക് തനിക്ക് ഒരു പൗണ്ട് മാംസം കിട്ടിയേ പറ്റൂ എന്ന് ഉറച്ചുനിൽക്കുന്നതുപോലെ പരിപാടിയിലെ ഈ പോയിന്റുകളിൽ ലസ്സാലിയന്മാർ കടിച്ചുതൂങ്ങി നിൽക്കുകയായിരുന്നുവെന്ന കാര്യം എനിക്ക് ഉറപ്പാണ്.അതോടെ വേർപിരിയൽ സംഭവിക്കും; പക്ഷേ,ഹാസ്സൽമാന്മാരെയും ഹാസ്സൻ ക്ലെവർമാരെയും ടോൾക്കെയെയും കൂട്ടരെയും ഒരിക്കൽകൂടി നാം "സത്യസന്ധരാക്കി"യിരിക്കുകയാണ്. നാം ആ വേർപിരിയലിൽ നിന്ന് ദുർബലരായി പുറത്തുകടക്കുമ്പോൾ, ലസ്സാലിയന്മാർ കരുത്തരായിട്ടായിരിക്കും പുറത്തേക്ക് വരുന്നത്; ഇതോടെ നമ്മുടെ പാർടിക്ക് അതിന്റെ രാഷ്ട്രീയ കന്യകാത്വം നഷ്ടപ്പെടും; നാം തന്നെ നമ്മുടെ കൊടിക്കൂറയിൽ വളരെക്കാലമായി ആലേഖനം ചെയ്ത് ഉയർത്തിപ്പിടിച്ചിരുന്ന ലസ്സാലിയിൻ പദപ്രയോഗങ്ങൾക്കെതിരായ നിലപാടുമായി പൂർണമനസ്സോടെ

മുന്നോട്ടുവരാൻ ഇനിയൊരിക്കലും നമുക്ക് കഴിയുകയുമില്ല. തങ്ങളാണ് ഏറ്റവും ശരിയായ തൊഴിലാളിവർഗ പാർടി എന്ന് ലസ്സാലിയന്മാർ വീണ്ടും അവകാശപ്പെടുകയാണെങ്കിൽ,തങ്ങളുടേതാണ് ഒരേയൊരു തൊഴിലാളിവർഗപാർടി എന്ന് പ്രഖ്യാപിക്കുകയാണെങ്കിൽ, നമ്മുടെയാളുകളാണ് ബൂർഷ്വാകളെന്ന് പറയുകയാണെങ്കിൽ, അവർക്ക് ഉന്നയിക്കാനുള്ള തെളിവായി ഈ പരിപാടി ഉണ്ടായിരിക്കും. ഇതിനകത്തെ എല്ലാ സോഷ്യലിസ്റ്റ് നിലപാടുകളും അവരുടേതാണ്; നമ്മുടെ പാർടി അതിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡിമാൻഡുകൾ എല്ലാം തന്നെ പെറ്റി ബൂർഷ്വാ ജനാധിപത്യത്തിന്റേതുമാണ്. ആ വർഗത്തെയാകട്ടെ ഈ പരിപാടിയിൽ വിശേഷിപ്പിച്ചിരിക്കുന്നത് "പിന്തിരിപ്പൻ ജനക്കൂട്ട" ത്തിന്റെ ഭാഗം എന്ന നിലയിലുമാണ്.

ബിസ്മാർക്കിന്റെ ജന്മദിനത്തോടനുബന്ധിച്ച് ഏപ്രിൽ ഒന്നിനാണ് താങ്കൾ ജയിൽ മോചിതനാകുന്നത് എന്നതിനാൽ ഞാൻ ഈ കത്ത് ഇവിടെത്തന്നെ വെയ്ക്കുകയാണ്; അത് എങ്ങനെയെങ്കിലും ജയിലിലേക്ക് ഒളിച്ചുകടത്താൻ ശ്രമിച്ച് അത് പിടിച്ചെടുക്കപ്പെടാനുള്ള സാധ്യത ഉണ്ടെന്നതിനാൽ അത്തരം ഒരു സ്ഥിതിവിശേഷം ഉണ്ടാകാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ഇപ്പോൾ ബ്രാക്കെയിൽ നിന്ന് ഒരു കത്ത് കിട്ടിയതേയുള്ളു. അയാൾക്കും പരിപാടിയെ സംബന്ധിച്ച് കാര്യമായ സംശയങ്ങളുണ്ട്. ഞങ്ങളുടെ അഭിപ്രായം അറിയാൻ അയാൾക്ക് താൽപര്യവുമുണ്ട്. അതുകൊണ്ടു തന്നെ, ഈ കത്ത് അയാൾക്ക് അയച്ചുകൊടുത്തശേഷം അത് താങ്കൾക്ക് എത്തിച്ചുതരാൻ ആവശ്യപ്പെടും. അങ്ങനെ ആയാൽ അയാൾക്കും ഇത് വായിക്കാൻ പറ്റുമല്ലോ. എനിക്കാണെങ്കിൽ ഇതാകെ ഒരിക്കൽക്കൂടി കുത്തിക്കുറിക്കുന്ന ജോലി ഒഴിവാക്കുകയും ചെയ്യാമല്ലോ. സർവോപരി, റാമിനോട് [20] ഞാൻ ചായം തേച്ച് മിനുക്കാത്ത സത്യം തുറന്നുതന്നെ പറഞ്ഞിട്ടുണ്ട്; ലീബ്ക് നെഹ്റ്റിന് വളരെ ചുരുക്കി മാത്രമേ എഴുതിയിരുന്നുള്ളൂ. വളരെ വൈകി കാര്യങ്ങൾ കൈവിട്ടുപോകുന്നതുവരെ ഈ കാര്യങ്ങളെ കുറിച്ചൊന്നും അയാൾ പറയാതിരുന്നതിനാൽ ഞാൻ അയാൾക്ക് ഒരിക്കലും മാപ്പു നൽകാൻ തയ്യാറല്ല. (റാമും മറ്റുള്ളവരും വിചാരിച്ചിരുന്നത് എല്ലാ കാര്യങ്ങളെക്കുറിച്ചും ലീബ്ക് നെഹ്റ്റ് ഞങ്ങൾക്ക് കൃത്യമായ വിവരം നൽകിയിട്ടുണ്ടാകും എന്നാണ്.) പക്ഷേ, എല്ലാകാലത്തും അയാൾ ഇതുതന്നെയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് ഞങ്ങൾക്ക് മാർക്സിനും എനിക്കും വിയോജിപ്പുകൾ അറിയിച്ചുകൊണ്ട് ഇത്രയേറെ കത്തുകൾ അയാൾക്ക് അയയ്ക്കേണ്ടതായി വന്നത്. പക്ഷേ, ഈ തവണ കാര്യങ്ങൾ തികച്ചും മോശമായിപ്പോയി; അതിനാൽ *തീർച്ചയായും അയാളുമായി ഇനിയും ഞങ്ങൾ സഹകരിക്കുന്ന പ്രശ്നമേയില്ല.*



വേനൽക്കാലത്ത് താങ്കൾ ഇവിടെ എത്തുമെന്ന കാര്യം ഉറപ്പുവരുത്തുക. നിശ്ചയമായും താങ്കൾ എന്റെകൂടെയായിരിക്കും താമസിക്കുന്നത്. കാലാവസ്ഥ നല്ലതാണെങ്കിൽ, നമുക്ക് ഏതാനും ദിവസം കടലിൽ കുളിക്കാനും പറ്റും. ദീർഘകാലം ജയിൽവാസം അനുഭവിച്ച ശേഷമുള്ള താങ്കളുടെ വരവിന് അതിൽ നിന്ന് വളരെയേറെ ഗുണങ്ങൾ ലഭിക്കുകയും ചെയ്യും.

താങ്കളുടെ പ്രിയ സുഹൃത്ത്

**ഫ്രെഡറിക് എംഗൽസ്**

## അനുബന്ധം 2

# എംഗൽസ് കെ കൗട്സ്കിക്കെഴുതിയ കത്ത്

ലണ്ടൻ 1891 ഫെബ്രുവരി 23

പ്രിയപ്പെട്ട കൗട്സ്കി,

ഞാൻ മിനിഞ്ഞാന്ന് തിരക്കിട്ട് അയച്ച അഭിനന്ദനസന്ദേശം തനിക്ക് കിട്ടിക്കാണുമല്ലോ. അപ്പോൾ നമുക്ക് വീണ്ടും നമ്മുടെ സ്ഥിരം പരിപാടിയിലേക്ക്, മാർക്സിന്റെ കത്തിലേക്ക് [21] മടങ്ങാം.

നമ്മുടെ എതിരാളികൾക്ക് അത് ഒരായുധം ആയിരിക്കും എന്ന ഭയം അടിസ്ഥാനരഹിതമാണ്. നിശ്ചയമായും ഏത് കാര്യത്തെ സംബന്ധിച്ചും എന്തിനെക്കുറിച്ചും അത് ദുരുദ്ദേശ്യമുള്ളതാണെന്ന് ആരോപിക്കാം; പക്ഷേ, മൊത്തത്തിലെടുത്താൽ നാം നടത്തുന്ന നിർഭയമായ സ്വയം വിമർശനം നമ്മുടെ എതിരാളികളെ അമ്പരപ്പിക്കുകയും ഇത്തരം ഒരു കാര്യത്തെപ്പോലും സഹിക്കാൻ കഴിയുന്ന ഒരു പാർടിക്ക് എത്ര വലിയ ആന്തരിക ശക്തിയായിരിക്കും ഉണ്ടായിരിക്കുക എന്ന ചിന്തയിൽ അവർ എത്തിച്ചേരുകയും ചെയ്തിരിക്കുകയാണ്. താൻ എനിക്ക് അയച്ചുതന്ന (അയച്ചുതന്നതിന് വളരെയേറെ നന്ദി. താൻ അവ എനിക്കയച്ചുതന്നില്ലെങ്കിൽ പോലും മറ്റു വഴികളിലൂടെ അവ എനിക്ക് ലഭ്യമാകുമായിരുന്നു.) ശത്രുപക്ഷത്തുള്ള പത്രങ്ങളിൽ തന്നെ അത് കാണാവുന്നതാണ്. തുറന്നു പറയട്ടെ, ആ രേഖ പ്രസിദ്ധീകരിച്ചപ്പോൾ കൃത്യമായും എന്റെ ലക്ഷ്യം ഇതുതന്നെയായിരുന്നു. തുടക്കത്തിൽ തന്നെ അങ്ങും ഇങ്ങുമെല്ലാമുള്ള ചില ആളുകളെ ആ രേഖ പ്രസിദ്ധീകരിച്ചത് അത്രയധികം സന്തോഷപ്രദമല്ലാത്ത വിധത്തിൽ ബാധിക്കുമെന്ന് എനിക്കും അറിയാമായിരുന്നു.



പക്ഷേ, അത് ഒഴിവാക്കാൻ കഴിയുമായിരുന്നില്ല; അതിനുമപ്പുറം ആ രേഖയിലെ ഉള്ളടക്കം എന്റെ അഭിപ്രായത്തിൽ എത്രയോ വിലപ്പെട്ടതുമാണ്. പാർടിക്ക് അതിനെയൊക്കെ എതിരിട്ട് നിൽക്കാനുള്ള കരുത്തുണ്ടെന്നുള്ളതും എനിക്ക് അറിയാമായിരുന്നു. പതിനഞ്ച് വർഷം മുമ്പ് ഉപയോഗിച്ച യാതൊരു മറയുമില്ലാത്ത പരുഷമായ ഭാഷയെ വിഴുങ്ങാൻ ഇന്നും അതിന് കരുത്തുണ്ടെന്ന് എനിക്ക് ഉറപ്പായിരുന്നു. ഈ കരുത്തിന്റെ പരീക്ഷണത്തെ ന്യായീകരിക്കത്തക്ക അഭിമാനബോധത്തോടെ നോക്കിക്കാണുന്ന ആരും ഇങ്ങനെ പറഞ്ഞു പോകും: ഇത്തരം ഒരു കാര്യത്തിന് ധൈര്യം കാണിക്കുന്ന വേറെ ഏതെങ്കിലും പാർടി എവിടെയെങ്കിലുമുണ്ടോ? ആ കാര്യം നോക്കാൻ തൽക്കാലം നമുക്ക് സാക്സണിയനും വിയന്നയിലെ *ആർബിറ്റർ സൈറ്റുങ്ങിനും സൂറിച്ചർ പോസ്റ്റിനു* [22] മായി വിട്ടുകൊടുക്കും.

*ന്യൂയെ സൈറ്റിന്റെ* 21-ാം ലക്കത്തിൽ സ്വന്തം ഉത്തരവാദിത്വത്തിൽ താൻ അത് പ്രസിദ്ധീകരിച്ചത് തന്റെ ഭാഗത്തുനിന്നുള്ള നന്മ തന്നെയാണ്. എന്നാൽ, ഞാനാണ് അതിന് തനിക്ക് ആദ്യമായി പ്രചോദനം നൽകിയതെന്നും അതിനുമപ്പുറം ഒരു പരിധിവരെ അതിന് നിർബന്ധിച്ചതെന്നുമുള്ള കാര്യം വിസ്മരിക്കരുത്.[23] അതുകൊണ്ടു തന്നെ അങ്ങനെ ചെയ്യാതിരിക്കാൻ തനിക്ക് പറ്റുമായിരുന്നില്ല. ആയതിനാൽ അതിന്റെ മുഖ്യ ഉത്തരവാദിത്വം ഞാൻ തന്നെ ഏറ്റെടുക്കുന്നു. അതിന്റെ വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം, നിശ്ചയമായും ആർക്കും അവയോട് ഭിന്നാഭിപ്രായം ഉണ്ടാകാവുന്നതാണ്. താനും ഡീറ്റ്സും എതിർപ്പു പ്രകടിപ്പിച്ച എല്ലാ ഭാഗങ്ങളും ഞാൻ മാറ്റം വരുത്തുകയും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. അതിനേക്കാൾ അധികം ഡീറ്റ്സ് അടയാളപ്പെടുത്തിയിരുന്നെങ്കിൽ പോലും കഴിയാവുന്നിടത്തോളം ഞാൻ അതിനും തയ്യാറാകുമായിരുന്നു. അക്കാര്യത്തിൽ ഞാൻ എല്ലായ്പ്പോഴും തനിക്ക് തെളിവ് നൽകിയിട്ടുമുണ്ടല്ലോ. എന്നാൽ, പ്രധാന കാര്യത്തെ സംബന്ധിച്ചിടത്തോളം, പരിപാടി ചർച്ചയ്ക്കെടുത്ത സ്ഥിതിക്ക്, അത് പ്രസിദ്ധീകരിക്കേണ്ടത് എന്റെ *കടമയാണ്*. വിശിഷ്യാ, ഇപ്പോൾ ഹാല്ലെയിലെ ലീബ്ക് നെഹ്റ്റിന്റെ റിപ്പോർട്ട് വന്നശേഷം; ആ റിപ്പോർട്ടിൽ ലീബ്ക് നെഹ്റ്റ് അതിൽ നിന്നുള്ള ഭാഗങ്ങൾ തന്റെ തന്നെ സ്വത്ത് എന്നതുപോലെ ഒരു വൈമനസ്യവും കൂടാതെ ഉപയോഗപ്പെടുത്തിയിട്ടുമുണ്ട്. അവയിലെ മറ്റു ഭാഗങ്ങൾക്കെതിരെ, അത് ആരാണെഴുതിയതെന്ന് സൂചിപ്പിക്കുക പോലും ചെയ്യാതെ വിമർശനങ്ങൾ ഉന്നയിച്ചിട്ടുമുണ്ട്. മാർക്സ് ജീവിച്ചിരുന്നെങ്കിൽ നിശ്ചയമായും ഈ വികൃത വൽക്കരണ പരിപാടിയെ മൂലകൃതി തന്നെ പ്രസിദ്ധീകരിച്ചുകൊണ്ട് നേരിടുമായിരുന്നു. ഇപ്പോൾ അദ്ദേഹത്തിനുപകരം അത് നിർവഹിക്കേണ്ടത് എന്റെ കടമയായിരിക്കുന്നു. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ആ സമയത്ത് എന്റെ കൈവശം ആ രേഖ ഉണ്ടായിരുന്നതുമില്ല. വളരെ നാളുകൾക്കു ശേഷം, ഒട്ടേറെ

അന്വേഷണവും തെരച്ചിലും നടത്തിയതിൽ പിന്നീടാണ് ഞാൻ അത് കണ്ടെത്തിയത്.

ലസ്സാലിനെ മാർക്സ് കൈകാര്യം ചെയ്ത രീതി പഴയ ലസ്സാൽ അനുകൂലികൾക്കിടയിൽ വളരെ മോശപ്പെട്ട പ്രതികരണം സൃഷ്ടിക്കുന്നതിനിടയാക്കി എന്ന് ബേബൽ തനിക്ക് എഴുതിയതായിട്ടാണ് താൻ പറയുന്നത്. അത് അങ്ങനെ തന്നെ ആയിരിക്കാം. ഈ ആളുകൾക്ക് യഥാർത്ഥ കഥ എന്താണെന്നറിയില്ല. അതിനെക്കുറിച്ച് അവരെ ഉദ്ബുദ്ധരാക്കാൻ വേണ്ടതൊന്നും സംഭവിച്ചില്ലെന്നും തോന്നുന്നു. ലസ്സാലിന്റെ മഹത്വമാകെ നിലനിന്നിരുന്നത് എന്തിനെ ആധാരമാക്കിയാണെന്നും മാർക്സിന്റെ ഗവേഷണ ഫലങ്ങളെ വർഷങ്ങളോളം തന്റേതായി അവതരിപ്പിച്ച് നടക്കാൻ ലസ്സാലിനെ അദ്ദേഹം അനുവദിച്ചിരുന്നുവെന്നും എന്നാൽ സാമ്പത്തിക ശാസ്ത്രത്തിൽ വേണ്ടത്ര ശരിയായ വിദ്യാഭ്യാസം ഇല്ലാതിരുന്നത് കാരണം ലസ്സാൽ അവയെ വക്രീകരിച്ചായിരുന്നു അവതരിപ്പിച്ചിരുന്നത് എന്നും ഈ ആളുകൾക്ക് അറിയില്ലെങ്കിൽ അത് എന്റെ കുറ്റമല്ല. എന്നാൽ, ഞാനാണ് മാർക്സിന്റെ സാഹിത്യത്തിന്റെ നടത്തിപ്പുകാരൻ. അതുകൊണ്ട് തന്നെ എനിക്ക് എന്റെ കടമ നിർവഹിക്കേണ്ടതുണ്ട്.

26 വർഷക്കാലം ലസ്സാൽ ചരിത്രത്തിന്റേതായിരുന്നു. പ്രത്യേക നിയമ (Exceptional law) പ്രകാരം അദ്ദേഹത്തിനെതിരായ ചരിത്രപരമായ വിമർശനം മാറ്റിവെയ്ക്കപ്പെടുകയായിരുന്നു. ഒടുവിൽ, ഇതാ ഇപ്പോൾ അതിനുള്ള സമയം സമാഗതമായിരിക്കുന്നു; അതിന് അതിന്റേതായ അവസരം നൽകിയേ പറ്റൂ; മാർക്സുമായി ബന്ധപ്പെട്ട് ലസ്സാലിനുള്ള സ്ഥാനം എന്താണെന്ന് വ്യക്തമാക്കപ്പെടേണ്ട സമയമാണിത്. ലസ്സാലിന്റെ പ്രതിച്ഛായയെ മറച്ചുവെയ്ക്കുകയോ മഹത്വവൽക്കരിക്കുകയോ ചെയ്യുന്ന ആഖ്യാനം പാർടിയുടെ വിശ്വാസ്യത ഇല്ലാതാക്കാൻ ഇടയായിക്കൂട. എന്നാൽ പ്രസ്ഥാനത്തിന് ലസ്സാൽ നൽകിയ സേവനങ്ങളെ എത്രമാത്രം ഉയർത്തിക്കാണിച്ചാലും അദ്ദേഹത്തിന്റെ ചരിത്രപരമായ പങ്ക് സംശയകരമായി തന്നെ തുടരുകയാണ്. ലസ്സാൽ എന്ന സോഷ്യലിസ്റ്റിനെ ലസ്സാൽ എന്ന വാചകക്കസർത്തുകാരൻ വിടാതെ പിന്തുടരുകയായിരുന്നു. ലസ്സാൽ എന്ന പ്രക്ഷോഭകാരിക്കും ലസാൽ എന്ന സംഘാടകനുമിടയിൽ എല്ലായിടത്തും ഹാറ്റ്സ്ഫെൽഡ്റ്റ് കേസിന്റെ[24] നടത്തിപ്പുകാരനായ ലസ്സാലിനെ കാണാമായിരുന്നു: മാർഗമേതെന്ന് തെരഞ്ഞെടുക്കുന്നതിൽ പ്രകടിപ്പിച്ചിരുന്ന അതേ ദോഷൈക ദർശനം അദ്ദേഹത്തിന് ചുറ്റും സംശയിക്കപ്പെടേണ്ടവരെയും അഴിമതിക്കാരെയും അണിനിരത്തി അവരെ ഉപകരണങ്ങളായി ഉപയോഗിക്കലും ആവശ്യം കഴിഞ്ഞ് വലിച്ചെറിയലും ഇതെല്ലാം അദ്ദേഹത്തിൽ എന്നും കാണാനാവുമായിരുന്നു. 1862 വരെ ശക്തമായ ബോണപ്പാർടിസ്റ്റ് ചായ്വുണ്ടായിരുന്ന, പ്രത്യേകിച്ചും



പ്രായോഗികതലത്തിൽ ഒരു ഗ്രാമ്യജനാധിപത്യവാദിയുമായിരുന്ന (അദ്ദേഹം മാർക്സിനെഴുതിയ കത്തുകൾ ഞാൻ ഇപ്പോൾ പരിശോധിച്ചതേയുള്ളൂ) ലസ്സാൽ തികച്ചും വ്യക്തിപരമായ കാരണങ്ങളാൽ പൊടുന്നനെ മറുകണ്ടം ചാടുകയും പ്രക്ഷോഭകാരിയായി പ്രത്യക്ഷപ്പെടുകയുമാണുണ്ടായത്. പക്ഷേ, രണ്ട് വർഷം തികയുന്നതിന് മുൻപു തന്നെ, തൊഴിലാളികൾ ബൂർഷ്വാസിക്കെതിരെ രാജാവാഴ്ചയ്ക്ക് പിന്തുണ നൽകണമെന്ന് അദ്ദേഹം വാദിച്ചുതുടങ്ങി; തുടർന്ന് ബിസ്മാർക്കുമായി ഗൂഢാലോചന തുടങ്ങി. സ്വഭാവത്തിൽ ഇവർ രണ്ടും ഒരേ ഇനം തന്നെയായിരുന്നു; ഒരു വിധത്തിൽ ഇത് പ്രസ്ഥാനത്തെ തന്നെ വഞ്ചിക്കുന്നതിലേക്കാണ് ലസ്സാലിനെ കൊണ്ടെത്തിച്ചത്. പക്ഷേ, അദ്ദേഹത്തിന്റെ ഭാഗ്യത്തിന് അധികം കാലം അതിനായി അദ്ദേഹം ജീവിച്ചിരുന്നില്ല. അദ്ദേഹം കൊല്ലപ്പെട്ടു. പ്രക്ഷോഭ പ്രചരണത്തിനായി അദ്ദേഹം എഴുതിയ കൃതികളിൽ മാർക്സിൽ നിന്ന് അദ്ദേഹം കടമെടുത്ത ശരിയായ കാര്യങ്ങൾ തന്റെ സ്വന്തം ലസ്സാലിയൻ കാഴ്ചപ്പാടുകളുമായി കൂട്ടിക്കെട്ടുകയാണുണ്ടായത്; അവ തികച്ചും തെറ്റായ വിധത്തിലുള്ള തുറന്നു കാട്ടലുകളായതിനാൽ അവയിൽ നിന്നും ഈ രണ്ട് കാഴ്ചപ്പാടുകളെയും വേർതിരിച്ചെടുക്കാൻ പോലും സാധ്യമല്ല. മാർക്സിന്റെ വിധിയെഴുത്തിന്റെ പേരിൽ സ്വയം മുറിവേറ്റവരായി കണക്കാക്കുന്ന പ്രവർത്തകർക്ക് രണ്ട് വർഷക്കാലത്തെ പ്രക്ഷോഭത്തിനിടയിൽ മാത്രമേ ലസ്സാലിനെ അറിയാവൂ; അതുതന്നെയും അവർ തങ്ങളുടെ വർണക്കണ്ണാടിയിലൂടെ കണ്ടതുമാണ്. എന്നാൽ ചരിത്രപരമായ വിമർശനത്തിന് ഇത്തരം മുൻവിധികളുടെ മുന്നിൽ ഓച്ഛാനിച്ച് നിൽക്കാനാവില്ല. മാർക്സും ലസ്സാലും തമ്മിലുള്ള കണക്കുകൾ തീർക്കേണ്ടത് ഒടുവിൽ എന്റെ ബാധ്യതയായിരിക്കുന്നു. അത്, നിർവഹിക്കപ്പെട്ടിരിക്കുകയാണ്. തൽക്കാലത്തേക്ക് എനിക്ക് അത്രയും കൊണ്ട് തൃപ്തിപ്പെടാം. സർവോപരി, എനിക്ക് ചെയ്തുതീർക്കാൻ വേറെയും ഒട്ടേറെ കാര്യങ്ങൾ ഉണ്ടുതാനും. ലസ്സാലിനെക്കുറിച്ച് മാർക്സ് നടത്തിയ കർക്കശമായ വിധിയെഴുത്ത് പ്രസിദ്ധീകരിക്കപ്പെട്ടതോടുകൂടി അതിന്റേതായ ഫലമുണ്ടാകും; മറ്റുള്ളവർക്ക് അത് ധൈര്യം പകർന്നു നൽകുകയും ചെയ്യും. എനിക്ക് മറ്റൊരു പോംവഴിയും ഇല്ലാതായതിനെതുടർന്നാണ്, ഞാൻ അതിന് നിർബന്ധിതനായത്; ലസ്സാൽ ഇതിഹാസവുമായി പൂർണമായി കണക്കുതീർത്ത് അതിനെ തുടച്ചുമാറ്റിയേ പറ്റൂ.

റീഷ്സ്റ്റാഗ് ഗ്രൂപ്പിനുള്ളിൽ [25] *ന്യൂയെ സൈറ്റിന്* സെൻസർഷിപ്പ് ഏർപ്പെടുത്തണമെന്ന തരത്തിൽ ശബ്ദം ഉയർത്തപ്പെട്ടത് ബഹുകേമമായി. എന്താണിത്? സോഷ്യലിസ്റ്റ് വിരുദ്ധനിയമത്തിന്റെ കാലത്തെ റീഷ്സ്റ്റാഗ് ഗ്രൂപ്പിന്റെ സർവാധിപത്യത്തിന്റെ പ്രേതമോ? (നിശ്ചയമാ[...] യും, ഈ സർവാധിപത്യം ആവശ്യംതന്നെ ആയിരുന്നു; അത് ഭംഗ[...] യായി നടപ്പിലാക്കുകയും ചെയ്തിരുന്നു.) അതോ വോണ്[...]

ഷെറ്റ്സറുടെ കർക്കശമായ പണ്ടുകാലത്തെ സംഘടനയെക്കുറിച്ചുള്ള അനുസ്മരണമോ? ജർമ്മൻ സോഷ്യലിസ്റ്റ് ശാസ്ത്രത്തെ, അത് ബിസ്മാർക്കിന്റെ സോഷ്യലിസ്റ്റ് വിരുദ്ധനിയമത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ട ഉടൻതന്നെ, സോഷ്യൽ ഡമോക്രാറ്റിക് പാർടി നേതൃത്വം തന്നെ നിർമ്മിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന ഒരു പുതിയ സോഷ്യലിസ്റ്റ് നിയമത്തിനു കീഴിൽ കൊണ്ടുവരികയെന്നത് വാസ്തവത്തിൽ ഒരു ഗംഭീര ആശയംതന്നെയാണ്. അവശേഷിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, മരങ്ങൾ മാനംമുട്ടെ വളരില്ലല്ലോ.[26]

*വോർവർട്സിലെ* ലേഖനം എന്നെ വളരെയൊന്നും അലട്ടിയില്ല." എന്താണ് സംഭവിച്ചത് എന്നതിനെക്കുറിച്ചുള്ള ലീബ്ക് നെഹ്റ്റിന്റെ വിവരണത്തിനായി കാതോർത്തിരിക്കും; അതിനുശേഷം രണ്ടിനുംകൂടി പരമാവധി സൗമ്യമായ രീതിയിൽ മറുപടിനൽകും. *വോർവട്സ്* ലേഖനത്തിൽ ചില കൃത്യതയില്ലായ്മകളൊഴിച്ചാൽ തിരുത്തേണ്ടതായിട്ട് ഒന്നുമില്ല. (ഉദാഹരണത്തിന്, ഐക്യത്തിന് ഞങ്ങൾ താൽപര്യം കാണിച്ചില്ല; അനന്തര സംഭവങ്ങൾ മാർക്സിന്റെ നിലപാടുകൾ തെറ്റായിരുന്നുവെന്ന് തെളിയിച്ചു എന്നിത്യാദികാരങ്ങൾ.) വ്യക്തമായ ചില കാര്യങ്ങളെ സംബന്ധിച്ച് സ്ഥിരീകരണമുണ്ടാക്കേണ്ടതുമുണ്ട്. പുതിയ കടന്നാക്രമണങ്ങളും തെറ്റായ സ്ഥിരീകരണങ്ങളും ഈ ചർച്ച തുടരാൻ എന്നെ നിർബന്ധിതനാക്കുന്നില്ലെങ്കിൽ ഈ മറുപടിയോടെ ഞാൻ എന്റെ ഭാഗത്തുനിന്നുള്ള ചർച്ച അവസാനിപ്പിക്കുകയാണ്.

ഞാൻ ഉൽപത്തി [28] സംബന്ധിച്ച കൃതിയുടെ രചനയിൽ ഏർപ്പെട്ടിരിക്കുകയാണെന്ന് ഡീറ്റ്സിനോട് പറയുക. പക്ഷേ മൂന്ന് അവതാരികകൾ ആവശ്യപ്പെട്ടുകൊണ്ട് ഇന്ന് ഫിഷർ എനിക്ക് എഴുതിയിരിക്കുന്നു.

താങ്കളുടെ പ്രിയ സുഹൃത്ത്,

**ഫ്രെഡറിക് എംഗൽസ്**

# കുറിപ്പുകൾ

1. "*ഗോഥാപരിപാടിയെക്കുറിച്ചുള്ള വിമർശനം*" : ജർമ്മൻ സോഷ്യൽ ഡമോക്രാറ്റിക് പാർടിയുടെ അവസരവാദികളായ നേതാക്കന്മാരുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായാണ് എംഗൽസ് ഈ കൃതി പ്രസിദ്ധീകരിച്ചത്. കൗട്സ്കിക്ക് എംഗൽസ് എഴുതിയ കത്തിൽ (അനുബന്ധം 2 നോക്കുക). അവസരവാദികളായ സോഷ്യൽ ഡമോക്രാറ്റുകളുടെ എതിർപ്പിനെ അതിജീവിക്കാൻ എംഗൽസിനും പാടുപെടേണ്ടതായി വന്നു എന്ന് കാണാം. *ഗോഥാപരിപാടിയെക്കുറിച്ചുള്ള വിമർശനം ന്യൂയെ സൈറ്റിൽ*(പുതിയകാലം) പ്രസിദ്ധീകരിക്കുന്നതിന് രൂക്ഷമായ വിമർശനം അടങ്ങിയ ചില ഭാഗങ്ങൾ എംഗൽസിനു തന്നെ മയപ്പെടുത്തേണ്ടതായി വന്നിരുന്നു. ഈ പതിപ്പിൽ കൈയെഴുത്ത് പ്രതി പരിശോധിച്ച് അതനുസരിച്ച് പൂർണ രൂപത്തിലാണ് പ്രസിദ്ധീകരിക്കുന്നത്.

2. ജർമ്മനിയിലെ രണ്ട് തൊഴിലാളിസംഘടനകളായ ലീബ്ക് നെഹ്റ്റിന്റെയും ബേബലിന്റെയും നേതൃത്വത്തിലുള്ള സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് പാർടിയുടെയും(ഐസനാക്കർമാർ) ഹാസെൻ ക്ലെവറിന്റെയും ഹാസെൽമാന്റെയും ടോൾക്കെയുടെയും നേതൃത്വത്തിലുള്ള ജനറൽ അസോസിയേഷൻ ഓഫ് ജർമ്മൻ വർക്കേഴ്സിന്റേയും (ലസ്സാലിയന്മാർ) ഐക്യകോൺഗ്രസ് 1875 മെയ് 22–27 തീയതികളിൽ ഗോഥായിൽ ചേരുന്നതിന് തീരുമാനിച്ചു. ഇരു സംഘടനകളും ലയിച്ച് ഒരൊറ്റ സംഘടനയായി-ജർമ്മൻ സോഷ്യലിസ്റ്റ് വർക്കേഴ്സ് പാർടിയായി മാറണമെന്നാണ് തീരുമാനിച്ചത്.

3. ജർമ്മൻ സോഷ്യൽ ഡമോക്രാറ്റുകളുടെ ഹാലെയിൽചേർന്ന കോൺഗ്രസ്- സോഷ്യലിസ്റ്റ് വിരുദ്ധനിയമം റദ്ദ് ചെയ്തതിനുശേഷം

ചേർന്ന ആദ്യത്തെ കോൺഗ്രസ്–1890 ഒക്ടോബർ 16ന് ഗോഥാ പരിപാടിയുടെ മുഖ്യ രചയിതാവായ വില്യം ലിബ്ക് നെഹ്റ്റിന്റെ നിർദ്ദേശത്തെ തുടർന്ന് അടുത്ത പാർട്ടി കോൺഗ്രസ്സിൽ അവതരിപ്പിക്കുന്നതിനായി ഒരു പുതിയ പരിപാടിയുടെ കരട് തയ്യാറാക്കണമെന്ന് തീരുമാനിച്ചു. ഈ പുതിയ പരിപാടി (എർഹുർട്ട് പരിപാടി) 1891 ഒക്ടോബറിൽ എർഹുർട്ടിൽ ചേർന്ന കോൺഗ്രസ് അംഗീകരിച്ചു.

4. 1872 സെപ്റ്റംബറിൽ ചേർന്ന ഒന്നാം ഇന്റർനാഷണലിന്റെ ഹേഗ് കോൺഗ്രസിൽ ആധിപത്യം പുലർത്തിയത് ബക്കുനിനിസ്റ്റുകൾക്കെതിരായ സമരമായിരുന്നു. കോൺഗ്രസ്സിൽ പങ്കെടുത്ത ഭൂരിപക്ഷം പേരും മാർക്സിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ജനറൽ കൗൺസിലിന് പിന്തുണ നൽകി. ബക്കുനിൻ ഇന്റർനാഷണലിൽ നിന്ന് പുറത്താക്കപ്പെട്ടു.

5. 1869 ആഗസ്റ്റ് 7–9 തീയതികളിൽ ഐസനാക്കിൽചേർന്ന ജർമ്മനിയിലേയും ആസ്ട്രിയയിലേയും സ്വിറ്റ്സർലണ്ടിലേയും സോഷ്യൽ ഡമോക്രാറ്റുകാരുടെ സംയുക്ത കോൺഗ്രസ്സിൽ വെച്ച് സ്ഥാപിതമായ ജർമ്മൻ സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് പാർടിയെയാണ് പരാമർശിക്കുന്നത്. പിൽക്കാലത്ത് അത് ഐസനാക്ക് പാർടി എന്ന പേരിൽ അറിയപ്പെട്ടു. ആ പാർടിയുടെ പരിപാടി (1869 ലെ ഐസനാക്ക് പരിപാടി) മൗലികമായി ഒന്നാം ഇന്റർനാഷണലിന്റെ തത്വങ്ങൾക്ക് അനുരോധമായിരുന്നു.

6. 1865 സെപ്റ്റംബറിൽ ഡർമ്സ്റ്റഡിലാണ് *പീപ്പിൾസ് പാർടി* രൂപീകരിക്കപ്പെട്ടത്; ഔദ്യോഗികമായി സംഘടിപ്പിക്കപ്പെട്ടത് 1868 സെപ്റ്റംബറിൽ സ്റ്റുഡ്ഗാർട്ട് കോൺഗ്രസിൽ വച്ചായിരുന്നു. ഇത് ജർമ്മൻ പെറ്റി ബൂർഷ്വാസിയുടെ, പ്രത്യേകിച്ച് ദക്ഷിണ ജർമ്മനിയിലെ, പാർടി ആയിരുന്നു. യുങ്കർ പ്രഷ്യയുടെ അധീശാധിപത്യത്തിൻകീഴിൽ ജർമ്മനിയുടെ ഏകീകരണം എന്ന ബിസ്മാർക്കിന്റെ നയത്തിന് അത് എതിരായിരുന്നു. ഫെഡറലിസം സംബന്ധിച്ച പെറ്റി ബൂർഷ്വാ തത്വത്തിനായി അത് വാദിച്ചു.

7. ലസ്സാലിയന്മാർ, ലസ്സാലിയനിസം–1860കളിലും 1870കളിലും ജർമ്മൻ തൊഴിലാളി പ്രസ്ഥാനത്തിലുണ്ടായിരുന്ന ഒരു അവസരവാദ പ്രവണത. 1863ൽ സ്ഥാപിതമായ ജനറൽ അസോസിയേഷൻ ഓഫ് ജർമ്മൻ വർക്കേഴ്സിന്റെ പ്രസിഡന്റും പെറ്റി ബൂർഷ്വാ സോഷ്യലിസ്റ്റും ആയിരുന്ന ഫെർഡിനാൻഡ് ലസ്സാലിന്റെ പേരിലാണ് ഇത് അറിയപ്പെടുന്നത്. നിയമ വിധേയമായ പ്രചാരവേലയും സാർവത്രിക വോട്ട



വകാശവും പ്രഷ്യയിലെ പിന്തിരിപ്പൻ ബൂർഷ്വാ–യുങ്കർ ഭരണകൂടത്തിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഉൽപാദക അസോസിയേഷനുകളും മുഖേന ക്രമേണ സോഷ്യലിസത്തിലേക്ക് മുന്നേറാൻ പറ്റുമെന്ന പരിഷ്ക്കരണവാദപരമായ വ്യാമോഹങ്ങൾ ലസ്സാലിയന്മാർ പ്രചരിപ്പിച്ചു. ഭരണകൂടത്തെ അവർ വർഗാതീതമായി നിൽക്കുന്ന ഒരു സ്ഥാപനമായി പരിഗണിക്കുകയും അതിനെ "സ്വതന്ത്ര ജനകീയ ഭരണകൂടം" എന്ന് പറയപ്പെടുന്ന ഒന്നായി ക്രമേണ രൂപാന്തരപ്പെടുത്താമെന്ന് വിശ്വസിക്കുകയും ചെയ്തു. മൂതലാളിത്തത്തിൻകീഴിൽ തൊഴിലാളികൾക്ക് വേതനത്തിൽ ചെറിയൊരു വർദ്ധനവ് പോലും നേടാൻ സാധ്യമല്ലെന്ന് വിവക്ഷിക്കുന്ന ലസ്സാലിന്റെ സാങ്കൽപികമായ "കൂലിയെ സംബന്ധിച്ച ഉരുക്ക് നിയമ"ത്തെ ആധാരമാക്കിയെടുത്ത ലസ്സാലിയന്മാർ തൊഴിലാളിവർഗവും ട്രേഡ് യൂണിയനുകളും സാമ്പത്തിക സമരം നടത്തേണ്ടതില്ലെന്നും വാദിച്ചു.

8. മൂലധനത്തിന്റെ ഒന്നാം വാല്യത്തിന്റെ ഫ്രഞ്ച് പരിഭാഷ, മാർക്സ് തന്നെയാണ് ഇത് എഡിറ്റ് ചെയ്തത്. പാരീസിൽ 1872–75 കാലത്ത് ഓരോ ഭാഗം പ്രത്യേകമായി പ്രസിദ്ധീകരിച്ചു.

9. സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് പാർടിയുടെ പ്രസിദ്ധീകരണ വിഭാഗത്തെയാണ് സൂചിപ്പിക്കുന്നത്. ഇത് ലീപ്സിഗിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പാർടിയുടെ കേന്ദ്രമുഖപത്രമായ വോൾക്ക്സ്റ്റാറ്റിന്റെ എഡിറ്റോറിയൽ ബോർഡിന്റെ മേൽനോട്ടത്തിലായിരുന്നു ഇത് പ്രവർത്തിച്ചിരുന്നത്.

10. "ബെർലിനിലെ മരാറ്റ്" എന്ന് മാർക്സ് പരിഹാസസ്വരത്തിൽ വിളിക്കുന്നത് ഹാസ്സെൽമാനെ ഉദ്ദേശിച്ചായിരിക്കണം. ലസ്സാലിന്റെ ജനറൽ അസോസിയേഷൻ ഓഫ് ജർമ്മൻ വർക്കേഴ്സിന്റെ മുഖപത്രമായ ന്യൂയർ സോഷ്യൽ ഡെമോക്രാറ്റിന്റെ മുഖ്യപത്രാധിപരായിരുന്നു അദ്ദേഹം.

മരാറ്റ് ഴാങ് പോൾ (1743–1793) 1789–1894 കാലത്തെ ഫ്രഞ്ച് ബൂർഷ്വാ വിപ്ലവത്തിന്റെ കാലത്തെ ജക്കോബിന്മാരുടെ നേതാവ്. പ്രതിവിപ്ലവത്തിന്റെ കുതന്ത്രങ്ങളെ തുറന്നു കാട്ടുന്ന "ജനമിത്രം" എന്നൊരു പത്രം 1789 സെപ്റ്റംബർ മുതൽ പ്രസിദ്ധീകരിച്ചിരുന്നു.

11. സമാധാനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ലീഗ് 1867 ൽ സ്വിറ്റ്സർണ്ടിൽ പെറ്റിബൂർഷ്വാ റിപ്പബ്ലിക്കന്മാരും ലിബറലുകളും

ചേർന്ന് രൂപീകരിച്ച ഒരു ബൂർഷ്വാ സമാധാനവാദ സംഘടന. "യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് യൂറോപ്പ്" സ്ഥാപിക്കുന്നത് വഴി യുദ്ധങ്ങൾക്ക് അറുതി വരുത്താൻ കഴിയുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് അത് ബഹുജനങ്ങൾക്കിടയിൽ വ്യാമോഹം പരത്തുകയും വർഗസമരത്തിൽ നിന്ന് തൊഴിലാളി വർഗത്തിന്റെ ശ്രദ്ധ തിരിക്കുകയും ചെയ്തു.

12. നോർദ് ഡോയ് ചെ അൽഗെമെയ്ൻ സൈത്തുങ്ങ് (നോർത്ത് ജർമ്മൻ ജനറൽ ന്യൂസ്പേപ്പർ) ന്റെ 1875 മാർച്ച് 20 ന്റെ ലക്കത്തിൽ (67) പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തെയാണ് മാർക്സ് ഇവിടെ സൂചിപ്പിക്കുന്നത്. സോഷ്യൽ ഡമോക്രാറ്റിക് പരിപാടിയുടെ 5-ാം ഭാഗത്തെ സംബന്ധിച്ച് അത് പ്രസ്താവിക്കുന്നത്, "പല കാര്യങ്ങളിലും സോഷ്യൽ ഡമോക്രാറ്റിക് പ്രക്ഷോഭം കൂടുതൽ ജാഗ്രത പുലർത്തുന്നതും ഇന്റർനാഷണലിനെ നിരാകരിക്കുന്നതുമാണ്" എന്നാണ്.

13. മാൽത്തൂസിന്റെ ജനസംഖ്യാസിദ്ധാന്തം (മാൽത്തൂസിയനിസം). ഈ സിദ്ധാന്തമനുസരിച്ച് മുതലാളിത്ത വ്യവസ്ഥയിലെ ഉൽപാദനശക്തികളുടെ വികാസ നിലവാരവും സാമൂഹ്യ സാഹചര്യങ്ങളുമല്ല, പിന്നെയോ, ജനസംഖ്യാ വർദ്ധനവ് എപ്പോഴും ഉപജീവനോപാധികളുടെ വർദ്ധനവിനെ കവച്ച്വെയ്ക്കുമെന്ന "ശാശ്വതമായ" പ്രകൃതി നിയമമാണ് അധ്വാനിക്കുന്നവരുടെ സ്ഥിതിയെ നിർണയിക്കുന്നത്. ബ്രിട്ടീഷ് ധനശാസ്ത്രജ്ഞനായ മാൽത്തൂസിൽ നിന്നാണ് ആ സിദ്ധാന്തത്തിന് ഈ പേര് ലഭിച്ചത്. പകർച്ചവ്യാധികളും പട്ടിണിയും യുദ്ധങ്ങളും കഠിനാധ്വാനവും വഴി ജനസംഖ്യയും ഉപജീവനോപാധികളുടെ അളവും തമ്മിലുള്ള പൊരുത്തക്കേട് മാറ്റാൻ കഴിയുമെന്ന് മാൽത്തൂസ് വിശ്വസിച്ചു.

14. *അറ്റെല്യെർ*-1840 കളിൽ പാരീസിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഒരു ഫ്രഞ്ച് ആനുകാലികം. ക്രിസ്ത്യൻ സോഷ്യലിസത്തിൽ വിശ്വസിച്ച കൈത്തൊഴിലുകാരുടെയും തൊഴിലാളികളുടെയും മുഖപത്രം.

15. *കുൾത്തൂർ കാംപ്ഫ്* ("സംസ്ക്കാരത്തിനുവേണ്ടിയുള്ള സമരം") മതനിരപേക്ഷസംസ്ക്കാരത്തിനുവേണ്ടിയുള്ള സമരത്തിന്റെ കൊടിക്കീഴിൽ 1870 കളിൽ ബിസ്മാർക്കിന്റെ ഗവണ്മെന്റ് കൈക്കൊണ്ട നടപടികൾക്ക് ബൂർഷ്വാ ലിബറലുകൾ നൽകിയ പേര്. ജർമ്മനിയിലെ കത്തോലിക്കാ പ്രദേശങ്ങളിലെ ഭൂ ഉടമകളുടേയും ബൂർഷ്വാസിയുടേയും കർഷകരിൽ ഒരു വിഭാഗത്തിന്റേയും പ്രഷ്യൻ വിരുദ്ധചിന്താഗതികളെ പിന്താങ്ങിയ കത്തോലിക്കാസഭയ്ക്കും സെന്റർ പാർടിക്കു



മെതിരെ ലാക്കാക്കിയവയായിരുന്നു പ്രസ്തുത നടപടികൾ. മതപരമായ ഭിന്നതകൾക്ക് തിരികൊളുത്തിക്കൊണ്ട് വർഗസമരത്തിൽ നിന്ന് തൊഴിലാളികളുടെ ശ്രദ്ധ തിരിക്കുക എന്നതായിരുന്നു ബിസ്മാർക്കിന്റെ ലക്ഷ്യം. 1880 കളുടെ ആരംഭത്തിൽ തൊഴിലാളി പ്രസ്ഥാനം ശക്തി പ്രാപിച്ചപ്പോൾ ഈ നടപടികളിൽ മിക്കതും പിൻവലിക്കപ്പെട്ടു.

16. ഗോഥാ പരിപാടിയുടെ കരടിൽ മുന്നോട്ടുവെച്ചിരുന്ന രാഷ്ട്രീയ ഡിമാൻഡുകൾ ചുവടെ ചേർക്കുന്നവയാണ്:

"ഭരണകൂടത്തിന്റെ സ്വതന്ത്രമായ അടിസ്ഥാനമായി ജർമ്മൻ വർക്കേഴ്സ് പാർടി ആവശ്യപ്പെടുന്നു" - "21 വയസ്സോ അതിൽ കൂടുതലോ ഉള്ള എല്ലാ പുരുഷന്മാർക്കും എല്ലാ തിരഞ്ഞെടുപ്പുകളിലും ദേശീയവും മുനിസിപ്പലുമായവ ഉൾപ്പെടെ സാർവത്രികവും തുല്യവും നേരിട്ടുള്ളതും രഹസ്യവുമായ വോട്ടവകാശം.(2) മുൻകൈയെടുക്കാനും ഹിതപരിശോധനയ്ക്കും ഉള്ള അവകാശത്തോടുകൂടി ജനങ്ങൾക്ക് നേരിട്ട് നിയമനിർമ്മാണത്തിനുള്ള അവകാശം.(3) സാർവത്രിക സൈനിക പരിശീലനം. സ്ഥിരം സേനയ്ക്കു പകരം ജനകീയ സന്നദ്ധസേന. ജനപ്രതിനിധ സഭയായിരിക്കണം യുദ്ധവും സമാധാനവും സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്.(4)എല്ലാ കരിനിയമങ്ങളും റദ്ദാക്കണം-വിശിഷ്യാ, പത്രങ്ങളെ സംബന്ധിച്ചും സംഘം ചേരുന്നത് സംബന്ധിച്ചും യോഗങ്ങൾ ചേരുന്നത് സംബന്ധിച്ചുമുള്ള കരിനിയമങ്ങൾ.[5] ജനകീയ കോടതികൾ. സൗജന്യമായ നീതി നിർവഹണം.

"ഭരണകൂടത്തിന്റെ ധൈഷണികവും ധാർമികവുമായ അടിസ്ഥാനം എന്ന നിലയിൽ ജർമ്മൻ വർക്കേഴ്സ് പാർടി ആവശ്യപ്പെടുന്നു: "(1) സാർവത്രികവും തുല്യവുമായ പ്രാഥമിക വിദ്യാഭ്യാസം സർക്കാർ ഉറപ്പ് നൽകണം. സാർവത്രികവും നിർബന്ധിതവുമായ സ്ക്കൂൾ പ്രവേശനം. സൗജന്യമായ അധ്യയനം.(2)ശാസ്ത്രത്തിന്റെ സ്വാതന്ത്ര്യം. മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം."

17. ലസ്സാലിയൻ നിർദ്ദേശം എന്ന വിൽഹെം ബ്രാക്കെയുടെ 1873ൽ പ്രസിദ്ധീകരിച്ച ലഘുലേഖയെ സംബന്ധിച്ചാണ് എംഗൽസ് ഇവിടെ സൂചിപ്പിക്കുന്നത്.

18. പ്രുദോന്റെ ദാരിദ്ര്യത്തിന്റെ തത്വശാസ്ത്രം എന്ന കൃതിക്ക് മറുപ

ടിയായി മാർക്സ് എഴുതിയ തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം എന്ന കൃതിയെയാണ് സൂചിപ്പിക്കുന്നത്.

19. ഡെമോക്രാറ്റിസ്ച്ചെസ് വോച്ചെൻബ്ലാറ്റ് (ഡമോക്രാറ്റിക് വീക്കിലി) വിൽഹെം ലീബ്ക് നെഹ്റ്റ് എഡിറ്റ് ചെയ്ത് 1868–69 ൽ ലീപ്സിഗിൽ നിന്ന് പ്രസിദ്ധീകരിച്ചു.

20. ഹെർമൻ റാം–വോൾക്സ്റ്റാറ്റ് എന്ന പത്രത്തിന്റെ എഡിറ്റർമാരിൽ ഒരാൾ.

21. മാർക്സ് എഴുതിയ ഗോഥാപരിപാടിയെക്കുറിച്ചുള്ള വിമർശനത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. 1891 ആദ്യം എംഗൽസ് ഇത് ന്യൂയെ സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. കൗട്സ്കിയുടെ പത്രാധിപത്വത്തിൽ പ്രസിദ്ധീകരിച്ചിരുന്ന, ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റിക് പാർടിയുടെ ഈ സൈദ്ധാന്തിക പ്രസിദ്ധീകരണത്തിൽ കടുത്ത സമ്മർദ്ദം ചെലുത്തിയാണ് എംഗൽസ് ഇത് പ്രസിദ്ധപ്പെടുത്തിയത്.

22. ഈ മൂന്നു പത്രങ്ങളിൽ ആദ്യത്തേത് രണ്ടും സോഷ്യൽ ഡമോക്രാറ്റുകാരുടേയും മൂന്നാമത്തേത് ബൂർഷ്വാസിയുടേയുമാണ്.

23. മാർക്സിന്റെ ഗോഥാപരിപാടിയെക്കുറിച്ചുള്ള വിമർശനം എംഗൽസ് കൗട്സ്ക്കിക്ക് അയച്ചു കൊടുക്കുമ്പോൾ, അത് ന്യൂയെ സൈറ്റിൽ പ്രസിദ്ധീകരിച്ചില്ലെങ്കിൽ വിയന്നയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ആർബിറ്റർ സൈത്തുങ്ങിൽ അത് താൻ പ്രസിദ്ധീകരിക്കുമെന്ന കാര്യം കൗട്സ്ക്കിയെ അറിയിച്ചിരുന്നു.

24. 1845–54 കാലത്ത് അഭിഭാഷകൻ എന്ന നിലയിൽ ലസ്സാൽ കൗണ്ടസ്സ് ഹാറ്റ്സ് ഫെൽഡ്റ്റിന്റെ വിവാഹമോചനക്കേസ് കൈകാര്യം ചെയ്തിരുന്നു.

25. റീഷ്സ്റ്റാഗ് ഗ്രൂപ്പ് : റീഷ്സ്റ്റാഗിലെ സോഷ്യൽ ഡമോക്രാറ്റിക് ഡെപ്യൂട്ടികളുടെ ഗ്രൂപ്പ്.

26. “



27. ജർമ്മൻ സോഷ്യൽ ഡമോക്രാറ്റിക് പാർടിയുടെ കേന്ദ്രമുഖപത്രമായ വോർവാർട്സിൽ (മുന്നോട്ട്)പ്രസിദ്ധീകരിച്ച മുഖ്യലേഖനത്തിൽ(1891 ഫെബ്രുവരി 13) മാർക്സിന്റെ ഗോഥാപരിപാടിയെക്കുറിച്ചുള്ള വിമർശനത്തെ സംബന്ധിച്ച പാർടി എക്സിക്യൂട്ടീവിന്റെ ഔദ്യോഗിക നിലപാട് വ്യക്തമാക്കിയിരുന്നു. ലസ്സാലിനെ സംബന്ധിച്ച മാർക്സിന്റെ വിലയിരുത്തലിനെ ആ ലേഖനം ശക്തിയായി അപലപിക്കുകയും മാർക്സ് വിമർശിച്ചിട്ടുപോലും കരട് പരിപാടി അംഗീകരിച്ചത് പാർടി ഒരു ബഹുമതിയായി കണക്കാക്കുന്നതായി പ്രസ്താവിക്കുകയും ചെയ്തു.

28. എംഗൽസിന്റെ “കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം” എന്ന കൃതിയുടെ നാലാം പതിപ്പിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്.